# യൂണിറ്റി

സോഷ്യലിസ്റ്റ് യൂണിറ്റി സെന്റർ ഓഫ് ഇന്ത്യ (കമ്മ്യൂണിസ്റ്റ്)
SUCI [C]
സംസ്ഥാന കമ്മിറ്റി മുഖപത്രം
ചീഫ് എഡിറ്റർ: ജയ്സൺ ജോസഫ്

ജൂൺ 2025 | വാല്യം 52 ലക്കം 2 — പേജ് 12 | വില 10.00 രൂപ

UNITY Monthly | June 2025 | Volume 52 Issue 2 | Chief Editor: JAISON JOSEPH | Page 16 | Price Rs. 10.00


# ആശാസമരം നിറവേറ്റുന്ന രാഷ്ട്രീയ കടമകൾ

**കൂലിക്കൂടുതലിനും മറ്റവകാശങ്ങൾക്കുമായി തുടക്കം കുറിച്ച ആശമാരുടെ അവകാശപ്പോരാട്ടം അടിസ്ഥാനപരമായി ഒരു തൊഴിലാളി സമരമാണ്. എന്നാൽ ഇന്ന് കേരളീയ സമൂഹത്തെ ആകമാനം സ്പർശിക്കുന്ന ഒരു സാമൂഹ്യ-സാംസ്കാരിക പ്രസ്ഥാനമായി അത് വളർന്നിരിക്കുന്നു. ഒട്ടനവധി സാമൂഹ്യനിരീക്ഷകരും പണ്ഡിതരും ചരിത്രവിദ്യാർത്ഥികളും ഇപ്രകാരം ഒരേസ്വരത്തിൽ ശരിയായി വിലയിരുത്തുന്നു. 130 ദിവസത്തിലധികമായി അണുവിടപോലും തളരാതെ മുന്നേറുന്ന ആശാസമരം നമ്മുടെ സംസ്ഥാനത്തിന്റെ മാത്രമല്ല, രാജ്യത്തിന്റെ തന്നെ രാഷ്ട്രീയ-സാമൂഹ്യ മണ്ഡലത്തിൽ പുരോഗമനത്തിന്റെ ദിശയിൽ സൃഷ്ടിച്ചിട്ടുള്ള സ്വാധീനം അവഗണിക്കാനാവാത്ത അളവിലുള്ളതാണ്.**




കേരള ആശാ ഹെൽത്ത് വർക്കേഴ്സ് അസോസിയേഷൻ ജനറൽ സെക്രട്ടറി എം.എ.ബിന്ദു നയിച്ച രാപകൽ സമരയാത്രയ്ക്ക് സമാപനം കുറിച്ചുകൊണ്ട് സെക്രട്ടേറിയറ്റിലേക്ക് നടന്ന മഹാറാലി.

വാർത്ത 8–ാം പേജിൽ

നമ്മുടെ സംസ്ഥാനത്തിന്റെ ജനാധിപത്യവൽക്കരണ പ്രക്രിയയുടെ ഉദാത്തമായ ദൗത്യമാണ് ഇന്ന് ആശാസമരം നിറവേറ്റുന്നത്. ജാതി-മത-സങ്കുചിത രാഷ്ട്രീയ ഭേദങ്ങൾക്കെല്ലാം അതീതമായി എല്ലാ നല്ല മനുഷ്യരും ആശാസമരം എന്ന വിശാലവേദിയിൽ ഐക്യപ്പെട്ടിരിക്കുന്നു. ഐക്യദാർഢ്യം പ്രകടിപ്പിക്കുക എന്ന കടമയാലൊതുങ്ങുകയല്ല, മറിച്ച് പൊതുസമൂഹം ആശാസമരത്തിൽ അണിചേരുകയാണ്. ഏതെങ്കിലും ഒരു തൊഴിലാളി സമരത്തെ ഇപ്രകാരം പിന്തുണയ്ക്കുകയും അതിന്റെ ഭാഗമാവുകയും ചെയ്യുന്ന ഒരനുഭവവും സംസ്ഥാനത്ത് ഉണ്ടായിട്ടില്ല. കൂലിക്കൂടുതലിനുവേണ്ടിയുള്ള അവകാശസമരം, സ്ത്രീസമൂഹത്തിന്റെ ഉയിർത്തെഴുന്നേൽപ്പായി മാറുന്ന, നീതിയുടെയും നേരിന്റെയും ചേരിയിൽ അടിയുറച്ചു നിൽക്കാൻ ജനങ്ങളെ പ്രേരിപ്പിക്കുന്ന, അങ്ങിനെ അടിമുടി സമൂഹചേതനയെ തട്ടിയുണർത്തുന്ന ഒന്നായി വളർന്നിരിക്കുന്നു. കാവൽശക്തിയായും തിരുത്തൽ ശക്തിയായും ഉയരുകയെന്ന ജനാധിപത്യകടമ നിറവേറ്റാൻ ജനങ്ങളെ പ്രാപ്തരാക്കുകയാണ് ആശാസമരം.

കമ്പോളവ്യവസ്ഥയുടെ അനിവാര്യദുഷ്ഫലങ്ങളിൽ ആണ്ടുമുങ്ങിക്കിടക്കുന്ന സമൂഹത്തിൽ അത് നേരിന്റെയും ധർമ്മത്തിന്റെയും കുളിർവായു പ്രവഹിപ്പിക്കുന്നു. നിരവധി മനുഷ്യരിലേക്ക് ഉയർന്ന സംസ്കാരവും നീതിബോധവും അത് പ്രസരിപ്പിക്കുന്നു. സഹജീവികളുടെ പ്രശ്നങ്ങളോട് മുഖം തിരിച്ചുനിൽക്കുന്ന മുഖ്യപ്രവണതയുള്ള ഒരു സമൂഹത്തിൽ അത് ആർദ്രതയുടെയും കരുണയുടെയും സഹാനുഭൂതിയുടെയും വൈകാരികത ഉണർത്തിയിരിക്കുന്നു. കേരളത്തിന്റെ സമീപകാല ചരിത്രത്തിലൊന്നും കണ്ടിട്ടില്ലാത്തവിധമുള്ള സമരസാഹോദര്യം സംസ്ഥാനമെമ്പാടും രൂപപ്പെട്ടിരിക്കുന്നു. നീതിനിഷേധിക്കപ്പെടുന്ന തികച്ചും ദരിദ്രരായ ഈ സ്ത്രീകളോട് ഹൃദ്യമായ ആദരവും കളങ്കമില്ലാത്ത സ്നേഹവും പ്രഖ്യാപിക്കാൻ അനേകായിരങ്ങൾ മുന്നോട്ടുവരുന്നു. തിരുവനന്തപുരത്തെ സമരകേന്ദ്രത്തിന് ലഭിക്കുന്ന പിന്തുണയും 45 ദിവസം നീണ്ടുനിന്ന രാപകൽ സമരയാത്രയ്ക്ക് ലഭിച്ച വൈകാരികമായ വരവേൽപ്പും പൊതുസമൂഹം ഈ സമരത്തെ നെഞ്ചോട് ചേർത്തുനിർത്തുന്നു എന്നതിന്റെ വിളംബരമായി മാറി.

കേരള ആശാ ഹെൽത്ത് വർക്കേഴ്സ് അസോസിയേഷൻ നയിക്കുന്ന ആശാ സമരം, ഇന്ന് ട്രേഡ് യൂണിയനുകൾക്ക് അതീതമായ വിശാലമായ ഒരു സമരവേദിയായി വളർന്നു കഴിഞ്ഞു. സർക്കാർ പ്രചരിപ്പിക്കുന്നതുപോലെ ഇത് ഒരു വിഭാഗം ആശമാരുടെ സമരമല്ല. കേരളത്തിലെ 26,000 ആശമാരും,

(ശേഷം 7–ാം പേജിൽ)




ഭീകരവാദത്തിനും യുദ്ധഭ്രാന്തിനും വിഭജനതന്ത്രങ്ങൾക്കുമെതിരെ ഇടതു പാർട്ടികളുടെ ആഭിമുഖ്യത്തിൽ മെയ് 13ന് കൽക്കത്തയിൽ നടന്ന റാലി.

# യുഎസ് – ഇസ്രയേൽ യുദ്ധവെറിയന്മാരെ ഒറ്റപ്പെടുത്തുക

*ജൂൺ 22ന് എസ്‌യുസിഐ(സി) ജനറൽ സെക്രട്ടറി സഖാവ് പ്രൊവാഷ് ഘോഷ് പുറപ്പെടുവിച്ച പ്രസ്താവന*

സകല അന്തർദേശീയ നിയമങ്ങളെയും മര്യാദകളെയും ലംഘിച്ചുകൊണ്ടും അന്തർദേശീയ ആണവോർജ ഏജൻസി(IAEA)യുടെ മുന്നറിയിപ്പുകളെ അവഗണിച്ചുകൊണ്ടും സമാധാനകാംക്ഷികളായ ലോക ജനതയുടെ അഭിപ്രായങ്ങളെ അവജ്ഞയോടെ തള്ളിക്കളഞ്ഞുകൊണ്ടും അമേരിക്കൻ സാമ്രാജ്യത്വം ഇറാനുമേൽ നടത്തിയ കിരാതമായ സൈനിക ആക്രമണത്തെ ഞങ്ങൾ ശക്തമായി അപലപിക്കുന്നു.

പൈശാചികശക്തികളായ അമേരിക്കൻ സാമ്രാജ്യത്വം തങ്ങളുടെ ബ്രാഞ്ച് ഓഫീസ് ആയ ഇസ്രയേലിനെ സഹായിച്ചുകൊണ്ടും പ്രേരിപ്പിച്ചുകൊണ്ടും ഗാസയിൽ വംശഹത്യ നടത്തുകയും പാലസ്തീനിലെ നിരപരാധികളും നിസ്സഹായരുമായ ലക്ഷങ്ങളെ കൊന്നൊടുക്കുകയും ചെയ്യുകയാണ്. അതിന് പിന്നാലെ ഇപ്പോൾ ഇറാനുമേൽ യാതൊരു പ്രകോപനവുമില്ലാതെ മാരകമായ സൈനിക ആക്രമണം അഴിച്ചുവിട്ടിരിക്കുകയാണ്. ആ മേഖലയിലാകെ ആധിപത്യം വ്യാപിപ്പിക്കുവാനും മേധാവിത്വപരമായ പദ്ധതി വെല്ലുവിളികളില്ലാതെ ഉറപ്പിച്ചെടുക്കാനുമായി അമേരിക്കയുടെ ആജ്ഞകൾക്ക് മുന്നിൽ ഇറാനെ വിധേയപ്പെടുത്തുവാനും ഉദ്ദേശിച്ചുകൊണ്ടാണീ നീക്കങ്ങൾ. പക്ഷേ ഇറാനിലെ ജനത കാഴ്ചവച്ച ധീരമായ പ്രതിരോധത്തിന്റെ മുന്നിൽ ഈ ഹീനമായ ഗൂഢാലോചന പരാജയപ്പെട്ടുകൊണ്ടിരിക്കുകയാണ്. ഇസ്രയേൽ നടത്തിയ സൈനികാക്രമണത്തിലൂടെ ഇറാനെ തങ്ങളുടെ വരുതിക്കു കൊണ്ടുവരുന്നതിൽ പരാജയപ്പെട്ടതോടെ യുഎസ്, ഇപ്പോൾ ഇറാനെ നേരിട്ട് ആക്രമിച്ചിരിക്കുകയാണ്.

ഇറാനുമേലുള്ള മൃഗീയമായ സൈനിക ആക്രമണം ഉടൻ അവസാനിപ്പിക്കണമെന്ന് അമേരിക്കൻ സാമ്രാജ്യത്വത്തോട് ഞങ്ങൾ ആവശ്യപ്പെടുന്നു. ഞങ്ങളുടെ അഭിപ്രായത്തിൽ ഈ ആക്രമണം ഇറാനെതിരെ മാത്രമുള്ളതല്ല, മുഴുവൻ മനുഷ്യരാശിക്കും ലോകസമാധാനത്തിനും എതിരെയുള്ളതാണ്. പൈശാചികമായ അമേരിക്കൻ സാമ്രാജ്യത്വശക്തികൾ നടത്തുന്ന, കൊടിയ കുറ്റകൃത്യമെന്ന് കണക്കാക്കാവുന്ന ഈ അധിനിവേശയുദ്ധത്തിനെതിരെ അണിനിരക്കാനും പ്രതിഷേധ ശബ്ദമുയർത്താനും ലോകത്തെമ്പാടുമുള്ള സമാധാനകാംക്ഷികളായ ജനങ്ങളോട് ഞങ്ങൾ അഭ്യർത്ഥിക്കുന്നു.■

# സാമ്രാജ്യത്വ – മുതലാളിത്ത ശക്തികൾ സാമ്പത്തിക പ്രതിസന്ധി മറികടക്കാൻ ലോകമെമ്പാടും യുദ്ധം സൃഷ്ടിക്കുന്നു

ഇസ്രയേലും ഈജിപ്തും അതിർത്തി പങ്കിടുന്ന മെഡിറ്ററേനിയൻ കടലിലെ മുനമ്പായ ഗാസയിൽ, ഇന്ന് മനുഷ്യവാസയോഗ്യമായ സ്ഥലങ്ങൾ നന്നേകുറവായിരിക്കുന്നു. 45 കിലോമീറ്റർ നീളവും ശരാശരി 10 കിലോമീറ്റർ വീതിയുമുള്ള ഈ തുണ്ടു ഭൂമിയിലേക്ക് അമേരിക്കൻ പിന്തുണയോടെ ഇസ്രയേൽ കഴിഞ്ഞ 21 മാസമായി ഭീകരമായ സൈനികാക്രമണം നടത്തിക്കൊണ്ടിരിക്കുകയാണ്. നല്ല പച്ചപ്പുള്ള കൃഷിത്തോപ്പുകൾ വെറും മണൽ കൂമ്പാരങ്ങളായിരിക്കുന്ന ഗാസ, റഫാ, ഖാൻ യുനിസ്, ദൈർ അൽ-ബാഷ തുടങ്ങിയ നഗരികൾ കോൺക്രീറ്റ് അവശിഷ്ടമായി മാറി. ആശുപത്രികൾ, സ്കൂളുകൾ ഇവപോലും ബാക്കിയില്ല. ഗതാഗത സൗകര്യങ്ങൾ താറുമാറായി. വൈദ്യുതി വിതരണം നിലവിലുണ്ടായിരുന്നതിന്റെ അഞ്ചു ശതമാനംപോലും ബാക്കിയില്ല. ഇന്ധനം ലഭ്യമല്ലാതായിരിക്കുന്നു. തലങ്ങും വിലങ്ങും സംഹാര ഭാവത്തോടെ പായുന്ന ഇസ്രയേൽ യുദ്ധടാങ്കുകളും വാഹനങ്ങളും വെടിയൊച്ചകളും മാത്രം ബാക്കിയാവുന്നു. ജീവിക്കാൻ നിവൃത്തിയില്ലാതെ ഭക്ഷണത്തിനും വെള്ളത്തിനുംവേണ്ടി യാചിക്കുന്ന മനുഷ്യർ, പ്രത്യേകിച്ച് സ്ത്രീകളും കുട്ടികളും ലോക മനഃസാക്ഷിക്ക് കനത്ത നോവ് ഏൽപ്പിച്ചുകൊണ്ട് അവശേഷിക്കുന്നു.

ബിബിസി റിപ്പോർട്ട് പ്രകാരം ടെന്റുകൾ മാത്രമുള്ള ഒരു വിശാലമായ നഗരം ഗാസാ മുനമ്പിൽ സൃഷ്ടിക്കപ്പെട്ടിരിക്കുകയാണ്. ആയിരക്കണക്കിനാളുകൾ യുഎൻ അഭയകേന്ദ്രങ്ങളിലുണ്ട്. മുനമ്പിലെ ജനസംഖ്യ 2.2 ദശലക്ഷമായിരുന്നു. അതിൽ 1.9 ദശലക്ഷം പേർക്കും സ്വന്തം വാസസ്ഥലങ്ങൾ ഉപേക്ഷിക്കേണ്ടിവന്നു. മൊത്തം ജനസംഖ്യയുടെ 10% മാത്രമാണ് പരിതാപകരമായ അവസ്ഥയിൽ അവരവരുടെ വീടുകളിൽ നരകയാതനകളുമായി ജീവിക്കുന്നത്.

തങ്ങുവാൻ ഇടമില്ലാതെ ക്രൂരന്മാരായ പട്ടാളക്കാരുടെ കണ്ണുവെട്ടിച്ച് കോൺക്രീറ്റ് ശേഷിപ്പുകൾക്കിടയിൽ ഒളിജീവിതം നടത്തുന്ന ധാരാളം സ്ത്രീകളെയും കുട്ടികളെയും മാദ്ധ്യമ പ്രവർത്തകർ കണ്ടെത്തി. ഈജിപ്ഷ്യൻ അതിർത്തിക്കടുത്ത് മെഡിറ്ററേനിയൻ തീരത്ത് അൽ-മവാസി എന്ന കാർഷിക ഭൂമിയിൽ ആയിരക്കണക്കിനാളുകൾ അഭയാർത്ഥികളായി ടെന്റിൽ കഴിയുന്നു. അതിനെ ജനങ്ങളെ തടവിലാക്കുന്ന ഒരു ക്യാമ്പാക്കി ഇസ്രയേൽ മാറ്റിയിരിക്കുകയാണ്. ആദ്യം 72 ചതുരശ്ര കിലോമീറ്റർ വ്യാപ്തിയുണ്ടായിരുന്ന ഈ തുറന്ന ജയിലിന്റെ വ്യാപ്തി 7 ചതുരശ്ര കിലോമീറ്ററായി ഇസ്രയേൽ കുറച്ചു. ജീവൻ രക്ഷിക്കാനായി പരക്കം പായുന്നവർക്ക് ഇവിടെ കടന്നുകൂടുകയല്ലാതെ മറ്റെന്ത് ഗതിയാണുള്ളത്?

**യുഎസ് സാമ്രാജ്യത്വം വിശാലമായ ഭൂപ്രദേശം കൈവശപ്പെടുത്താനും, അതിൽ ആധിപത്യം സ്ഥാപിക്കാനും, പ്രധാനപ്പെട്ട വ്യാപാര പാതകളിൽ നിയന്ത്രണം സ്ഥാപിക്കാനും ആഗ്രഹിക്കുന്നു. ഇതിനായി, പലസ്തീൻ ജനതയെ ആട്ടിപ്പായിച്ച് ഗാസ മുനമ്പ് മനുഷ്യരില്ലാത്ത ഇടമാക്കി മാറ്റാൻ ശ്രമിക്കുന്നു.**

1.8 ദശലക്ഷം ജനങ്ങൾ ഭക്ഷണമില്ലാതെ ഉഴലുകയാണ്. യുദ്ധം ആരംഭിക്കുന്നതിനു മുൻപുതന്നെ ഉപരോധം വഴി ഭക്ഷ്യക്ഷാമം നേരിട്ടിരുന്ന രാജ്യമാണ് പലസ്തീൻ. അന്നത്തേക്കാൾ പോഷകാഹാരക്കുറവ് പത്തിരട്ടി വർദ്ധിച്ചിട്ടുണ്ടെന്ന് അന്തർദേശീയ തലത്തിൽ പട്ടിണിയുടെ സ്ഥിതിവിവരക്കണക്ക് രേഖപ്പെടുത്തുന്ന സംവിധാനമായ ഇന്റഗ്രേറ്റഡ് ഫുഡ് സെക്യൂരിറ്റി ഫേസ് ക്ലാസിഫിക്കേഷൻ(ഐപിസി) പറയുന്നു. ഭക്ഷണ സാധനങ്ങളുടെ സഹായവുമായി എത്തുന്ന ലോറികളെ ഈജിപ്ത് തടയുകയാണ്. ഒരു സമയത്ത് 226 ലോറികൾ പ്രതിദിനം കടന്നുവന്നിടത്ത് കഴിഞ്ഞ ജനുവരി മുതൽ 50 എണ്ണമായി കുറഞ്ഞിരിക്കുന്നു. ലോക ഭക്ഷണ പദ്ധതി (World Food Programme) പ്രകാരം 300 ലോറികൾ എങ്കിലും ഗാസയിൽ എത്തി ഭക്ഷണം വിതരണം നടത്തണം എന്നാണ് ധാരണ. അതിനെ ഇസ്രയേൽ തകിടം മറിക്കുകയാണ്.



ഇറാനുമേൽ അമേരിക്ക നടത്തിയ ആക്രമണത്തിനെതിരെ കൊല്ലത്തു നടന്ന പ്രതിഷേധ പ്രകടനം.

ഉള്ളിക്ക് 4010%വും മുട്ടക്ക് 402%വും പഞ്ചസാരക്ക് 2598%വുമാണ് വിലവർദ്ധനവ്. ഈ വിലയ്ക്ക് ഭക്ഷണ സാധനങ്ങൾ വാങ്ങാൻസാധാരണക്കാരന് പണിയും കൂലിയുമില്ല. കൃഷിഭൂമിയും വ്യവസായവും ഇല്ലാതാക്കപ്പെട്ടിരിക്കുന്നു. കേടുപാടുകൾ അല്ലെങ്കിൽ സാധനങ്ങളുടെയും ഇന്ധനത്തിന്റെയും അഭാവംമൂലം നിരവധി ആരോഗ്യ സംരക്ഷണ സംവിധാനങ്ങൾക്ക് പ്രവർത്തിക്കാനേ കഴിയുന്നില്ല. നിരവധി ആശുപത്രികൾ ഇസ്രയേൽ സൈന്യം റെയ്ഡ് ചെയ്തിട്ടുണ്ട്, ഹമാസ് അവ സൈനിക ആവശ്യങ്ങൾക്കായി ഉപയോഗിച്ചിട്ടുണ്ടെന്ന് ആരോപിച്ചുകൊണ്ട്. ഹമാസും ആശുപത്രി അധികൃതരും ആ ആരോപണം നിഷേധിച്ചു. ഗാസയിലെ ഏറ്റവും വലിയ ആശുപത്രിയായിരുന്ന ഗാസ സിറ്റിയിലെ അൽ-ഷിഫ ആശുപത്രി തകർന്നുകിടക്കുകയാണ്.



ഇറാനുമേൽ അമേരിക്ക നടത്തിയ ആക്രമണത്തിൽ പ്രതിഷേധിച്ച് സെക്രട്ടേറിയറ്റിനുമുന്നിൽ നടന്ന ധർണ്ണ എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) സംസ്ഥാന സെക്രട്ടേറിയറ്റ് അംഗം ആർ.കുമാർ ഉദ്ഘാടനം ചെയ്യുന്നു.

പലസ്തീൻ ഒരു കോൺക്രീറ്റ് കൂമ്പാരമാക്കപ്പെട്ടതിന്റെ കണക്കുകൾ ഞെട്ടിപ്പിക്കുന്നതാണ്. യുണൈറ്റഡ് നേഷൻസിന്റെ ട്രേഡ് ആന്റ് ഡവലപ്മെന്റ് വിഭാഗം (UNCTAD) വെളിപ്പെടുത്തുന്നതു പ്രകാരം യുദ്ധംമൂലമുണ്ടായ നാശനഷ്ടത്തിന്റെ ചെലവ് ഏകദേശം 18.5 ബില്യൺ ഡോളറാണ്- 2022ൽ ഗാസയുടെ മൊത്തം ആഭ്യന്തര ഉൽപ്പാദനത്തിന്റെ(ജിഡിപി) ഏകദേശം ഏഴിരട്ടി. ഒക്ടോബറിൽ, ഒരു വെടിനിർത്തൽ നിലവിൽ വന്നിരുന്നെങ്കിൽപോലും, സമ്പദ്‌വ്യവസ്ഥ 2022ലെ നിലവാരത്തിലേക്ക് പുനർനിർമ്മിക്കാൻ 350 വർഷമെടുക്കുമെന്നതാണ് അവസ്ഥ.

മനുഷ്യരുടെ മരണത്തിനു പുറമേ, ഗാസയിലെ നാശനഷ്ടങ്ങൾ പരിഹരിക്കാൻ വളരെ സമയമെടുക്കുമെന്ന് യുഎൻ പരിസ്ഥിതി വിഭാഗം(യുഎൻഇപി) മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. ജല, ശുചിത്വ സംവിധാനങ്ങളെ “ഏതാണ്ട് പൂർണ്ണമായും പ്രവർത്തനരഹിതം” എന്ന് വിശേഷിപ്പിക്കുകയും ക്യാമ്പുകളിലും ഷെൽട്ടറുകളിലും മാലിന്യങ്ങൾ കുന്നുകൂടുന്നതിനെക്കുറിച്ചും നശിപ്പിക്കപ്പെട്ട സോളാർ പാനലുകളിൽനിന്നും യുദ്ധോപകരണങ്ങളിൽ നിന്നുമുള്ള രാസവസ്തുക്കൾ മണ്ണിനെയും ജലവിതരണത്തെയും മലിനമാക്കാനുള്ള സാധ്യതയെക്കുറിച്ചും മുന്നറിയിപ്പ് നൽകുന്നു. യുദ്ധം വഴി 50 ദശലക്ഷം ടണ്ണിലധികം അവശിഷ്ടങ്ങൾ അടിഞ്ഞുകൂടിയതായി കണക്കാക്കുന്നു. യുദ്ധത്തിന്റെ അവശിഷ്ടങ്ങളും സ്ഫോടകവസ്തുക്കളുടെയും അവശിഷ്ടങ്ങളും നീക്കം ചെയ്യാൻ 21 വർഷമെടുക്കുമെന്ന് യുഎൻഇപി പറയുന്നു. “ഗാസയിലെ ഗണ്യമായതും വർദ്ധിച്ചുവരുന്നതുമായ പാരിസ്ഥിതിക നാശനഷ്ടങ്ങൾ അവിടത്തെ ജനങ്ങളെ വേദനാകരവും നീണ്ടുനിൽക്കുന്നതുമായ ദയനീയതകളിലേക്ക് തള്ളിവിടും”, എക്സിക്യൂട്ടീവ് ഡയറക്ടർ ഇംഗർ ആൻഡേഴ്സൺ പറഞ്ഞു.



ഇറാനുമേൽ അമേരിക്ക നടത്തിയ ആക്രമണത്തിനെതിരെ പത്തനംതിട്ടയിൽ നടന്ന പ്രതിഷേധ യോഗത്തിൽ എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) സംസ്ഥാന സെക്രട്ടേറിയറ്റ് അംഗം എസ്.രാജീവൻ പ്രസംഗിക്കുന്നു.

എന്നാൽ വെടിനിർത്തൽ ഒരു പ്രഹസനമായി. യുദ്ധം വീണ്ടും തുടരുകയാണ്; ഇനിയും നാശം വിതച്ചുകൊണ്ട്. 2025 ജൂൺ 11 ലെ കണക്കനുസരിച്ച്, ഗാസ യുദ്ധത്തിൽ 57,000ത്തിലധികം ആളുകൾ (55,720 പലസ്തീനികളും 1,706 ഇസ്രയേലികളും) കൊല്ലപ്പെട്ടതായി ഗാസ ആരോഗ്യ മന്ത്രാലയം അറിയിച്ചു. 180 മാധ്യമപ്രവർത്തകരും, 120 അക്കാദമിക് വിദഗ്ധരും, 224 ജീവകാരുണ്യ പ്രവർത്തകരും ഇതിൽ ഉൾപ്പെടുന്നു. ഇതിൽ യുണൈറ്റഡ് നേഷൻസ് റിലീഫ് ആന്റ് വർക്ക്സ് ഏജൻസി(UNRWA)യുടെ 179 ജീവനക്കാരും ഉൾപ്പെടുന്നു.

അമേരിക്കയുടെനേതൃത്വത്തിൽ സാമ്രാജ്യത്വ-മുതലാളിത്ത ശക്തികൾ അവരുടെ സാമ്പത്തിക പ്രതിസന്ധി ഒഴിവാക്കാൻ യുദ്ധം സൃഷ്ടിക്കുകയാണ്. അതേ കാരണത്താൽ,ഇന്ന് പലസ്തീൻകൊടിയ ആക്രമണത്തിന് വിധേയമായിരിക്കുന്നു. പലസ്തീനിനെതിരായ യുദ്ധം യുഎസ് സാമ്രാജ്യത്വത്തിന് ആവശ്യമാണ്. കാരണം യുദ്ധത്തിന് ആയുധങ്ങൾ ആവശ്യമാണ്. അമേരിക്ക പലസ്തീനിന് ആയുധങ്ങൾ വിൽക്കും. വളർന്നുവരുന്ന പരിഹരിക്കാനാവാത്ത സാമ്പത്തിക പ്രതിസന്ധിയിൽ മുങ്ങിപ്പോയ യുഎസ് സാമ്രാജ്യത്വത്തിന് സൈനികവൽക്കരണത്തിലൂടെ സമ്പദ്‌വ്യവസ്ഥയെ കൃത്രിമമായി ഉത്തേജിപ്പിക്കുകയല്ലാതെ മറ്റൊരു മാർഗവുമില്ല. കാരണം ആയുധങ്ങൾ ഒഴികെയുള്ള ഒരു വിപണിയും അവർക്ക് ഇന്നില്ല. ഇസ്രയേലിന്റെ സഹായത്തോടെ, യുഎസ് സാമ്രാജ്യത്വം വിശാലമായ ഭൂപ്രദേശം കൈവശപ്പെടുത്താനും, അതിൽ ആധിപത്യം സ്ഥാപിക്കാനും,പ്രധാനപ്പെട്ട വ്യാപാര പാതകളിൽ നിയന്ത്രണം സ്ഥാപിക്കാനും ആഗ്രഹിക്കുന്നു. ഇതിനായി, പലസ്തീൻ ജനതയെ ആട്ടിപ്പായിച്ച് ഗാസ മുനമ്പ് മനുഷ്യരില്ലാത്ത ഇടമാക്കി മാറ്റാൻ ശ്രമിക്കുന്നു. യുഎസ് ഭരണാധികാരികൾ ഗാസയെ ഒരു വിനോദസഞ്ചാര കേന്ദ്രമാക്കി മാറ്റുമെന്ന് പ്രഖ്യാപിച്ചു കഴിഞ്ഞു. വൻതോതിലുള്ള വംശഹത്യക്കുശേഷവും ജീവിച്ചിരിക്കുന്ന പലസ്തീൻ ജനതയെ പുറത്താക്കുകയും അഭയാർത്ഥികളായി മറ്റ് രാജ്യങ്ങളിലേക്ക് അയയ്ക്കുകയും ചെയ്യും. അവർ ഇത് പരസ്യമായി പ്രഖ്യാപിച്ചു. പക്ഷേ, കഷ്ടം! ഇത്രയും ഭീകരമായ യുദ്ധകുറ്റകൃത്യങ്ങൾക്കെതിരെ ഒരു രാജ്യവും പ്രതിഷേധിക്കുന്നില്ല.

ഇന്ത്യയിലെ മുതലാളിത്ത ഭരണകൂടമാകട്ടെ നാടിന്റെ സാമ്രാജ്യത്വവിരുദ്ധ സമരപാരമ്പര്യം പാടെ വെടിഞ്ഞ് സാമ്രാജ്യത്വശക്തികളുമായി കൈകോർക്കുകയാണ്. ആഗോള ഭീകരതയെ നേരിടാനെന്ന കപടന്യായമുന്നയിച്ച് അമേരിക്കയും ഇസ്രയേലുമായി സഖ്യം സ്ഥാപിച്ചിരിക്കുകയാണ്. അവരുടെ പൈശാചിക ചെയ്തികൾക്കെല്ലാം പ്രത്യക്ഷമോ പരോക്ഷമോ ആയ പിന്തുണ നൽകുകയാണ്.സാമ്രാജ്യത്വ വിരുദ്ധശക്തികളുടെയും സമാധാന പ്രേമികളുടെയും ഐക്യം സ്ഥാപിച്ചെടുക്കുക എന്നതുമാത്രമാണ് ഈ സന്ദർഭത്തിൽ അഭിലഷണീയം. ■

# കോർപ്പറേറ്റ് താല്പര്യങ്ങളും അഴിമതിയും രാഷ്ട്രീയ മുതലെടുപ്പും ദുരന്തം വിതയ്ക്കുന്ന ദേശീയപാത വികസനം

**ഏതാനും മാസങ്ങൾക്കുള്ളിൽ മലബാർ മേഖലയിലെ ദേശീയപാത 66ന്റെ ഉദ്ഘാടനം നിർവ്വഹിക്കുമെന്ന് കേരള സർക്കാർ പ്രഖ്യാപിക്കുകയുണ്ടായി. സർക്കാരിന്റെ ദീർഘദൃഷ്ടിയും വികസനപരതയും വിളിച്ചോതുന്ന ഒന്നാണ് ഈ പദ്ധതിയെന്നും അതിന്റെ നിർമ്മാണത്തിന്റ ഓരോ ഘട്ടവും സൂക്ഷ്മ നിരീക്ഷണത്തിലാണെന്നും വകുപ്പുമന്ത്രി ഇടയ്ക്കിടക്ക് പറയുകയും റീലുകൾ ഉൾപ്പടെ പുറത്തുവിടുകയും ചെയ്തു. പക്ഷേ കുറച്ചു ദിവസം മഴ പെയ്തതോടെ ഇതെല്ലാം പാഴ്വാക്കുകളാണെന്ന് തെളിഞ്ഞു.**

**കൊ**ടിയ ആശങ്ക വിതച്ചുകൊണ്ടും ദേശീയ പാതയിലെ യാത്രക്കാരുടെയും പാതയുടെ ഓരങ്ങളിലെ താമസക്കാരെയും ഭയചകിതരാക്കുന്ന വിധത്തിലും 150 സ്ഥലത്തെങ്കിലും പാതയും വശങ്ങളും ഇടിയുകയോ വിള്ളൽ വീഴുകയോ ചെയ്തു. സിമന്റ് തേച്ചും ടാർ ഒഴിച്ചും അവ മറച്ചുവയ്ക്കാൻ ശ്രമിച്ച അധികൃതരുടെ ശ്രമം ഫലം കണ്ടില്ല. പാതനിർമ്മാണം ശാസ്ത്രീയമല്ലെന്നും നിശ്ചിത സമയത്തിനുള്ളിൽ പണി തീർത്തെന്ന വരുത്താനുള്ള കാട്ടിക്കൂട്ടലാണെന്നും സംശയലേശമെന്യേ അഭിപ്രായമുണ്ടായി. 45 മീറ്ററിൽ പണിയുന്ന ബിഒടി ടോൾ പാതയുടെ കയ്പുനിറഞ്ഞ യാഥാർത്ഥ്യങ്ങൾ കേരള സമൂഹത്തിന് ബോദ്ധ്യമാവുകയാണ്.

## പാരിസ്ഥിതിക വിഷയങ്ങൾ കണക്കിലെടുക്കാതെയുള്ള പാത നിർമ്മാണം

എൻ എച്ച് 66 കടന്നുപോകുന്ന കാസറഗോഡ്, കണ്ണൂർ, കോഴിക്കോട്, മലപ്പുറം, തൃശ്ശൂർ, എറണാകുളം, ആലപ്പുഴ, കൊല്ലം, തിരുവനന്തപുരം എന്നീ ജില്ലകളിലെല്ലാം നിർമ്മാണംകഴിഞ്ഞെന്നുപ്രഖ്യാപിച്ചിടത്തും നിർമ്മാണം നടക്കുന്നയിടങ്ങളിലും ആക്ഷേപങ്ങൾ ഉയരുകയാണ്. റോഡ് വീണ്ടുകീറുമെന്നും പാലങ്ങൾ തകരുമെന്നും വശങ്ങളിലെ തിട്ടകൾ ഇടിഞ്ഞു വീഴുമെന്നുമൊക്കെയുള്ള ആധിയാണ് ഏവർക്കും. പാതയും സർവ്വീസ് റോഡും വൻതോതിൽ ഇടിഞ്ഞമർന്ന മലപ്പുറത്തെ കൂരിയാടിൽ നിലവിലുള്ള നിർമ്മാണമാകെ പൊളിച്ചുമാറ്റി തൂണുകളിലൂടെ പുതിയ പാത തീർക്കാനാണ് കേന്ദ്രസർക്കാർ തീരുമാനം. ഇതു മാത്രം മതിയോ? കണ്ണൂരിലെ പുല്ലൂപ്പിയിൽ കണ്ടൽ കാടുകൾ വെട്ടിമാറ്റി വെള്ളമൊഴുക്ക് തടഞ്ഞുനിർത്തി കിഴക്കുനിന്നുള്ള പെയ്ത്തുവെള്ളം ഒഴുകിപ്പോകാതെ വെള്ളപ്പൊക്കം സൃഷ്ടിക്കുന്ന ഒരു അണക്കെട്ടുപോലെ റോഡ് മാറി. വയൽക്കിളികളെ നിശ്ശബ്ദരാക്കി വയൽ നികത്തി ഉണ്ടാക്കുന്ന റോഡും ആദ്യഘട്ടം പൂർത്തിയായപ്പോൾ ഇടിഞ്ഞു തുടങ്ങി. നിർമ്മിച്ച 14 കലുങ്കുകളും അപര്യാപ്തമായി. പല കുന്നുകളും മലകളും കുത്തനെ ചെത്തിയെടുത്ത് കുഴിച്ച് സോയിൽ നെയിലിംഗ് നടത്തി ഉണ്ടാക്കിയ റോഡുകളുടെ വശങ്ങളിൽ നിന്നും വേനലിൽപോലും നിർത്താതെ റോഡിലേക്ക് വെള്ളം ചീറ്റുകയാണ്. പലയിടങ്ങളിലും സിമന്റും കമ്പിയും പാളിയായി ഇടിഞ്ഞു വീഴുന്നു. കാസർഗോട്ടെ വീരമല, മട്ടലായി, തെക്കിൻ വളവ്, ബെവിഞ്ച തുടങ്ങിയ സ്ഥലങ്ങൾ, കോഴിക്കോട് കൊയിലാണ്ടിയിലെ കുന്നമല, മലപ്പുറത്തെ യൂണിവേഴ്സിറ്റി, വളാഞ്ചേരി എന്നിവ മാത്രമല്ല കേരളമെമ്പാടും വൻതോതിൽ വശങ്ങളിലെ ഭിത്തികൾ ഇടിഞ്ഞു വീണേക്കാം. ഇപ്പോൾ ചെയ്തിരിക്കുന്ന സോയിൽ നെയിലിംഗ് തീരെ അപര്യാപ്തമാണെന്ന് വിദഗ്ധർ അഭിപ്രായപ്പെടുന്നു. ഭൂമി ഇങ്ങനെ വെട്ടി കുഴിക്കാതെയും ഉയരത്തിൽ മൺ തിട്ടയുണ്ടാക്കാതെയും നീരൊഴുക്കിനു തടസ്സം വരുത്താതെ "വയാഡക്ടുകൾ" ഉണ്ടാക്കി റോഡ് നിർമ്മിക്കാൻ നിരവധി വിദഗ്ധർ ആവശ്യപ്പെട്ടിരുന്നു. അത് നിർമ്മാണ കമ്പനികളുടെ താത്പര്യാർത്ഥം ദേശീയപാത അതോറിട്ടി നിരാകരിച്ചതിന്റെ തിക്താനുഭവങ്ങളാണ് ഇന്ന് നേരിടുന്നത്. പരിസ്ഥിതി ലോലമായ തീരപ്രദേശത്തെ തെരുവുകളെയും വ്യാപാരങ്ങളെയും ഉപജീവന മാർഗ്ഗങ്ങളെയും തകർത്തെറിഞ്ഞ് കേരളത്തെ രണ്ടായി പകുത്ത് പരിസ്ഥിതി ആഘാത പഠനം തീരെ നടത്താതെയുള്ള നിർമ്മാണമാണ് ഇത്രയും വലിയ പാരിസ്ഥിതിക പ്രശ്നങ്ങൾ ഉണ്ടാക്കുവാൻ ഇട വരുത്തിയത്.

## പാതയുണ്ടാക്കുന്ന സാമൂഹിക ആഘാതം

കേരളത്തെ നെടുകെ പിളർക്കുന്ന ഒരു മതിലോ കിടങ്ങോ ആയി ദേശീയപാത മാറി. കേരളം വടക്കു തെക്കായി 580 കിലോമീറ്റർ നീളവും ശരാശരി 50 കിലോമീറ്റർ വീതിയുമുള്ള തീരദേശ സംസ്ഥാനമാണ്. ജനനിബിഡമായ ഈ പ്രദേശത്തിന്റെ സാമൂഹിക ജീവിതത്തെ വെട്ടിമുറിച്ചുകൊണ്ടാണ് പുതിയ പാത വരുന്നത്. നിർബ്ബന്ധമായും ചെയ്യേണ്ട ഫീസിബിലിറ്റി റിപ്പോർട്ട്, ഡീറ്റേൽഡ് പ്രോജക്ട് റിപ്പോർട്ട് (DPR) ഇവയൊന്നും ചർച്ച ചെയ്യാൻ സർക്കാർ കൂട്ടാക്കിയില്ല. ആയിരക്കണക്കിന് ചെറിയ റോഡുകൾ തുടർച്ചയില്ലാതെ സർവ്വീസ് റോഡിൽ അവസാനിപ്പിക്കേണ്ടി വന്നു. 7 മീറ്റർ വീതമുള്ള സർവീസ് റോഡുകൾ രണ്ടുവശത്തും ഉണ്ടാകേണ്ടതിനു പകരമായി 5 മീറ്റർ വീതിപോലും പലയിടത്തും ഇല്ല. റോഡിനു നേരെ എതിർവശത്തുള്ള ജനസേവന കേന്ദ്രത്തിലേക്കോ സ്കൂളിലേക്കോ ആശുപത്രിയിലേക്കോ നടന്നു പോയിരുന്നവർക്ക് 5 കിലോമീറ്റർ വരെ വാഹനം പിടിച്ച് അണ്ടർപാസുകൾവഴി പോകേണ്ടിവരുന്നു. ജനങ്ങൾ വിട്ടുകൊടുത്ത ഭൂമിയിൽ പണിത റോഡിൽ അവരുടെ സൈക്കിൾ, മോട്ടോർസൈക്കിൾ, ഓട്ടോറിക്ഷ ഇവ നിരോധിച്ച ബോർഡുകൾ വന്നു കഴിഞ്ഞു. വീടുകളിൽനിന്നോ സ്ഥാപനങ്ങളിൽ നിന്നോ സർവ്വീസ് റോഡിൽ വാഹനം കടക്കാൻ വഴി വേണമെങ്കിൽ പോലും 5 ലക്ഷത്തോളം രൂപ കൊടുത്ത് പ്രത്യേക അനുമതി തേടണം. യാത്രാസൗകര്യം മെച്ചപ്പെടുത്താനെന്നപേരിൽ വന്ന റോഡ് സാധാരണക്കാരന്റെ യാത്ര തടയുന്ന "അക്സസ് കൺട്രോൾഡ് ഗേറ്റ് വേ" ആയി മാറ്റിയത് ഇങ്ങനെയാണ്. ഒരോ നാൽപ്പത് കിലോമീറ്ററിലും ടോൾബൂത്തുകൾ വരുമെന്നായിരുന്നു ആദ്യം പറഞ്ഞിരുന്നത്. എന്നാലിപ്പോൾ ടോൾബൂത്തുകളിലെ വാഹനക്കുരുക്ക് ഒഴിവാക്കാനെന്ന വ്യാജേന ജിപിഎസ്, ഫാസ്റ്റാഗ്, ഓട്ടോമാറ്റിക് നമ്പർപ്ലേറ്റ് റെക്കഗ്നിഷൻ എന്നിവ വഴി വാഹന ഉടമയുടെ ബാങ്ക് അക്കൗണ്ടിൽനിന്ന് ടോൾ കമ്പനിക്ക് പണം ചോർത്താനുള്ള സംവിധാനം യമുനാ എക്സ്പ്രസ്സ് വേയിൽ നടപ്പാക്കിക്കഴിഞ്ഞു. അത് രാജ്യം മുഴുവൻ ഉടൻ വ്യാപിപ്പിക്കുമെന്ന് കേന്ദ്ര ഉപരിതലഗതാഗത മന്ത്രി നിതിൻ ഗഡ്ഗരി പ്രഖ്യാപിച്ചുകഴിഞ്ഞു. വർഷംതോറും ഭീമമായി ടോൾനിരക്ക് വർദ്ധിപ്പിക്കുന്നത് ഉപഭോക്താവ് അറിയുകപോലുമില്ല എന്നുചുരുക്കം.



## പാത നിർമ്മാണത്തിലെ കൊടിയ അഴിമതി

വലിയ അഴിമതിക്കാണ് പുതിയ ബിഒടി സമ്പ്രദായം അരങ്ങൊരുക്കിയത്. ഒരു ഉദാഹരണത്തിലൂടെ ഇത് വ്യക്തമാക്കാം. ദേശീയപാത 66ൽ അഴിയൂർ മുതൽ വെങ്ങളംവരെയുള്ള 40.8 കിലോമീറ്റർ റീച്ചിലെ റോഡ് നിർമ്മാണ കമ്പനി അദാനിയുടേതാണ്. അന്ന് റോഡ് നിർമ്മാണത്തിന് അദാനി എൻറർപ്രൈസസുമായി കരാറുണ്ടാക്കിയത് 1938.1 കോടി രൂപയ്ക്കാണ്. ആ ടെണ്ടർ തുക തന്നെ വലിയ ചോദ്യമുയർത്തി. ഈ പണവും പലിശയും അദാനിക്ക് വേറൊരു കമ്പനി ടോൾ പിരിച്ച് 30 വർഷം കൊണ്ട് നൽകും. അദാനിക്ക് ഇതിന്റെ നിർമ്മാണത്തിനു മുൻപുതന്നെ അടങ്കൽ തുകയുടെ 40% വരുന്ന തുക "വയബിലിറ്റി ഗാപ്പ് ഫണ്ട്" ആയി സർക്കാർ നൽകും. അതായത് ഏതാണ്ട് 800 കോടി രൂപ. പാതയുടെ സബ് കോൺട്രാക്ട് ഏകദേശം 971 കോടിരൂപക്ക് ഏറ്റെടുത്തത് വാഗാഡ് ഇൻഫ്രാപ്രോജക്ട്സ് എന്ന കമ്പനിയാണ്. ഈ വിവരങ്ങൾ എൻഎച്ച്എഐ രേഖകളിലൊന്നുമില്ല എന്നാണ് പുതിയ വിവരം. ഏതൊരു കോർപ്പറേറ്റും വർക്ക് ഏറ്റെടുക്കണമെങ്കിൽ 40% ലാഭമെങ്കിലും വേണം എന്നാണ് പറയപ്പെടുന്നത്. അതായത്, കമ്പനി ഈ റീച്ചിൽ പാതയിൽ മുടക്കുന്നത് 550 കോടിയിൽ താഴെയാവും. അപ്പോൾ 1935 കോടി എന്ന തുകതന്നെ ഏറ്റവും ഉയർന്ന എസ്റ്റിമേറ്റാണെന്നും 800 കോടി രൂപ മുടക്കി ഇതിനെക്കാൾ നല്ല രീതിയിൽ സർക്കാരിനുതന്നെ റോഡ് ബിഒടി കൂടാതെ പണിയാമായിരുന്നു എന്നതും വ്യക്തമാണ്. പൊളിഞ്ഞുവീണ റോഡിൽ ആവശ്യത്തിന് കമ്പിയും സിമന്റും ഇല്ലായിരുന്നുവെന്നും സോയിൽ ടെസ്റ്റ് നടന്നില്ലെന്നും മറ്റും പുറത്തുവരുമ്പോൾ എന്താണ് നമുക്ക് ഊഹിക്കാൻ കഴിയുക. ഈ 40 കിലോമീറ്റർ റോഡിൽ 1400 കോടിയിലധികം രൂപയുടെ അഴിമതി നടന്നെങ്കിൽ കേരളത്തിലെ 628 കിലോമീറ്ററിൽ എത്ര ആയിരം കോടിയുടെ അഴിമതി നടന്നിരിക്കും? ഇതാണ് ബിഒടിയുടെ പരിഷ്ക്കരിച്ച പതിപ്പായ ആന്യൂറ്റി ബിഒടി മോഡിന്റെ കള്ളക്കളി. ഡിപിആർ തയ്യാറാക്കുന്നത് ഒരു കോർപ്പറേറ്റ് കമ്പനി, കരാറെടുക്കുന്നവരല്ല നിർമ്മിക്കുക, നിർമ്മിക്കുന്നവരല്ല ടോൾ പിരിക്കുക. കാര്യനിർവ്വഹണത്തിലാകട്ടെ കോർപ്പറേറ്റ് ക്വട്ടേഷൻ ടീമും. ഇതാണ് പുതിയ കോർപ്പറേറ്റ് മോഡൽ വികസനം.

ദേശീയപാത വികസനപദ്ധതിയിൽ കരാറെടുത്ത കമ്പനിയും ബിജെപിയും തമ്മിലുള്ള സാമ്പത്തിക ഇടപാടുകൾ പുറത്തുവരികയാണ്. മേഘാ എഞ്ചിനീയറിംഗ് ആന്റ് ഇൻഫ്രാസ്ട്രക്ച്ചർ കമ്പനി ലിമിറ്റഡ് നീലേശ്വരംമുതൽ തളിപ്പറമ്പുവരെയുള്ള 40.11 കി.മി റീച്ചിന്റെ കരാറുകാരാണ്. മേഘയും അനുബന്ധ കമ്പനികളും ചേർന്ന് 714 കോടി രൂപ ഇലക്ടൽ ബോണ്ടായി ബിജെപിക്ക് നൽകിയെന്ന വിവരവും പുറത്തുവന്നിരിക്കുന്നു(അവലംബം, മലയാള മനോരമ, 2029 ജൂൺ 19).

## ദേശീയപാത ക്രമക്കേടിൽ സംസ്ഥാന സർക്കാരിനു പങ്കുണ്ടോ?

ദേശീയപാതയാണെങ്കിലും രാജാവിനേക്കാൾ വലിയ രാജഭക്തിയോടെ ബിഒടിക്കായി സിപിഐ(എം)ഉം സംഘവും വാദിച്ചു. 30 മീറ്ററിൽ 4 വരിപ്പാത ബിഒടി വ്യവസ്ഥയില്ലാതെ നടപ്പിലാക്കാം എന്ന് മുമ്പ് സർവ്വകക്ഷിയോഗം കൂടി തീരുമാനിച്ചിരുന്നു. അത് പിന്നീട് ബിഒടി ലോബികളുടെ ഇടപെടലിൽ അട്ടിമറിക്കപ്പെട്ടു. അനാവശ്യ കുടിയൊഴിപ്പിക്കൽ ഒഴിവാക്കിയും പുതിയ സ്ഥലം ഏറ്റെടുക്കാതെയും നിലവിലുള്ള ദേശീയപാത 30 മീറ്ററിൽ നാലോ ആറോ വരിയായി വികസിപ്പിക്കാനും പാതക്ക് മുകളിലൂടെ ആവശ്യമായ സ്ഥലങ്ങളിൽ തൂണികളിലൂടെയും പാത നിർമ്മിച്ച് വരുന്ന 50 വർഷത്തേക്കുകൂടി ഉപയോഗിക്കാൻ പാകത്തിൽ ഫലത്തിൽ 10 വരിപ്പാത നിർമ്മിക്കാം എന്നാണ് അക്കാലത്ത് എൻഎച്ച് 17 ആക്ഷൻ കൗൺസിൽ നിർദ്ദേശിച്ചത്. ദേശീയപാത ജനങ്ങൾക്ക് വിട്ടുനൽകണമെന്നും ടോളും ബിഒടിയും ഒഴിവാക്കണമെന്നുമായിരുന്നു സമര സമിതിയുടെ നിലപാട്. സിപിഐ(എം) ഒരു കാലത്തും ഈ വിഷയത്തിൽ സുതാര്യമായ ഒരു നിലപാട് എടുത്തിരുന്നില്ല. ജന

(ശേഷം 4–ാം പേജിൽ)

# കേരളതീരത്തെ കപ്പലപകടം: കപ്പൽ കമ്പനിയെ രക്ഷിക്കുന്ന പിണറായി ഭരണം

ഇക്കഴിഞ്ഞ മെയ് 25ന് ആലപ്പുഴയ്ക്ക് സമീപം തോട്ടപ്പള്ളി സ്പിൽവേയിൽ നിന്ന് കേവലം 14.6 നോട്ടിക്കൽ മൈൽ (27 കിലോമീറ്റർ) അകലെ എംഎൽസി എൽസ -3 എന്ന കണ്ടെയ്നർ വാഹിനിക്കപ്പൽ മുങ്ങി. വിഴിഞ്ഞം തുറമുഖത്ത് നിന്ന് കൊച്ചിയിലേക്ക് തിരിച്ച കപ്പലിൽ കടൽ ജീവനകൾക്കും മനുഷ്യജീവനും പരിസ്ഥിതിക്കും ഹാനികരമായ രാസവസ്തുക്കൾ അടങ്ങിയ കണ്ടെയ്നറുകളായിരുന്നു ഉണ്ടായിരുന്നത്. ആകെയുണ്ടായിരുന്ന 643 കണ്ടെയ്നറുകളിൽ 61 എണ്ണം കടലിലേക്ക് പതിച്ചു. 51 എണ്ണത്തിൽ ഉണ്ടായിരുന്ന കാർഗോ മുഴുവൻ കടലിൽ പരന്ന് തെക്കൻ കേരളതീരത്താകെ അടിയുകയും ചെയ്തു. മാരകമായ രാസവസ്തുക്കളുള്ള കണ്ടെയ്നറുകൾ മുങ്ങിയ കപ്പലിനോടൊപ്പം 50 മീറ്റർ താഴെ കടലിലുണ്ട്. എപ്പോൾ വേണമെങ്കിലുംചോർന്ന് അവ കടലിൽ പരക്കാം.

തൃശ്ശൂർ മുതൽ തെക്കോട്ടുള്ള ഭാഗത്തെ മത്സ്യബന്ധനത്തെയാകെ ഈ അപകടം ബാധിച്ചു. കടലിലൊഴുകി നടന്ന അവശിഷ്ടങ്ങളിടിച്ച് ബോട്ടുകൾ തകരാറിലായി. മാരകമായ വിഷവസ്തുക്കൾ കടലിൽ പരന്നിരിക്കുന്നു എന്ന സംശയത്തോടെ ജനങ്ങൾ മത്സ്യം ഭക്ഷിക്കുന്നത് ഒഴിവാക്കി. അതോടെ മത്സ്യബന്ധനവും മത്സ്യവിപണനവും ഏതാണ്ട് നിലച്ചു. പതിനായിരക്കണക്കിനാളുകളുടെ വരുമാനത്തെയും അതു ബാധിച്ചു. കടലിനും കടലോര പരിസ്ഥിതിക്കുമുണ്ടായ നഷ്ടമാവട്ടെ വമ്പിച്ചതും.

ഇത്തരത്തിൽ കേരളത്തെ ഗുരുതരമായി ബാധിച്ച ഒരു വിഷയത്തെ കേരള സർക്കാർ കൈകാര്യം ചെയ്തത് ജനതാത്പര്യത്തിനുവിരുദ്ധമായാണ്. ഏതൊരു കപ്പൽ അപകടത്തിലും പ്രാഥമികമായി ചെയ്യേണ്ട കാര്യങ്ങൾ പോലും അധികാരികൾ ചെയ്തില്ല. പ്രഥമദൃഷ്ട്യാ തന്നെ ദുരൂഹതകൾ നിറഞ്ഞ ഈ അപകടത്തിൽ ഉടനടി കേസ് രജിസ്റ്റർ ചെയ്യേണ്ടിയിരുന്നതാണ്. പക്ഷേ കുറ്റകരമായ അനാസ്ഥയെന്നു വിശേഷിപ്പിക്കാവുന്ന വിധത്തിലാണ് സർക്കാർ പെരുമാറിയത്. കമ്പനിക്കെതിരെ കേസെടുക്കേണ്ടതില്ല എന്നാണ് പിണറായി സർക്കാർ തീരുമാനിച്ചത്. മെയ് 29ന് സർക്കാർ തീരുമാനം ചീഫ് സെക്രട്ടറിയുടെ കുറിപ്പായി പുറത്തുവന്നു. എംഎസ്‌സി എന്നത് കേരളത്തിൽ ഇടപാടു നടത്തുന്ന പ്രശസ്തിയാർജ്ജിച്ച ഒരു കപ്പൽക്കമ്പനിയാണെന്നും അവരുടെ സഹകരണം വിഴിഞ്ഞം തുറമുഖപദ്ധതിക്ക് അനിവാര്യമാണെന്നും അതിനാൽ അവർക്കെതിരെ കേസെടുക്കേണ്ടതില്ല എന്നുമായിരുന്നു സർക്കാർ തീരുമാനം. കുറ്റവാളിക്ക് ഔദ്യോഗികസംരക്ഷണം നൽകുന്ന നടപടിയായിരുന്നു അത്. എംഎസ്‌സി എന്ന ആഗോളതലത്തിൽ കുപ്രസിദ്ധിയാർജിച്ച, നിരവധി രാജ്യങ്ങളിൽ ക്രിമിനൽ കേസുകൾ നേരിടുന്ന കുത്തകഭീമൻ കമ്പനിക്ക് പ്രശസ്തിപത്രം സമ്മാനിച്ചിരിക്കുകയാണ് പിണറായി സർക്കാർ.

കണ്ടെയ്നർ കപ്പലുകളുടെ ശരാശരി സർവീസ്കാലം 25 വർഷമായിരിക്കെ ഈ മുങ്ങിയ കപ്പലിന് 28 വർഷം പഴക്കമുണ്ട്. കൂടാതെ, കപ്പൽ സഞ്ചരിച്ച 14.6 നോട്ടിക്കൽ മൈൽ എന്നത് ചരക്കുകപ്പൽ പാതയും അല്ലായിരുന്നു എന്നതും ശ്രദ്ധേയമാണ്. കപ്പലിന് കാര്യമായ തകരാറുണ്ടായിരുന്ന കാര്യം കമ്പനിക്ക് ബോധ്യമുണ്ടായിരുന്നു എന്നതുകൊണ്ട് ഈ യാത്രയോടെ കപ്പൽ പൊളിക്കാൻ അവർ തീരുമാനിച്ചിരുന്നു എന്നാണ് അറിയുന്നത്. ഇക്കാര്യമെല്ലാം ഉറപ്പു വരുത്തേണ്ട ചുമതല വിഴിഞ്ഞം തുറമുഖത്തിന് ഉണ്ടായിരുന്നുതാനും. കണ്ടെയ്നറുകളിൽ ഉണ്ടായിരുന്ന വസ്തുക്കളുടെ വിവരവും അതു സൃഷ്ടിക്കാവുന്ന പ്രശ്നങ്ങളെന്താണെന്നും പ്രസിദ്ധപ്പെടുത്തണമെന്നും കോടതി ആവശ്യപ്പെട്ടിട്ടും ഇതേവരെ സർക്കാർ ചെയ്തിട്ടില്ല. അതിൽനിന്ന് എന്താണ് ധരിക്കേണ്ടത്? ഈ വിവരമെല്ലാം തുറമുഖ കസ്റ്റംസിന്റെ വിരൽത്തുമ്പിൽ ലഭ്യമാകേണ്ടതാണ്. അവരിൽനിന്ന് അതു ലഭ്യമല്ലെങ്കിൽ ആശങ്കാജനകമായ ഒരു സാഹചര്യമാണ് വെളിപ്പെടുന്നത്. വിഴിഞ്ഞം തുറമുഖത്തെ കസ്റ്റംസ് സംവിധാനത്തെപ്പറ്റി വിശദമായ വെളിപ്പെടുത്തലുകൾ ആവശ്യമാണ് എന്നതാണ് ഇതെല്ലാം കാണിക്കുന്നത്.



അദാനിയുടെ തുറമുഖങ്ങളിൽ 49% വരെ നിക്ഷേപമുള്ള കൂട്ടു കമ്പനിയാണ് എംഎസ്‌സി.അദാനിയെ സ്വന്തം പാർട്ണർ എന്നു വിശേഷിപ്പിച്ച പിണറായി സർക്കാർ കൈക്കൊണ്ട നിലപാട്'സ്വാഭാവികം', 'പ്രതിജ്ഞാബദ്ധം' എന്നൊക്കെയെ വിശേഷിപ്പിക്കാനാവൂ. കേസെടുക്കേണ്ടത് കേന്ദ്രസർക്കാരാണ് എന്നാണ് സർക്കാരിന്റെ ഈ നിലപാടിനെതിരെ വ്യാപകമായ പ്രതിഷേധം ഉയർന്നുവന്നപ്പോൾ സംസ്ഥാന തുറമുഖമന്ത്രി പറഞ്ഞത്. കേന്ദ്ര ഷിപ്പിങ്കാര്യ ഡയറക്ടറുമായി നടന്ന ചർച്ചക്ക് ശേഷമാണ് കേസെടുക്കേണ്ടെന്ന തീരുമാനം സംസ്ഥാനസർക്കാർ എടുത്തത് എന്ന കാര്യം മന്ത്രി ഓർക്കാതെ പറഞ്ഞതാണെന്ന് കരുതണോ? 200 നോട്ടിക്കൽ മൈലിനുള്ളിലുണ്ടാവുന്ന ഏതൊരു കുറ്റകൃത്യത്തിന്റെയും പേരിൽ കേസെടുക്കാനുള്ള സമ്പൂർണ അധികാരവും ഉത്തരവാദിത്തവും കേരളസർക്കാരിനാണ്.

പ്രതിഷേധങ്ങളെഅവഗണിച്ച്ഇനിയും മുന്നോട്ട് പോയാൽ ക്രിമിനൽ മൂലധനശക്തികളുമായുള്ള കൂട്ടുകെട്ട് കൂടുതൽ വെളിപ്പെടും എന്നുവന്ന സാഹചര്യത്തിൽ മാത്രമാണ് ഒടുവിൽ കേസെടുക്കാൻ സർക്കാർ നിർബന്ധിതമായത്. അപകടം നടന്ന് രണ്ടാഴ്ച്ചക്കുശേഷം പൊടുന്നനവെ അഡ്വക്കേറ്റ് ജനറലിന്റെ ഒരു നിയമോപദേശം വാങ്ങി സിപിഐ(എം) ആലപ്പുഴ ഏരിയക്കമ്മിറ്റി അംഗത്തിന്റെ പരാതി എഴുതി വാങ്ങി തിടുക്കത്തിൽ ഒരു എഫ്ഐആർ ഇടുകയാണുണ്ടായത്. എത്രമാത്രം ഗുരുതരമായ കുറ്റങ്ങളിൽ നിന്നാണ് കമ്പനിയെ രക്ഷിച്ചെടുക്കാൻ ശ്രമിച്ചത് എന്ന് എഫ്ഐആറിൽ പറയുന്ന കാര്യങ്ങളിൽനിന്ന് വായിച്ചെടുക്കാം. കമ്പനിക്കെതിരെ കേസെടുക്കേണ്ടതില്ല എന്ന പ്രഖ്യാപിത നിലപാടുള്ള സർക്കാർ ഈ കേസ് എങ്ങനെ കൈകാര്യം ചെയ്യും എന്നത് ചിന്തനീയമാണ്. കേസെടുക്കാനുണ്ടായ ഈ കാലതാമസം വിലപ്പെട്ട തെളിവുകൾ നശിക്കാനും ദുർബലമാവാനും പ്രതികൾ രക്ഷപ്പെടാനും മതിയായ നഷ്ടപരിഹാരം സംസ്ഥാനത്തിന് ലഭിക്കാനുള്ള സാഹചര്യം ഇല്ലാതാവാനും ഇടയാക്കും.

വിഴിഞ്ഞം തുറമുഖം സൃഷ്ടിക്കുന്ന പാരിസ്ഥിതിക സാമൂഹിക ആഘാതങ്ങളെ പറ്റി ഞങ്ങൾ വിശദമായി മുൻ ലക്കങ്ങളിൽ പ്രതിപാദിച്ചിട്ടുണ്ട്. കേരളത്തിന്റെ വലിയൊരു തീരമേഖല കടലെടുക്കുകയും പതിനായിരക്കണക്കിനു തീരവാസികളുടെ നിത്യവൃത്തിക്കുള്ള മാർഗമില്ലാതാക്കുകയും നൂറുകണക്കിന് വീടുകൾ കടലെടുക്കുകയും ചെയ്തുകൊണ്ടിരിക്കുകയാണ്. അങ്ങനെയൊരു സാഹചര്യത്തിൽ ഇത്തരത്തിലൊരു അപകടത്തെ വളരെ ഗൗരവത്തിലെടുക്കേണ്ട സർക്കാർ തന്നെ, ജനതാല്പര്യത്തിനെതിരെ നിലകൊള്ളുകയാണ്. ■

## ദുരന്തം വിതയ്ക്കുന്ന ദേശീയപാത വികസനം

(3–ാം പേജിൽ നിന്ന്)

കീയസമരത്തെ അനുകൂലിച്ചതുമില്ല. ബിഒടി പാതയാണ് വികസനം എന്നാണവർ പ്രചരിപ്പിച്ചത്. ബിഒടി അടിസ്ഥാനത്തിൽ മണ്ണുത്തി മുതൽ ഇടപ്പള്ളി വരെയുള്ള പാത നിർമ്മിച്ച് പാലിയേക്കരയിൽ ടോൾ പിരിക്കാൻ തുടങ്ങിയപ്പോൾ ജനങ്ങൾക്ക് മറ്റൊരു കാര്യം മനസ്സിലായി. അങ്കമാലി മണ്ണുത്തി റീച്ചിലെ പാതയുടെ നിർമ്മാണത്തിന് 278 കോടി രൂപയാണ് യഥാർഥ ചെലവ് ആ റീച്ച് ഇടപ്പള്ളി വരെ നീട്ടിക്കൊടുത്തപ്പോൾ ഒരു പുതിയ പാലവും എയർപോർട്ട് ജംഗ്ഷനും വികസിപ്പിച്ചു എന്ന പേരിൽ ഇടപ്പള്ളി വരെ ടോൾ വാങ്ങാനുള്ള അനുമതി നൽകിക്കൊണ്ട് നിർമ്മാണ ചെലവ് 720 കോടിയാക്കി പുനർവ്യാഖ്യാനം ചെയ്തു. സർക്കാർ നിർമ്മിച്ച അങ്കമാലി ചേർത്തല നാലുവരിപ്പായിലെ 26 കിലോമീറ്റർ റോഡുകൂടി ബിഒടിയുടെ പരിധിയിലാക്കി ടോളും ഏർപ്പെടുത്തി. മെയിന്റനൻസ് 30 വർഷം ചെയ്യേണ്ടത് കമ്പനിയുടെ ചെലവിലാണ്. എന്നാൽ അവർക്ക് ചെലവ് കൂടി എന്ന കാരണം



കാണിച്ച് 2 വർഷം കൂടി (2028 വരെ) ടോൾ പിരിക്കാനുള്ള അധികാരം നൽകി. വീണ്ടും അഞ്ച് മേൽപ്പാലങ്ങളുടെ കൂടി പണിനടക്കുകയാണ്. അതിന്റെ പേരിൽ എത്രവർഷങ്ങൾകൂടി കമ്പനിക്ക് ജനങ്ങളെ കൊള്ളയടിക്കാൻ കാലാവധി നീട്ടിനൽകുമെന്ന് ആർക്കറിയാം? തങ്ങൾ ഇപ്പോൾ 2000 കോടി രൂപ ടോൾ വകയിൽ പിരിച്ചു എന്നാണ് കമ്പനിയുടെ പ്രഖ്യാപനം. എന്നാൽ ശരിക്കും എത്ര രൂപ പിരിച്ചെടുത്തിട്ടുണ്ടാവും. കോർപ്പറേറ്റ് കമ്പനികളുടെ പ്രഖ്യാപനങ്ങൾ നാം വെള്ളം തൊടാതെ വിഴുങ്ങണമോ?

ധൃതിപിടിച്ച് റോഡ് യാഥാർത്ഥ്യമാക്കി, വരുന്ന തെരഞ്ഞെടുപ്പുകൾക്ക് മുതൽ കൂട്ടുവാനുള്ള കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ഗൂഢനീക്കമാണോ ഈ വീഴ്ചകൾക്കു കാരണം ? കോർപ്പറേറ്റുവൽക്കരണത്തിന്റെ അനന്തരഫലമാണിത് എന്നുപറയേണ്ടി വരും. സംസ്ഥാന സർക്കാരിന് ഇതിൽ നിന്നും തലയൂരാൻ കഴിയുമോ? ജനങ്ങളെ ഭീഷണിപ്പെടുത്തിയും തല്ലിച്ചതച്ചും ഇതിനായി ഭൂമി തട്ടിപ്പറിച്ച് നൽകിയത് കേരളമല്ലേ? നിർമ്മാണത്തിന്റെ ഓരോ ഘട്ടത്തിലെയും വിവരങ്ങൾ കേരളത്തിലെ ദേശീയ പാതയുടെ ചുമതലയുള്ള മന്ത്രിയുടെ മേശപ്പുറത്ത് എത്തിയതല്ലേ? നിർമ്മാണ പിഴവ് പരിശോധിക്കാനുള്ള ബാദ്ധ്യത ആ വകുപ്പിനില്ലേ? കോൺട്രാക്ടുകൾ മാറ്റിമാറ്റിക്കൊടുത്ത് നിർമ്മാണം തകരാറിലാക്കുന്നതും വലിയ അഴിമതി നടത്തുന്നതുമായ കമ്പനികളുടെ തട്ടിപ്പുകളിൽ ഇടപെടാനും കേരള സർക്കാരിന് ആവില്ലേ? ദുരന്തനിവാരണ അതോറിട്ടി ഉൾപ്പെടെ പഞ്ചപുച്ഛമടക്കി ഇതിനെല്ലാം കൂട്ടുനിന്നില്ലേ? തുടങ്ങിയ ചോദ്യങ്ങൾ ഇവിടെ പ്രസക്തമാവുകയാണ്. സ്വകാര്യ മുതലാളിമാരെ ഏൽപ്പിച്ചാലേ എല്ലാം ശരിയാവൂ എന്ന് വാചാടോപം നടത്തുന്നവർക്കുള്ള ശക്തമായ താക്കീതാണിത്.

ദേശീയപാതകൾ കേവലം കെട്ടുകാഴ്ചകളല്ലെന്ന യാഥാർത്ഥ്യം ഭരിക്കുന്നവർ മറന്നുപോകരുത്. ഒരു നാടിന്റെ നിലനിൽപ്പിന്റെയും ജനതയുടെ ഉപജീവനത്തിന്റെയും അതിജീവനത്തിന്റെയും അടിസ്ഥാന ഉപാധികൂടിയാണത്. പാതയുടെ ഓരങ്ങളിൽനിന്നും അടിച്ചിറക്കപ്പെട്ട സാധാരണ വ്യാപാരികളും കുടുംബങ്ങളുമൊക്കെ ഈ പാതയുടെ ഗുണഭോക്താക്കളാവരുതെന്ന പ്രതികാരബുദ്ധികൂടി നിഴലിക്കുന്നുണ്ട് ഈ നിർമ്മാണ രീതിയും നടത്തിപ്പും കാണുമ്പോൾ. ആ ലക്ഷ്യത്തോടെ നടത്തപ്പെട്ട ചില അതിരുകടന്ന പിടിവാശികളും കോർപ്പറേറ്റ് ലാഭതാൽപ്പര്യങ്ങളും ചേർന്ന് ഭയാനകമായ ഒരു പര്യവസാനത്തിലേയ്ക്കാണ് ഇതിനെ എത്തിച്ചിരിക്കുന്നത്. ഈ നാടിന്റെ പ്രകൃതിയും സാമൂഹിക സാഹചര്യങ്ങളും തലമുറകളുടെ ആവശ്യങ്ങളും പരിഗണിച്ച് അവധാനതയോടെയുള്ള ശാസ്ത്രീയമായനിർമ്മാണരീതികളും ഉത്തരവാദിത്തപൂർണ്ണമായ പദ്ധതിനടത്തിപ്പും അവലംബിച്ചാലാണ് യഥാർത്ഥ പാത വികസനവും നാടിന്റെ വികസനവും സാധ്യമാകുക. അല്ലാതെയുള്ള ഏതൊരു നിർമ്മാണവും വികസനമല്ല വിനാശമാണ് എന്ന യാഥാർത്ഥ്യം ഈ അനുഭവങ്ങളുടെ പശ്ചാത്തലത്തിൽ ഭരണാധികാരികളെ നാം പഠിപ്പിക്കേണ്ടിയിരിക്കുന്നു. ■

# ഏകീകൃത പെൻഷൻ പദ്ധതി എന്ന പുതിയ തട്ടിപ്പ്

**ഇന്ത്യയിൽ, പ്രോവിഡന്റ് ഫണ്ടും പെൻഷനും അല്ലാതെ മറ്റൊരു സാമൂഹിക സുരക്ഷാ പദ്ധതിയും ഇല്ല. രാജ്യത്തെ തൊഴിലാളികളുടെ 7% മാത്രം വരുന്ന സംഘടിതമേഖലയിലെ ജീവനക്കാർക്കും തൊഴിലാളികൾക്കും മാത്രമേ ഈ സൗകര്യങ്ങൾ ലഭ്യമാകുന്നുമുള്ളൂ. ഫാക്ടറി തൊഴിലാളികളെയും പെൻഷൻ പദ്ധതിയിൽ നിന്ന് ഒഴിവാക്കിയിരിക്കുന്നു. സംഘടിത മേഖലയിലെ വ്യാവസായിക തൊഴിലാളികൾക്ക് പ്രോവിഡന്റ് ഫണ്ട് നൽകുന്ന കാര്യത്തിൽ, വ്യവസായ ഉടമകൾ ധാരാളം ക്രമക്കേടുകൾ, വീഴ്ചകൾ, ഫണ്ട് തട്ടിപ്പ് എന്നിവ നടത്തുന്നതായി റിപ്പോർട്ട് ചെയ്യപ്പെടുന്നു.**



ഭരണവർഗം അസംഘടിത മേഖലയിലെ തൊഴിലാളികളുടെ ദുരവസ്ഥയെക്കുറിച്ച് മുതലക്കണ്ണീർ പൊഴിക്കുകയും പലപ്പോഴും ലാഭകരമെന്ന് തോന്നുന്ന ചില നിർദ്ദേശങ്ങൾ അവരുടെ ആനുകൂല്യങ്ങൾക്കായി മുന്നോട്ടുവെയ്ക്കുകയും ചെയ്യുന്നുവെങ്കിലും, അവ കൂടുതലും കടലാസിൽ മാത്രം അവശേഷിക്കുന്നു. അസംഘടിത മേഖലയിലെ തൊഴിലാളികളെല്ലാം താൽക്കാലിക തൊഴിലാളികളാണ്, കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവരാണ്. അവർക്ക് നൽകേണ്ട തുച്ഛമായ വേതനംപോലും കൃത്യസമയത്ത് വിതരണം ചെയ്യുന്നില്ല. കരാറുകാരുടെ കമ്മീഷൻ കുറച്ചതിനുശേഷം മാത്രം ശമ്പളം നൽകുന്നു. സ്ത്രീകൾക്ക് പലപ്പോഴും പുരുഷ തൊഴിലാളികളേക്കാൾ കുറഞ്ഞ വേതനം മാത്രമേ ലഭിക്കുന്നുള്ളൂ. തൊഴിലാളികളുടെ പേരുകളും മറ്റ് വിശദാംശങ്ങളുമുള്ള ഒരു രജിസ്റ്റർപോലും പലയിടത്തും ഇല്ല. അവരിൽ പലരും കുടിയേറ്റ തൊഴിലാളികളാണ്, അവർ ജോലി തേടി ഒരു സ്ഥലത്തുനിന്ന് മറ്റൊരിടത്തേക്ക് മാറുന്നു. അതിനാൽ, രാജ്യത്തെ തൊഴിലാളിവർഗത്തിന്റെ ഭൂരിഭാഗത്തെയും കുറിച്ച് ഇവിടത്തെ അധികാരിവർഗത്തിന് ഒരു ആശങ്കയുമില്ലെന്ന് വ്യക്തമാണ്.

### തൊഴിൽ ഇടിവും പുറംപണികരാറുകളിലെ വർധനവും, വ്യാപക കരാർ വൽക്കരണവും

മറുവശത്ത്, സംഘടിതമേഖലയിലെ തൊഴിലാളികളുടെ എണ്ണവും ക്രമാനുഗതമായി കുറഞ്ഞുവരികയാണ്. കാരണം പുതിയ നിയമനങ്ങൾ ഇല്ലാതാവുകയും വിരമിക്കൽ നികത്താത്തതിനാൽ തസ്തികകൾ ഒഴിഞ്ഞുകിടക്കുകയും ചെയ്യുന്നു. കൂടാതെ, ഏറ്റവും പുതിയ സാങ്കേതികവിദ്യ ഉപയോഗിച്ച് ജോലികൾ ഓട്ടോമേറ്റ് ചെയ്യുകയും അതുവഴി മനുഷ്യശക്തി കുറയ്ക്കുകയും ചെയ്യുന്നു. കൂടാതെ നിരവധി സ്ഥിരം ജോലികൾ പുറംതൊഴിൽ കരാറിന് നൽകുകയും ചെയ്യുന്നു. കൂടാതെ, റെയിൽവേ, ടെലികോം, മൈനിംഗ്, ബാങ്കിംഗ്, മറ്റു മേഖലകൾ തുടങ്ങിയവയിലെ നിരവധി സർക്കാർ സ്ഥാപനങ്ങൾ സ്വകാര്യ ഓപ്പറേറ്റർമാർക്ക് കൈമാറുന്നു. ഇതിനെത്തുടർന്ന്, ജീവനക്കാർക്കും തൊഴിലാളികൾക്കും സാമൂഹികസുരക്ഷ നൽകുന്നതിന് നിയമപരമായി ചെറിയ ബാധ്യതകൾ മാത്രമേ സർക്കാരിന് അവശേഷിക്കുന്നുള്ളൂ. 2023 മാർച്ച് 31 വരെ കേന്ദ്രസർക്കാരിൽ, അനുവദിച്ച 40 ലക്ഷത്തിലധികം തസ്തികകളിൽ 9.7 ലക്ഷത്തിലധികം, അതായത് ഏകദേശം 24% ഒഴിവുണ്ടായിരുന്നു. 2023ലെ മഴക്കാല സമ്മേളനത്തിൽ രാജ്യസഭയിലും ലോക്സഭയിലും നൽകിയ വിവരങ്ങൾ പ്രകാരമാണിത്. പ്രതിരോധമേഖലയിൽ മാത്രം 3 ലക്ഷത്തിലധികം സിവിലിയൻ തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നു. ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ വിധിന്യായങ്ങൾ ലംഘിച്ചുകൊണ്ട് ഈ ജോലികളെല്ലാം കരാർ, കാഷ്വൽ തൊഴിൽ മുതലായവയിലൂടെ ഔട്ട്സോഴ്സ് ചെയ്യുകയോ സ്വകാര്യവൽക്കരിക്കുകയോ ചെയ്യുന്നു. രാജ്യത്തുടനീളമുള്ള സർവകലാശാലകളിൽ ഏകദേശം 5,400 അധ്യാപക തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നു. നാലുവർഷത്തെ ഹ്രസ്വസേവനത്തിനുശേഷം വിരമിക്കുന്നവർക്ക് പെൻഷൻ നിഷേധിക്കുന്നതിനായി കൊണ്ടുവന്ന അത്തരം പദ്ധതികളിൽ ഒന്നാണ് അഗ്നിവീർ.

ഇതാണ് ഇന്നത്തെ മുതലാളിത്ത ഇന്ത്യയുടെ പ്രവർത്തന സാഹചര്യം. ഇവിടെ ഏതാനും അതിസമ്പന്നർ അമ്പരപ്പിക്കുന്ന വേഗതയിൽ അഭിവൃദ്ധി പ്രാപിക്കുകയും, അധ്വാനിക്കുന്ന തൊഴിലാളികൾ വേഗത്തിൽ നാശത്തിലേക്ക് നയിക്കപ്പെടുകയും ചെയ്യുന്നു.

### പെൻഷൻ കരിനിഴലിൽ

2025 മാർച്ച് 19ന് കേന്ദ്ര സർക്കാർ പുറത്തിറക്കിയ ഗസറ്റ് വിജ്ഞാപനത്തിലൂടെ, 2025 ഏപ്രിൽ 1 മുതൽ പ്രാബല്യത്തിൽ വരുന്ന ഏകീകൃത പെൻഷൻ പദ്ധതി (യുപിഎസ്) നടപ്പിലാക്കുന്നതിനുള്ള ചട്ടങ്ങൾ പ്രഖ്യാപിച്ചു. നിലവിൽ ദേശീയ പെൻഷൻ പദ്ധതിയിൽ (എൻപിഎസ്) ഉൾപ്പെട്ടിരിക്കുന്ന എല്ലാ കേന്ദ്രസർക്കാർ ജീവനക്കാർക്കും ഈ പുതിയ പദ്ധതിയിൽ ചേരാനുള്ള അവസരം ഇത് നൽകുന്നു. എൻപിഎസിന് കീഴിൽ വരുന്ന കേന്ദ്ര സർക്കാർ ജീവനക്കാർക്കായി ഇന്ത്യാ ഗവൺമെന്റ് 2025 ജനുവരി 24 ന് പുറത്തിറക്കിയ യുപിഎസ് വിജ്ഞാപനത്തെ തുടർന്നാണിത്. ഏകീകൃത പെൻഷൻ പദ്ധതി (യുപിഎസ്) ഏകദേശം 23 ലക്ഷം കേന്ദ്ര സർക്കാർ ജീവനക്കാരെ ഉൾക്കൊള്ളുമെന്ന് പ്രതീക്ഷിക്കുന്നു. സംസ്ഥാന സർക്കാരുകളും യുപിഎസ് സ്വീകരിച്ചാൽ, യുപിഎസ് ഗുണഭോക്താക്കളുടെ പട്ടിക 90 ലക്ഷം ജീവനക്കാരായി ഉയരും.

2004 ജനുവരി 1ന് അവതരിപ്പിച്ച എൻപിഎസിന് പകരം പഴയ സ്റ്റാറ്റ്യൂട്ടറി പെൻഷൻ പദ്ധതി (ഒപിഎസ്) പുനഃസ്ഥാപിക്കണമെന്ന് രാജ്യത്തുടനീളമുള്ള കേന്ദ്ര-സംസ്ഥാന സർക്കാർ ജീവനക്കാർ വളരെക്കാലമായി ആവശ്യപ്പെട്ടുകൊണ്ടിരിക്കുകയാണ്. എന്നാൽ മുഖ്യധാരാ മാധ്യമങ്ങൾ 'വിപ്ലവകരമായ' ഒന്നായി ചിത്രീകരിക്കുന്ന യുപിഎസുമായി കേന്ദ്രസർക്കാർ ഇപ്പോൾ രംഗത്തെത്തിയിരിക്കുന്നു. കേന്ദ്രസർക്കാർ പറഞ്ഞതനുസരിച്ച്, യുപിഎസിന് കീഴിൽ, വിരമിക്കുന്ന ജീവനക്കാർക്ക് കുറഞ്ഞത് 25 വർഷമെങ്കിലും സേവനകാലാവധിയുണ്ടെങ്കിൽ അവസാന 12 മാസത്തെ സേവനത്തിലെ ശരാശരി അടിസ്ഥാന ശമ്പളത്തിന്റെ 50% അവർക്ക് പ്രതിമാസ പെൻഷൻ ഉറപ്പായും ലഭിക്കും. 25 വർഷത്തിൽ താഴെ സേവനമുള്ള വിരമിക്കുന്ന ജീവനക്കാർക്ക് അവരുടെ സേവനകാലയളവിനെ അടിസ്ഥാനമാക്കി ആനുപാതിക പെൻഷൻ ലഭിക്കും. കുറഞ്ഞത് 10 വർഷമെങ്കിലും ജോലി ചെയ്തവർക്ക് കുറഞ്ഞത് 10,000 രൂപ പെൻഷൻ ലഭ്യമാകും. യുപിഎസിന് കീഴിൽ വിരമിക്കുന്ന ജീവനക്കാർക്ക് ഓരോ ആറ് മാസത്തെയും സേവനത്തിന്, പ്രതിമാസ ശമ്പളത്തിന്റെ പത്തിലൊന്ന് തുകയ്ക്ക് തുല്യമായ തുക ലഭിക്കാൻ അർഹതയുണ്ടെന്നും പറയുന്നു. പെൻഷൻകാരന്റെ മരണശേഷം കുടുംബത്തിന് പെൻഷന്റെ 60% തുടർന്നും ലഭിക്കാൻ യുപിഎസിൽ വ്യവസ്ഥയുണ്ടത്രേ. പക്ഷേ, നിർഭാഗ്യവശാൽ, യാഥാർത്ഥ്യം മറ്റൊന്നാണ്!

### ഏകീകൃത പെൻഷൻ പദ്ധതിയുടെ വിശദാംശങ്ങൾ

യുപിഎസ് അടിസ്ഥാനപരമായി ഒരു പങ്കാളിത്ത പെൻഷൻ പദ്ധതിയാണ്, ഇതിനായി ജീവനക്കാർ അവരുടെ അടിസ്ഥാന ശമ്പളത്തിന്റെയും ഡിഎയുടെയും 10% സംഭാവന ചെയ്യണം, അഥവാ അത്രയും തുക അവരുടെ ശമ്പളത്തിൽനിന്നും സർക്കാർ പിടിച്ചെടുക്കുന്നു. എൻപിഎസിൽ നൽകുന്ന 14 ശതമാനത്തിന് പകരം 18.5% സർക്കാർ യുപിഎസിൽ സംഭാവന ചെയ്യും. പഴയ പെൻഷൻ പദ്ധതിയേക്കാൾ മികച്ചതാണ് യുപിഎസ് എന്ന് സർക്കാർ അവകാശപ്പെടുന്നു. എന്നാൽ വസ്തുതകൾ മറിച്ചാണ്. ഒപിഎസ് പ്രകാരം, ജീവനക്കാരിൽ നിന്ന് ഒരു സംഭാവനയും ആവശ്യമില്ലായിരുന്നു. വിരമിക്കുന്ന ജീവനക്കാർക്ക് അവസാനം വാങ്ങിയ ശമ്പളത്തിന്റെ 50 ശതമാനത്തിന് തുല്യമായ പെൻഷൻ ലഭിച്ചു. വിരമിച്ചയാളുടെ മരണശേഷം നൽകേണ്ട കുടുംബ പെൻഷൻ ലഭിച്ചുകൊണ്ടിരുന്ന പെൻഷന്റെ പകുതിക്ക് തുല്യമാണ്. 80 വയസ്സിനു ശേഷം പെൻഷൻ പരിഷ്കരിക്കുന്നു.

### എൻപിഎസോ യുപിഎസോ ഒപിഎസിന് പകരമാവില്ല

യുപിഎസിലെ മറ്റു ചില വശങ്ങളെക്കുറിച്ച് നമുക്ക് ഇപ്പോൾ ചർച്ച ചെയ്യാം. ഇവിടെ എൻപിഎസുമായി താരതമ്യം ചെയ്ത്, എൻപിഎസിൽ ഇല്ലാത്ത ഉറപ്പുള്ള പെൻഷൻ പഴയ പെൻഷൻ പദ്ധതി പോലെ ഇനി യുപിഎസിലൂടെ ലഭിക്കും എന്നാണ് അവകാശവാദം. അതുകൊണ്ട് നമുക്ക് പഴയ പെൻഷൻ പദ്ധതിയുമായിത്തന്നെ യുപിഎസിനെ താരതമ്യം ചെയ്യേണ്ടതുണ്ട്. പഴയ പെൻഷൻ പദ്ധതി പ്രകാരം, വിരമിക്കുമ്പോൾ 10 വർഷത്തെ സേവനമോ, സ്വമേധയാ വിരമിക്കുമ്പോൾ 20 വർഷത്തെ സേവനമോ ഉള്ള കേന്ദ്ര സർക്കാർ ജീവനക്കാർക്ക് അവരുടെ അവസാന മാസത്തെ ശമ്പളത്തിന്റെ 50% പെൻഷനായി ലഭിക്കാൻ അർഹതയുണ്ടായിരുന്നു. എന്നാൽ, യുപിഎസ് പ്രകാരം, വിരമിച്ചവർക്ക് അവസാന 12 മാസത്തെ സേവനത്തിന്റെ ശരാശരി അടിസ്ഥാന ശമ്പളത്തിന്റെ 50% പെൻഷൻ ലഭിക്കുന്നതിന് 25 വർഷത്തെ സേവനമുണ്ടായിരിക്കണം. അതായത്, യോഗ്യത 20ൽ നിന്ന് 25 വർഷത്തെ സേവനമായി ഉയർത്തിയിരിക്കുന്നു. പെൻഷൻ ആനുകൂല്യം ലഭിക്കുന്നതിന് ഒരാൾക്ക് അഞ്ച് വർഷം കൂടി അധികമായി സേവനം നൽകേണ്ടതുണ്ട്. അതായത്, വിരമിക്കുമ്പോൾ 20 വർഷത്തെ സേവനമുള്ള ഒരു ജീവനക്കാരന് ഒപിഎസിനു കീഴിലുള്ള ശമ്പളത്തിന്റെ 50 ശതമാനത്തിന് പകരം യുപിഎസിനു കീഴിൽ ആനുപാതികമായ കുറഞ്ഞ പെൻഷൻ മാത്രമേ ലഭിക്കൂ. യുപിഎസിനു കീഴിലുള്ള കുടുംബ പെൻഷൻ ജീവിതപങ്കാളിക്ക് മാത്രമേ അനുവദനീയമാകൂ. മാതാപിതാക്കൾ (അവിവാഹിതരായ ജീവനക്കാരുടെ കാര്യത്തിൽ), 25 വയസ്സിന് താഴെയുള്ള ആൺമക്കൾ, ജോലിയില്ലാത്ത അവിവാഹിതരായ പെൺമക്കൾ, ജോലിയില്ലാത്ത വിധവകളായ പെൺമക്കൾ, വികലാംഗരായ ആൺമക്കൾ, പെൺമക്കൾ എന്നിങ്ങനെ പഴയ പെൻഷൻ പദ്ധതിയിൽ ഉൾപ്പെടുന്ന മറ്റ് പ്രസക്തരായ ബന്ധുക്കൾക്ക് ഇത് ബാധകമല്ല.

25 വർഷത്തെ യോഗ്യതാ സേവനകാലാവധിക്കുശേഷം സ്വമേധയാ വിരമിക്കുന്ന കേസുകളിൽ, ജീവനക്കാരൻ യഥാർത്ഥത്തിൽ വിരമിക്കേണ്ടിയിരുന്ന തീയതി മുതൽ മാത്രമേ ഉറപ്പായ പെൻഷൻ ആരംഭിക്കൂ. അതായത്, വിരമിച്ചയാൾക്ക് 60 വയസ്സ് തികയുമ്പോൾ മാത്രമേ പെൻഷൻ ലഭിക്കൂ. ഉദാഹരണത്തിന്, 25 വയസ്സിൽ സർവീസിൽ ചേരുകയും 50 വയസ്സിൽ സ്വമേധയാ വിരമിക്കുകയും ചെയ്യുന്ന ഒരു ജീവനക്കാരന് (25 വർഷത്തെ സേവനം പൂർത്തിയാക്കിയ ശേഷം), പെൻഷൻ ലഭിക്കാൻ 60 വയസ്സ് തികയുന്നതു(10 വർഷത്തിനുശേഷം) വരെ കാത്തിരിക്കേണ്ടിവരും. ഇത് ജീവനക്കാരന് എന്തെങ്കിലും ഗുണം ചെയ്യുമെന്ന് കരുതുന്നുണ്ടോ? വിരമിച്ച ജീവനക്കാരൻ അടുത്ത 10 വർഷത്തേക്ക് പെൻഷൻ ഇല്ലാതെ എങ്ങനെ ജീവിക്കുമെന്നാണ് സർക്കാർ പ്രതീക്ഷിക്കുന്നത്? ഇത് വ്യക്തമായ അനീതിയല്ലേ? അതേസമയം, പഴയ പെൻഷൻ പദ്ധതി പ്രകാരം, സ്വമേധയാ വിരമിക്കുന്ന തീയതി മുതൽ പെൻഷൻ ആരംഭിക്കുന്നു.

### പെൻഷനിൽ വർദ്ധനവുണ്ടാകില്ല

മാത്രമല്ല, ഒപിഎസിൽനിന്ന് വ്യത്യ

*(ശേഷം 6–ാം പേജിൽ)*

# ദേശീയ പെൻഷൻ പദ്ധതിയോ ഏകീകൃത പെൻഷൻ പദ്ധതിയോ സ്റ്റാറ്റ്യൂട്ടറി പെൻഷന് പകരമാകില്ല

(5-ാം പേജിൽ നിന്ന്)

സ്ഥമായി, തുടർന്നുള്ള ശമ്പള കമ്മീഷൻ റിപ്പോർട്ടുകൾ നടപ്പിലാക്കിയതിനുശേഷം പെൻഷൻ പുതുക്കുന്നതിനുള്ള വ്യവസ്ഥ യുപിഎസിലില്ല. നിത്യോപയോഗവസ്തുക്കളുടെ വിലക്കയറ്റം, വാർദ്ധക്യകാലത്തെ പാർപ്പിടത്തിന്റെയും ചികിത്സകളുടെയും ചെലവിലുണ്ടാകുന്ന വർദ്ധന തുടങ്ങിയവ കണക്കിലെടുത്ത്, അസാധാരണമായി കുതിച്ചുയരുന്ന പണപ്പെരുപ്പത്തിന്റെ ഈ കാലഘട്ടത്തിൽ ഇത് വളരെ വിവേചനപരമാണ്. യുപിഎസിൽ, വിരമിച്ച ജീവനക്കാർക്ക് മറ്റ് നയപരമായ മാറ്റങ്ങളോ ഇളവുകളോ, സാമ്പത്തിക ആനുകൂല്യങ്ങളോ, ശേഷം വിരമിച്ചവരുമായുള്ള ഏതെങ്കിലും തുല്യതയോ, അവകാശപ്പെടാൻ കഴിയില്ല. എന്നാൽ, ഒപിഎസിൽ അത്തരം വ്യവസ്ഥകൾ ലഭ്യമാണ്. ഒപിഎസിൽ ലഭ്യമായ കമ്മ്യൂട്ടേഷൻ ആനുകൂല്യം, പുതിയ ശമ്പള കമ്മീഷനുകൾക്ക് ശേഷമുള്ള പെൻഷൻ പരിഷ്കരണം, ഡെത്ത് ഗ്രാറ്റുവിറ്റി എന്നിവ യുപിഎസ് നിഷേധിക്കുന്നു.

യുപിഎസ് പദ്ധതി പ്രകാരം, ജീവനക്കാർ അവരുടെ പ്രതിമാസ അടിസ്ഥാന ശമ്പളത്തിന്റെയും ക്ഷാമബത്തയുടെയും 10% സംഭാവന ചെയ്യും, അഥവാ അവരുടെ ശമ്പളത്തിൽനിന്ന് പിടിച്ചെടുക്കും. ഗവൺമെന്റും അതിന് തുല്യമായ സംഭാവന നൽകും. ഈ മൊത്തം തുക യുപിഎസിലെ 'വ്യക്തിഗത കോർപ്പസ് തുക'യിലേക്ക് ക്രെഡിറ്റ് ചെയ്യപ്പെടും, ഈ തുക 'പെൻഷൻ ഫണ്ട് റെഗുലേറ്ററി ആൻഡ് ഡെവലപ്മെന്റ് അതോറിറ്റി'യിൽ (പിഎഫ്ആർഡിഎ) രജിസ്റ്റർ ചെയ്തിട്ടുള്ള ഏതെങ്കിലും പെൻഷൻ ഫണ്ടുകളിൽ നിക്ഷേപിക്കാനുള്ള ഓപ്ഷനുകൾ ഉണ്ട്. ഇത് 100 ശതമാനവും ഗവൺമെന്റ് സെക്യൂരിറ്റികളിലോ (സ്കീം ജി) അതല്ലെങ്കിൽ മറ്റ് സംശയകരമായ ലൈഫ് സൈക്കിൾ അധിഷ്ഠിത സ്കീമുകളിലോ ആകാം. അത്തരം പദ്ധതികളിൽ, ഉയർന്ന അസ്ഥിരതയുള്ള ഇക്വിറ്റി ഷെയറുകളിലേക്ക് പരമാവധി 25% എക്സ്പോഷർ അനുവദനീയമാണ്. അല്ലെങ്കിൽ പരമാവധി എക്സ്പോഷർ 50% ആയി പരിമിതപ്പെടുത്തിയിരിക്കുന്ന മോഡറേറ്റ് ലൈഫ് സൈക്കിൾ ഫണ്ടുകളിൽ. അതായത്, നിക്ഷേപിച്ച 'വ്യക്തിഗത കോർപ്പസി'ൽ നിന്നുള്ള വരുമാനം, നടത്തിയ നിക്ഷേപ തരങ്ങളെ ആശ്രയിച്ചിരിക്കും. അതിനാൽ, ഒരു ഡാമോക്ലിസ് വാൾ എപ്പോഴും മേലേ തൂങ്ങിക്കിടക്കുന്നു. കാരണം, ഊഹക്കച്ചവടത്തിൽ അധിഷ്ഠിതമായ ഓഹരി വിപണി തകർന്നാൽ അത് മുഴുവൻ നിക്ഷേപവും ഇല്ലാതാക്കാൻ സാധ്യതയുണ്ട്. വിരമിക്കുന്ന സമയത്ത് വ്യക്തിഗത കോർപ്പസിലെ നിക്ഷേപത്തിന്റെ മൂല്യം അനുസരിച്ചാണ് യുപിഎസിലും പെൻഷൻ നിശ്ചയിക്കപ്പെടുക. ഇനി, ഒരു ജീവനക്കാരൻ സർവ്വീസിൽ നിന്നും രാജിവെച്ചാലോ, അയാളെ പിരിച്ചുവിട്ടാലോ, പെൻഷനോ ആനുകൂല്യങ്ങളോ നൽകുന്നതു പോയിട്ട് അതുവരെ അയാളുടെ ശമ്പളത്തിൽനിന്നും പിടിച്ചെടുത്ത തുക പോലും അയാൾക്കു തിരികെ നൽകാൻ യുപിഎസിൽ വ്യവസ്ഥയില്ല.

## പൂൾ ഫണ്ട് എന്ന ദുരൂഹത

ശ്രദ്ധിക്കേണ്ട മറ്റൊന്നാണ് പൊതുവായ പൂൾ ഫണ്ട് എന്നത്. പൂൾ ഫണ്ടുകളുടെ മറ്റൊരു സവിശേഷത കൂടിയുണ്ട്, അൽപ്പം സാങ്കേതികമാണെങ്കിലും അത് ശ്രദ്ധിക്കേണ്ടതാണ്. യുപിഎസ് തിരഞ്ഞെടുക്കുന്ന എല്ലാ ജീവനക്കാരുടെയും അടിസ്ഥാന ശമ്പളത്തിന്റെയും ക്ഷാമബത്തയുടേയും ആകെത്തുകയുടെ 8.5% എന്ന കണക്കിൽ, കേന്ദ്രസർക്കാർ നൽകേണ്ട ഒരു അധിക സംഭാവനയാണിത്. ഇത് പെൻഷൻ നൽകുന്നതിനുള്ള പ്രത്യേക പൊതുഫണ്ടായാണ് നിലനിർത്തുന്നത്. ഒരു ജീവനക്കാരന്റെ വിരമിക്കൽ അല്ലെങ്കിൽ സ്വമേധയാ വിരമിക്കൽ സമയങ്ങളിൽ വ്യക്തിഗത കോർപ്പസിൽ നിന്നുള്ള തുക ഈ പൂൾ കോർപ്പസിലേക്ക് മാറ്റണം. ഉറപ്പായ പൂർണപെൻഷന് യോഗ്യത നേടുന്നതിന്, വിരമിച്ചയാളുടെ 'വ്യക്തിഗത കോർപ്പസ്' പിഎഫ്ആർഡിഎ നിശ്ചയിച്ചിട്ടുള്ള ബെഞ്ച്

> **1972 (2021)ലെ സിസിഎസ് (പെൻഷൻ) നിയമങ്ങൾ പ്രകാരം ഉറപ്പുനൽകുന്ന പെൻഷൻ, ജീവനക്കാരുടെ മൗലികാവകാശമാണ്. വിലക്കയറ്റവും മെഡിക്കൽ, ഭവന ചെലവുകളും വർദ്ധിക്കുന്നതും ജീവിതത്തിൽ നാശം വിതയ്ക്കുമ്പോൾ, പെൻഷൻ വാർദ്ധക്യത്തിൽ ഒരുതരം സാമ്പത്തിക സുരക്ഷ അവർക്ക് നൽകുന്നു. സുപ്രീം കോടതി പോലും പെൻഷൻ ഒരു സാമൂഹിക ക്ഷേമ നടപടിയാണെന്ന് അഭിപ്രായപ്പെട്ടിട്ടുണ്ട്.**

മാർക്ക് കോർപ്പസിന് തുല്യമായിരിക്കണം. 'വ്യക്തിഗത കോർപ്പസിന്റെ' മൂല്യം ആ സമയത്ത് ബെഞ്ച്മാർക്ക് കോർപ്പസിന്റെ മൂല്യത്തേക്കാൾ കുറവാണെങ്കിൽ, സൂപ്പർആനുവേഷൻ അല്ലെങ്കിൽ വിരമിക്കൽ സമയത്ത് അവരുടെ ഉറപ്പായ പെൻഷൻ ആനുപാതികമായി കുറയ്ക്കും. അല്ലെങ്കിൽ കുറവുള്ള തുക സബ്സ്ക്രൈബർ നികത്തണം. വ്യക്തമായും, ഇവിടെ ബെഞ്ച്മാർക്ക് കോർപ്പസിന്റെ നിർണ്ണയത്തിൽ യുപിഎസ് വരിക്കാർക്ക് യാതൊരു നിയന്ത്രണവും ഉണ്ടായിരിക്കില്ല. വാസ്തവത്തിൽ, 'വ്യക്തിഗത കോർപ്പസുമായി' താരതമ്യപ്പെടുത്തുന്നതിനുള്ള ബെഞ്ച്മാർക്ക് കോർപ്പസ് പിഎഫ്ആർഡിഎ നിർണ്ണയിക്കും. യോഗ്യതാ സേവനത്തിന്റെ കാലാവധിയിലെ ഓരോ മാസത്തേക്കും തൊഴിലുടമയുടെയും ജീവനക്കാരന്റെയും ബാധകമായ സംഭാവനകൾ പതിവായി സമയബന്ധിതമായി സ്വീകരിക്കുന്നതിന്റെയും, ഡിഫോൾട്ട് പാറ്റേണിൽ നിക്ഷേപിക്കുന്നതിന്റെയും അടിസ്ഥാനത്തിലാണ് ഇത് കണക്കാക്കുന്നത്. ബെഞ്ച്മാർക്ക് കോർപ്പസിന്റെ കണക്കുകൂട്ടൽ ഏകപക്ഷീയവും ജീവനക്കാരുടെ താൽപ്പര്യത്തിന് വിരുദ്ധവുമാണ്. ഒരു ഉദാഹരണത്തിലൂടെ നമുക്കിത് എളുപ്പത്തിൽ മനസ്സിലാക്കാം.

ഒരു ജീവനക്കാരന് വിരമിക്കുന്നതിന് മുമ്പുള്ള അവസാന 12 മാസത്തെ ശരാശരി പ്രതിമാസ അടിസ്ഥാന ശമ്പളം 1,50,000 രൂപയാണെന്ന് കരുതുക. ജീവനക്കാരന്റെ ബെഞ്ച്മാർക്ക് കോർപ്പസ് നിശ്ചയിച്ചിരിക്കുന്നത് 1 കോടി രൂപയെന്ന് കരുതുക. വ്യക്തിഗത കോർപ്പസും 1 കോടി രൂപയാണെങ്കിൽ, പ്രതിമാസ പെൻഷൻ 75,000 രൂപയും ഒപ്പം ആനുപാതിക ഡിയർനെസ് റിലീഫും ആയിരിക്കും. പക്ഷേ, വ്യക്തിഗത കോർപ്പസ് ബെഞ്ച്മാർക്ക് കോർപ്പസിന്റെ 80% മാത്രമാണെങ്കിൽ (അതായത് 80 ലക്ഷം രൂപ), ജീവനക്കാരൻ സ്വന്തം കൈയ്യിൽ നിന്ന് 20 ലക്ഷം രൂപ പൂൾ കോർപ്പസിലേക്ക് നൽകി ഈ വിടവു നികത്തുന്നില്ലെങ്കിൽ, പ്രതിമാസ പെൻഷൻ 60,000 രൂപയും ആനുപാതിക ഡിയർനെസ് റിലീഫും ആയി കുറയ്ക്കും. ഒരു ജീവനക്കാരൻ തന്റെ സർവീസ് കാലാവധിയുടെ അവസാന ഘട്ടത്തിൽ, ഈ ബെഞ്ച്മാർക്ക് കോർപ്പസ് പരിധി പാലിക്കുന്നതിനായി എങ്ങനെ പണം കണ്ടെത്തുമെന്നാണ് പ്രതീക്ഷിക്കുന്നത്?

മാത്രമല്ല, ഈ മാനദണ്ഡം നിശ്ചയിക്കുന്നത് ജീവനക്കാരുടെ കൈകളിലല്ല. ബെഞ്ച്മാർക്ക് ആവശ്യകത നിറവേറ്റുന്നതിനുള്ള വ്യക്തിഗത കോർപ്പസിന്റെ കുറവ് അവരുടെ വിരമിക്കലാനന്തര പെൻഷനെ പ്രതികൂലമായി ബാധിക്കും. പഴയ പെൻഷൻ പദ്ധതിയിൽ, യോഗ്യതയുള്ള സേവനം പൂർത്തിയാക്കിയ ശേഷം പൂർണ്ണ പെൻഷൻലഭിക്കുന്നതിൽഇത്തരത്തിൽയാതൊരു മാനദണ്ഡങ്ങളും അടിച്ചേൽപ്പിച്ചിരുന്നില്ല. 2004 ജനുവരി 01ന് അടൽ ബിഹാരി വാജ്പേയിയുടെ നേതൃത്വത്തിലുള്ള അന്നത്തെ ബിജെപി സർക്കാരാണ് ദേശീയ പെൻഷൻ പദ്ധതി അല്ലെങ്കിൽ എൻപിഎസ് അവതരിപ്പിച്ചതെന്നതും നമുക്ക് ഓർമ്മിക്കാം. ലോകബാങ്കിന്റെയും അന്താരാഷ്ട്ര നാണയ നിധിയുടെയും നിർദ്ദേശപ്രകാരം പെൻഷൻ ബിൽ വെട്ടിക്കുറയ്ക്കുക എന്ന ഉദ്ദേശ്യത്തോടെയാണ് ഇത് ചെയ്തത്. രണ്ട് പതിറ്റാണ്ടുകൾക്ക് ശേഷം, എൻപിഎസിൽ വിരമിക്കുന്ന ജീവനക്കാർക്ക് ഒപിഎസ് പ്രകാരം ലഭിക്കുമായിരുന്നതിനേക്കാൾ എത്രയോ കുറഞ്ഞ പെൻഷനാണ് ഇപ്പോൾ ലഭിക്കുന്നതെന്ന് ഡാറ്റ കാണിക്കുന്നു. അതേ വാദഗതികളൊക്കെത്തന്നെ വീണ്ടുമുയർത്തി, നിലവിലെ ബിജെപി സർക്കാർ ഇപ്പോൾ യുപിഎസ് നടപ്പിലാക്കാൻ പോകുന്നു.

## ഉപസംഹാരം

1972 (2021)ലെ സിസിഎസ് (പെൻഷൻ) നിയമങ്ങൾ പ്രകാരം ഉറപ്പുനൽകുന്ന പെൻഷൻ, ജീവനക്കാരുടെ മൗലികാവകാശമാണ്. വിലക്കയറ്റവും മെഡിക്കൽ, ഭവന ചെലവുകളും വർദ്ധിക്കുന്നതും ജീവിതത്തിൽ നാശം വിതയ്ക്കുമ്പോൾ, പെൻഷൻ വാർദ്ധക്യത്തിൽ ഒരുതരം സാമ്പത്തിക സുരക്ഷ അവർക്ക് നൽകുന്നു. ഇന്ത്യയിലെ സുപ്രീംകോടതി പോലും പെൻഷൻ ഒരു സാമൂഹികക്ഷേമ നടപടിയാണെന്ന് അഭിപ്രായപ്പെട്ടിട്ടുണ്ട്. ജീവിതത്തിന്റെ പ്രതാപകാലത്ത് തൊഴിലുടമയ്ക്ക് വേണ്ടി നിരന്തരം അധ്വാനിച്ചവർക്ക്, വാർദ്ധക്യത്തിൽ അവർ പട്ടിണിയിലാകില്ലെന്ന് ഉറപ്പ് നൽകുന്നതാണ് പെൻഷൻ. വലിയ ലാഭം ഉണ്ടാക്കുന്ന കോർപ്പറേറ്റുകൾക്കും അതിശയകരമാംവിധം ഉയർന്ന വരുമാനമുള്ള, ഉയർന്ന ആസ്തിയുള്ള വ്യക്തികൾക്കും ഉയർന്ന നിരക്കിലുള്ള നികുതി ചുമത്തി വരുമാനം വർദ്ധിപ്പിക്കേണ്ടത് കേന്ദ്രസർക്കാരിന്റെ ഉത്തരവാദിത്തമാണ്. 2023-24 സാമ്പത്തിക വർഷത്തിൽ ഇന്ത്യയിലെ കോർപ്പറേറ്റുകളുടെ ലാഭം 15 വർഷത്തെ ഏറ്റവും ഉയർന്ന നിലയിലെത്തി. നിഫ്റ്റി 500 കമ്പനികളുടെ ലാഭ-ജിഡിപി അനുപാതം 4.8 ആയി. 2008 സാമ്പത്തികവർഷത്തിനു ശേഷമുള്ള ഏറ്റവും ഉയർന്ന നിരക്കാണിത്. എന്നിരുന്നാലും, ലാഭത്തിലുണ്ടായ ഈ അസാധാരണ കുതിച്ചുചാട്ടം ആനുപാതികമായ വേതന വളർച്ചയിലേക്ക് നയിച്ചില്ല. തൊഴിലവസരങ്ങൾ 1.5% മാത്രം വർദ്ധിച്ചപ്പോൾ ലാഭം 22.3% വർദ്ധിച്ചു.

എന്നാൽ എൻപിഎസ് അല്ലെങ്കിൽ യുപിഎസ് പോലുള്ള പങ്കാളിത്ത പെൻഷൻ സംവിധാനങ്ങൾ ഉപയോഗിച്ച് ജീവനക്കാരുടെയും തൊഴിലാളികളുടെയും മേൽ ഭാരം അടിച്ചേൽപ്പിക്കുന്നത് അവരോട് അനീതി കാണിക്കുന്നതിന് തുല്യമാണ്. റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ കണക്കനുസരിച്ച്, 2023-24ൽ വിവിധ സംസ്ഥാനങ്ങളുടെയും കേന്ദ്രഭരണ പ്രദേശങ്ങളുടെയും പെൻഷനുള്ള മൊത്തം ബജറ്റ് എസ്റ്റിമേറ്റ് 5,22,105.4 കോടി രൂപയായിരുന്നു, ഇത് അവരുടെ മൊത്തം വരുമാനത്തിന്റെ 6% മുതൽ 21% വരെയാണ്. കോർപ്പറേറ്റ് കമ്പനികളും സ്വകാര്യ വ്യവസായങ്ങളും പൊതുമേഖലാ ബാങ്കുകളിൽ നടത്തുന്ന ആയിരക്കണക്കിന് കോടി രൂപയുടെ തട്ടിപ്പുകളെക്കുറിച്ചുള്ള വാർത്തകൾ എല്ലാ ദിവസവും നാം പത്രങ്ങളിൽ കാണുന്നു. ബാങ്കുകൾക്ക് ഇത് തിരിച്ചുപിടിക്കാൻ കഴിയുന്നില്ല. പൊതുമേഖലാ ബാങ്കുകൾ ഉൾപ്പെടെയുള്ള ബാങ്കുകൾ കോർപ്പറേറ്റുകളുടെയും ഉയർന്ന ആസ്തിയുള്ള വ്യക്തികളുടെയും 16 ലക്ഷം കോടിയിലധികം രൂപയിലധികം കുടിശ്ശിക വായ്പകൾ എഴുതിത്തള്ളി. മാത്രമല്ല. പൊതുമേഖലാ ബാങ്കുകൾക്കുണ്ടാകുന്ന നഷ്ടം സർക്കാർ പൊതുഖജനാവിൽനിന്ന് റീകാപ്പിറ്റലൈസേഷൻ (മൂലധനം നൽകൽ) എന്ന രൂപത്തിൽ ഭാഗികമായി നികത്തുന്നു.

2017നും 2023നും ഇടയിൽ, റീകാപ്പിറ്റലൈസേഷൻ ഇനത്തിലെ ചെലവിന്റെ കണക്ക് 3.31 ലക്ഷം കോടി രൂപയായിരുന്നു. കഴിഞ്ഞ വർഷം, അത് 1.3 ലക്ഷം കോടി രൂപയായിരുന്നു. അതിനാൽ, സർക്കാർ മേഖലയിലെ ജീവനക്കാർ ഉൾപ്പെടെയുള്ള സാധാരണക്കാർക്ക് ഇരുവശത്തു നിന്നും നഷ്ടം സംഭവിക്കുന്നു. അതായത്, കോർപ്പറേറ്റ് സ്രാവുകളുടെയും അതിസമ്പന്നരുടെയും വായ്പകൾ തിരിച്ചടയ്ക്കാത്തതിനാൽ ബുദ്ധിമുട്ടുന്ന ബാങ്കുകളെ രക്ഷിക്കാൻ പണം കണ്ടെത്തുന്നതിനായി അവരുടെ പെൻഷൻ വെട്ടിക്കുറയ്ക്കുകയും, അതുപോലെ അവർ അടച്ച നികുതി പുനരുപയോഗം ചെയ്യുകയും ചെയ്യുന്നു. അതിനാൽ, എൻപിഎസ്, യുപിഎസ് എന്നിവ പൂർണ്ണമായും പിൻവലിക്കുകയും പഴയ പെൻഷൻ പദ്ധതി ഉടൻ പുനഃസ്ഥാപിക്കുകയും ചെയ്യുക എന്നതാണ് ആവശ്യം. ശരിയായ, വിപ്ലവകരമായ നേതൃത്വത്തിനു കീഴിൽ ജീവനക്കാരുടെ ഉറച്ച ഐക്യവും അവരുടെ സംഘടിതമായ, സമരോത്സുകമായ ബഹുജനപ്രസ്ഥാനവും വളർത്തിയെടുക്കുന്നതിലൂടെ മാത്രമേ അവരുടെ ന്യായമായ ആവശ്യത്തിന് വഴങ്ങാൻ കേന്ദ്രസർക്കാർ നിർബന്ധിതമാകൂ. ■

ഉറവിടങ്ങൾ: ദി വയർ 01-02-25, PFRDA വിജ്ഞാപനം 19-03-25, ഇക്കണോമിക് ടൈംസ് 20-03-25

# കേരളീയ സമൂഹത്തെ ആകമാനം സ്പർശിക്കുന്ന സാമൂഹ്യ – സാംസ്കാരിക മുന്നേറ്റമായി മാറിയിരിക്കുന്നു ആശാസമരം

*(1–ാം പേജിൽ നിന്ന്)*

ഈ സമരം ഉയർത്തുന്ന ആവശ്യങ്ങളെ ഒരൊറ്റ മനസ്സോടെ അംഗീകരിച്ചിരിക്കുന്നു. അതിനാൽ മുഴുവൻ ആശമാരുടെയും മാൻഡേറ്റ് ആശാസമരത്തിന് നേടാൻ കഴിഞ്ഞിട്ടുണ്ടെന്നത് അനിഷേധ്യമായ വസ്തുതയാണ്. പണിയെടുക്കുന്നവരുടെ ഉരുക്കുപോലുള്ള ഐക്യം ഈ സമരം നേടിക്കഴിഞ്ഞു. എന്തെങ്കിലും കാരണത്താൽ തെരുവിലിറങ്ങാൻ കഴിയാതെ പോകുന്ന ആശമാരും സമരചേരിയിൽ അടിയുറച്ചുനിൽക്കുന്നവരാണെന്ന് ഇനിയെങ്കിലും സർക്കാരിന്റെ ശക്തികൾക്ക് തിരിച്ചറിവ് ഉണ്ടാകണം. കേരളത്തിലെ ആശാ പ്രവർത്തകരിലൊരാളു പോലും ഈ സമരത്തിനെതിരല്ല എന്നും മനസ്സിലാക്കണം. സർക്കാരിന്റെയും സർക്കാരിനെ താങ്ങുന്ന യൂണിയന്റെയും സമചിത്തത നഷ്ടപ്പെട്ട ചെയ്തികളും ഭീഷണികളും ഫലമുണ്ടാക്കുമെന്നത് ഒരു വ്യാമോഹം മാത്രമാണ്. ആശാ സമരം സൃഷ്ടിച്ചിട്ടുള്ള തൊഴിലാളിവർഗ്ഗ സബോധത അത്രമേൽ ആഴമാർന്നതാണ്. വരാനിരിക്കുന്ന നിർണ്ണായകമായ തൊഴിലാളി പ്രക്ഷോഭങ്ങളുടെ ഊർജ്ജഉറവിടമായി ആശാ സമരം മാറുന്നത് അതിനാലാണ്.

നമ്മുടെ നാട്ടിലെ തൊഴിലാളി വിഭാഗത്തെ അസാധാരണമായ നിലയിൽ വരിഞ്ഞുമുറുക്കുന്ന നയങ്ങൾക്കും നടപടികൾക്കുമെതിരെ രാജ്യം മുഴുവൻ ആഞ്ഞടിക്കേണ്ട പ്രക്ഷോഭം ഉയർന്നുവരേണ്ടത് അടിയന്തര ആവശ്യകതയാണ്. എങ്ങിനെയാണ് അത് ഉയിർകൊള്ളുക? ഇതാണ് ഏറ്റവും അടിസ്ഥാനപരമായ ചോദ്യം. കെഎസ്ആർറ്റിസി തൊഴിലാളികൾക്ക് ശമ്പളവും പെൻഷനും കഴിഞ്ഞ മൂന്നു വർഷത്തിന്നിടയിൽ എത്രയോ മാസങ്ങളിൽ മുടങ്ങി. ഒരു ചെറു പ്രതിഷേധം പോലും ഉയർത്താനാകാതെ നിശ്ശബ്ദമായി സഹിച്ച് തൊഴിലാളികൾ പണിയെടുക്കുന്നത് നാം കണ്ടു. സിഐറ്റിയു അടക്കമുള്ള യൂണിയനുകൾ മാനേജ്മെന്റിനോടൊപ്പം നിന്നുകൊണ്ട് അവിടെ അപകടകരമായ ഒരു കീഴ്‌വഴക്കം സൃഷ്ടിക്കുന്നതും നാം കണ്ടു. സ്ഥാപനത്തിന്റെ നിലനിൽപ്പിന്റെയും ഭാവിയുടെയും പേരുപറഞ്ഞ് തൊഴിലാളികളെ ഭീഷണിപ്പെടുത്തി, കീഴ്‌പ്പെട്ട് പണിയെടുക്കുകയല്ലാതെ മറ്റു മാർഗ്ഗമില്ല എന്ന് ഭയപ്പെടുത്തി, അവരുടെ ധാർമ്മികബലത്തെ ആവോളം ചോർത്തി കൂലിയില്ലാതെ പണിയെടുപ്പിക്കുന്ന സമ്പ്രദായം നടപ്പാക്കി. അർഹതപ്പെട്ട വേതനം ഒരു ദിവസത്തേക്കുപോലും വൈകാൻ അനുവദിക്കരുതെന്ന് പഠിപ്പിക്കേണ്ട യൂണിയൻ നേതൃത്വങ്ങൾ, മാനേജ്മെന്റിന്റെ ഭാഷ്യങ്ങൾ ആവർത്തിക്കുന്ന വഞ്ചനയുടെ പങ്ക് നിർവഹിച്ചു. കരാർ നിയമനം മാത്രം ലക്ഷ്യമിട്ട് കെഎസ്ആർറ്റിസിക്കുള്ളിൽ സ്വിഫ്റ്റ് എന്ന പേരിൽ പുതിയ കമ്പനി തുടങ്ങി. ഇതിനെല്ലാം അംഗീകൃത യൂണിയനുകൾ ഒത്താശ ചെയ്തു. ഈ ദയനീയമായ പതനത്തിലേക്ക് നയിച്ച തൊഴിലാളി സംഘടനകളാണ് ഇന്ന് ആശമാർക്ക് ഇടതുസർക്കാരിന്റെ പാരമ്പര്യത്തെ സംബന്ധിച്ച് ബോധവൽക്കരണം നടത്തുന്നത്.

ഭീഷണിപ്പെടുത്തിയും സമരം ചെയ്താലുണ്ടാകാനിടയുള്ള പ്രത്യാഘാതങ്ങൾ കാട്ടി പിന്തിരിപ്പിച്ചും സിഐറ്റിയു സംഘടനയ്ക്ക് സ്വാധീനമുള്ള ഏതാണ്ട് എല്ലാ തൊഴിലാളി മേഖലയിലും തൊഴിലാളികളെ നിശ്ശബ്ദമാക്കുകയാണ് ചെയ്യുന്നത്. സങ്കുചിതമായ രാഷ്ട്രീയലക്ഷ്യങ്ങളോടെ നടത്തുന്ന നീചമായ നീക്കങ്ങൾ ദീർകാലാടിസ്ഥാനത്തിൽ തൊഴിലാളി മുന്നേറ്റങ്ങൾക്കും വർഗ്ഗസമരത്തിന് ആകെത്തന്നെയും ഏൽപ്പിക്കുന്ന ആഘാതംവളരെ വലുതാണ്. ഒരു തരം അടിച്ചമർത്തലിനെയും വകവയ്ക്കാത്ത നിർഭയത്വവും ഉയർന്ന ധാർമ്മികബലവുമുള്ള തൊഴിലാളിയുടെ സ്ഥാനത്ത് ഭീരുക്കളും സന്ധിമനോഭാവക്കാരുമായ തൊഴിലാളികളെ സൃഷ്ടിക്കുന്നു. അവിടംകൊണ്ടും അവസാനിക്കുന്നില്ല, എല്ലാ സമീകളും ലംഘിച്ച തൊഴിലാളിദ്രോഹത്തെ വെള്ളപൂശാനും സർക്കാരിന് അനുകൂലമായി കല്ലുവച്ചനുണകൾ പ്രചാരിപ്പിക്കാനും വ്യാജപ്രസ്താവനകൾ നടത്താനും ഇതേ തൊഴിലാളികളെ ശാസിച്ചും ഭയപ്പെടുത്തിയും നിർബന്ധിതമാക്കുകയും ചെയ്യുന്നു. ആത്മനിന്ദയുടെ എത്ര വേദനാകരമായ പതനത്തിലേക്കാണ് ഇവർ തൊഴിലാളികളെ തള്ളിയിട്ടിരിക്കുകയാണ്.

ഇന്ത്യൻ റെയിൽവേയിൽ ജോലിഭാരം നിമിത്തം ലോക്കോ പൈലറ്റുമാർ എൻജിൻ റൂമുകളിൽ കുഴഞ്ഞുവീണുമരിക്കുന്നു. പങ്കാളിത്ത പെൻഷൻ അടിച്ചേൽപ്പിച്ച് രാജ്യമെമ്പാടും ജീവനക്കാർക്ക് സ്റ്റാറ്റ്യൂട്ടറി പെൻഷൻ നിഷേധിച്ചു. ലാഭം കൊഴുപ്പിക്കാൻ മുതലാളിമാർ അന്നു സെബാസ്റ്റ്യൻമാരുടെ ജീവനെടുക്കുന്നു. തൊഴിലാളി പ്രക്ഷോഭത്തിന്റെ ശബ്ദം ഒരിടത്തും ഉയരുന്നില്ല. സ്ഥിര ജോലി ഏതാണ്ട് പൂർണ്ണമായും അപ്രത്യക്ഷമായിക്കഴിഞ്ഞിരിക്കുന്നു. അപ്രസന്റിഷിപ്പ്, പഠനത്തിനിടയിൽ ജോലി, ഇന്റേൺഷിപ്പ്, ഫിക്സഡ് ടേം എപ്ലോയ്മെന്റ് തുടങ്ങിയ പേരുകളിൽ തുഛപ്രതിഫലം നൽകി യുവാക്കളെ നഗ്നമായ തൊഴിൽചൂഷണത്തിനിരയാക്കുന്ന പുതിയ തൊഴിലുകൾ മാത്രമേ ഇപ്പോഴുള്ളൂ. പിടിച്ചുലക്കുന്ന ഒരു പ്രക്ഷോഭത്തിനായി രാജ്യം മുഴുവൻ കേഴുമ്പോൾ, തൊഴിലാളി വിരുദ്ധമായ ഒരു ചെറുനടപടിയെപ്പോലും തടയാനാകാതെ, ശിരസ്സുകുനിച്ച് സർവ്വാർത്ഥത്തിലും കീഴടങ്ങി പണിയെടുക്കുകയാണ് തൊഴിലാളികൾ.

വ്യവസ്ഥാപിത ഇടതുപക്ഷത്തിന്റെ ചേരിയിൽ നിലയുറപ്പിച്ചുകൊണ്ട് ആശാസമരത്തിനെതിരെ പ്രചാരണം നടത്തുന്ന ഇടതുസുഹൃത്തുക്കളോടും സാംസ്കാരികവ്യക്തിത്വങ്ങളോടും വിനയപൂർവ്വം ഞങ്ങളുയർത്തുന്ന ചോദ്യം, അടിമുടി തൊഴിലാളി വിരുദ്ധമായ ഈ ദുഃസ്ഥിതിയെ തടയാനുള്ള മാർഗ്ഗമെന്താണെന്നതാണ്. തൊഴിലാളികളുടെ പോരാട്ടവീര്യവും ആത്മവിശ്വാസവും വീണ്ടെടുക്കാൻ എന്താണ് വഴി? വ്യവസ്ഥാപിത ട്രേഡ് യൂണിയൻ പ്രസ്ഥാനങ്ങളിൽ വിശ്വാസമർപ്പിച്ച് കാത്തിരുന്നാൽ മതിയോ? വലതുപക്ഷ ട്രേഡ് യൂണിയനുകളിൽ നിന്ന് ഈ നയങ്ങൾക്കെതിരായ വിട്ടുവീഴ്ചയില്ലാത്ത പോരാട്ടം പ്രതീക്ഷിക്കാനാവില്ലല്ലോ. പിന്നെ അവശേഷിക്കുന്നത് സിഐറ്റിയു, എഐറ്റിയുസി തുടങ്ങി ഇടതുപക്ഷ യൂണിയനുകൾ എന്ന് സ്വയം സാക്ഷ്യപ്പെടുത്തുന്നവരാണല്ലോ. ഒരു മുൻവിധിയും കൂടാതെ, വസ്തുനിഷ്ഠമായി ഇക്കൂട്ടരുടെ ചെയ്തികളെ നാം വിലയിരുത്തിയേ മതിയാകൂ.

നിയോലിബറൽ സാമ്പത്തിക നയങ്ങളുടെ ഭാഗമായി മൂലധനനിക്ഷേപത്തിന് അനുകൂലമായ തൊഴിൽ അന്തരീക്ഷം സൃഷ്ടിക്കുക എന്ന നയമാണ് എല്ലാ സർക്കാരുകളും സ്വീകരിച്ചിട്ടുള്ളത്. അതിന്റെ പേരാണ് 'ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സ്'. ഏതാണ്ട് എല്ലാ വ്യവസ്ഥാപിത ട്രേഡ് യൂണിയൻ സംഘടനകളുടെയും നിയോ ലിബറൽ കാലത്തെ ട്രേഡ് യൂണിയൻ പ്രവർത്തനത്തിന്റെ അടിസ്ഥാന സമീപനം മുതലാളിമാർക്ക് പ്രയാസമുണ്ടാക്കാതിരിക്കുക എന്നതാണ്. മൂലധന നിക്ഷേപത്തിനും മൂലധന ശക്തികൾക്കും ഹിതകരമല്ലാത്ത ഒരു നടപടിയും ട്രേഡ് യൂണിയൻ സംഘടനകളിൽനിന്ന് ഉണ്ടാകില്ലെന്ന ഉറപ്പ് നൽകിയാണ് ഈ സംഘടനകൾ നിലകൊള്ളുന്നത്. അതിനാലാണ് കഴിഞ്ഞ മൂന്നര പതിറ്റാണ്ടിനിടയിൽ മൂലധനശക്തികളുടെ അഭീഷ്ടപ്രകാരം നടപ്പാക്കിയ തൊഴിലാളിദ്രോഹ നയങ്ങളിൽ ഒന്നിനെപ്പോലും പരാജയപ്പെടുത്തത്തക്കവിധമുള്ള ഒരു പ്രക്ഷോഭം ഉയർന്നുവരാതിരുന്നത്. രണ്ടോ മൂന്നോ വർഷത്തിലൊരിക്കൽ കേന്ദ്ര ട്രേഡ് യൂണിയനുകൾ




സംയുക്തമായി ഒരനുഷ്ഠാനംപോലെ നടത്തുന്ന സമരമല്ല ഇവിടെ വേണ്ടുന്നത്. തിരശ്ശീലക്കു പിന്നിൽ ലോബിയിംഗിലൂടെ യൂണിയൻ നേതൃത്വവും ഭരണാധികാരികളും തമ്മിലുണ്ടാക്കുന്ന ഒത്തുതീർപ്പ് സമരങ്ങളുടെ സ്ഥാനത്ത് തൊഴിലാളിദ്രോഹനയങ്ങളെ പരാജയപ്പെടുത്തിയേ പിൻവാങ്ങൂ എന്ന് പ്രഖ്യാപിക്കുന്ന അചഞ്ചലമായ സമരമാണിവിടെ ഉയരേണ്ടുന്നത്. എവിടെയും അത്തരം പ്രക്ഷോഭങ്ങൾ നാം കാണുന്നില്ല.

കഠിനമായ വേദനയോടെ ഞങ്ങൾ പറയട്ടെ; ഇടതെന്ന പേരിൽ പ്രവർത്തിക്കുന്ന സിഐറ്റിയു എഐറ്റിയുസി തുടങ്ങിയ തൊഴിലാളി സംഘടനകൾ എസ്റ്റാബ്ലിഷ്മെന്റിനോട് പൂർണ്ണമായും വിധേയപ്പെട്ട് അതിന്റെ ഭാഗമായി മാറിക്കഴിഞ്ഞിരിക്കുന്നു. ഒരു തൊഴിലാളി സമരത്തിന്റെ ഫലം പരാജയമാണെങ്കിൽത്തന്നെയും വിട്ടുവീഴ്ചയില്ലാത്ത ഒരു ചെറുത്തുനിൽപ്പിന്റെ മാർഗ്ഗം കാട്ടുക എന്നതാണ് ഏതൊരു തൊഴിലാളി സംഘടനയുടെയും കടമ.

ആശാ സമരം ഐതിഹാസികമെന്ന് രേഖപ്പെടുത്തപ്പെടുന്നത് ഈ ചരിത്രകടമ നിറവേറ്റുന്നതിനാലാണ്. മുൻകൂർ രചിക്കുന്ന തിരക്കഥ പ്രകാരം ആടുന്ന പതിവ് നാടകത്തിന്റെ ഗണത്തിൽ ആശാസമരം വരില്ല. അധികാരത്തിൽ സ്വാധീനം ചെലുത്തി, യൂണിയൻ നേതാക്കളുടെ മുഖം രക്ഷിക്കാനായുള്ള ഒത്തുതീർപ്പുകളുടെ പേരിൽ അവസാനിപ്പിക്കാനുള്ള സമരമല്ലിത്. വിട്ടുവീഴ്ചയില്ലാത്ത തൊഴിലാളി സമരത്തിന്റെയും തളരാത്ത പോരാട്ടവീര്യത്തിന്റെ മഹത്തായ മാതൃകയാണീ സമരം. ഏപ്രിൽ മൂന്നിന്റെ ചർച്ചാ നാടകത്തിന്റെ ക്ലൈമാക്സിൽ പ്രഖ്യാപിക്കപ്പെട്ട 'പ്രശ്നങ്ങൾ പഠിക്കാനായി വിദഗ്ധസമിതി' എന്ന പതിവ് പരിഹാര ഫോർമുലയിൽ ഈ സമരം കീഴടങ്ങാതിരുന്നത് അതിനാലാണ്. ആ പരിഹാര ഫോർമുലയുടെ പൊള്ളത്തരം കൃത്യതയോടെ മനസ്സിലാക്കിയ നേതൃത്വത്തിന്റെ തൊഴിലാളി വർഗ്ഗബോധമാണ് ആശാസമരത്തെ നയിക്കുന്നത്.

എത്രതന്നെ ക്ലേശങ്ങൾ സഹിക്കേണ്ടി വന്നാലും എത്രതന്നെ നഷ്ടപ്പെടേണ്ടി വന്നാലും തൊഴിലവകാശങ്ങൾ ഹനിക്കാൻ ഒരു ശക്തിയെയും അനുവദിക്കില്ല എന്നൊരു നിലപാട് സ്വീകരിക്കാൻ വ്യവസ്ഥാപിത യൂണിയൻ നേതൃത്വങ്ങളൊന്നും തയ്യാറാകുന്നില്ല. ഇടതുസുഹൃത്തുക്കൾ നമ്മോടാവശ്യപ്പെടുന്നത് സമ്പൂർണ്ണമായി കീഴടങ്ങാനാണോ? സമരങ്ങൾ മൂലധനനിക്ഷേപത്തെ അകറ്റിക്കളയും, 'ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സി'ന്റെ താൽപ്പര്യങ്ങൾക്കെതിരാണ്, വ്യവസായങ്ങൾ സംസ്ഥാനം വിടും ഈ വാദങ്ങൾ ഉയർത്തുന്നവർ ഈ സംസ്ഥാനത്തെ തൊഴിലാളികളോട് ആവശ്യപ്പെടുന്നത് എന്താണ്? ഇന്ന് ഈ ദ്രോഹങ്ങളെല്ലാം സഹിച്ച് നാവടക്കി, നടുവൊടിഞ്ഞ് പണിയെടുത്താൽ നാളെകളിൽ ഇവയെല്ലാം പരിഹരിക്കപ്പെടുമെന്നാണോ ഇക്കൂട്ടർ നമ്മെ പഠിപ്പിക്കുന്നത്? മനുഷ്യനായിപ്പോലും തൊഴിലാളികളെ ഗണിക്കാത്ത, നിർദ്ദയമായ കോർപ്പറേറ്റ് ചൂഷണത്തെ അവസാനിപ്പിക്കാൻ ഒരു പ്രക്ഷോഭം ഏതെങ്കിലും മേഖലയിൽ ഉയർന്നുവന്നേ പറ്റൂ. ഇത്തരമൊരു സാഹചര്യത്തിൽ പടുത്തുയർത്തപ്പെടുകയും കീഴടങ്ങാതെ മുന്നോട്ടു പോവുകയും ചെയ്യുന്നു എന്നതാണ് ആശാസമരം നിറവേറ്റുന്ന അതീവപ്രധാനമായ ചരിത്രകടമ. ഇടതെന്ന് സാക്ഷ്യപ്പെടുത്തുന്ന ഏതൊരു ശക്തിയും ഒരു നിമിഷം പോലും വൈകാതെ, ഒരു വമ്പൻ തൊഴിലാളി മുന്നേറ്റമാക്കി അതിനെ വിജയത്തിലേക്ക് വളർത്തിയെടുക്കാൻ മുഴുവൻ പ്രയത്നവും സമാഹരിക്കുകയാണ് വേണ്ടുന്നത്.

ആശാ സമരം വിജയതീരമണഞ്ഞാൽ സംഘടിത തൊഴിലാളി മുന്നേറ്റത്തിന് അത് പകരുന്ന ഗതിവേഗം നിയോലിബറൽ കാലത്തെ ചൂഷണത്തിന് കനത്ത ആഘാതം സൃഷ്ടിക്കും. തൊഴിലിനെ സന്നദ്ധ പ്രവർത്തനമാക്കി പരിവർത്തനപ്പെടുത്തി ലക്ഷക്കണക്കിന് തൊഴിലാളികളുടെ പ്രത്യേകിച്ചും സ്ത്രീകളുടെ അദ്ധ്വാനത്തെ ദയാരഹിതമായി അപഹരിക്കുന്ന സമ്പ്രദായത്തെ എന്നെന്നേക്കുമായി അവസാനിപ്പിക്കാൻ അത് വഴി തെളിക്കും. ആശാ സമരം നിർവ്വഹിക്കുന്നത് ചരിത്രപ്രധാനമായ ഈ രാഷ്ട്രീയ കടമയാണ്. തൊഴിലാളി മുന്നേറ്റങ്ങൾക്ക് നിർണ്ണായകമായ മേൽക്കൈയും നായകത്വവും ലഭിക്കുന്ന സാഹചര്യം ആശാ സമരത്തിന്റെ വിജയം സൃഷ്ടിക്കും. കഴിഞ്ഞ നാല് പതിറ്റാണ്ടിലേറെയായി നാം പുരോഗമനവിശ്വാസികൾ കാത്തിരിക്കുന്നത് ഇത്തരമൊരു പ്രക്ഷോഭത്തിന്റെ വിജയത്തിനുവേണ്ടിയാണ്. ഇടതുരാഷ്ട്രീയം അപരാജിതമായ ഒന്നായി ഉയർന്നുവരാൻ ആശാസമരം വഴിയൊരുക്കുകയാണെന്ന ചരിത്രവസ്തുത തിരിച്ചറിയാൻ സിപിഐ(എം)ന്റെ സത്യസന്ധരായ അണികളോട് ഞങ്ങൾ വിനയപൂർവ്വം അഭ്യർത്ഥിക്കുന്നു. ആശാ സമരത്തെ ശത്രുതാമനോഭാവത്തോടെ എതിർക്കുന്ന സിപിഐ(എം) നേതൃത്വത്തിന്റെ സമീപനം, ഇടതുരാഷ്ട്രീയത്തോട് പൊതുവിലും തൊഴിലാളിപക്ഷത്തോട് സവിശേഷമായും തങ്ങൾക്ക് ഒരു പ്രതിബദ്ധതയുമില്ലെന്ന് അസന്നിഗ്ദ്ധമായി തെളിയിക്കുകയാണ്. അങ്ങിനെ രാജ്യത്തെ യഥാർത്ഥ ഇടതു സമര ശക്തികൾ ആരാണെന്ന് തിരിച്ചറിയാനിടവരുത്തുന്ന ഒന്നായും ആശാസമരം മാറുകയാണ്. ■

# പുതിയ സമരകേരളത്തിന്റെ പ്രതിജ്ഞയുമായി പതിനായിരങ്ങൾ നെഞ്ചിലേറ്റിയ

"മരിക്കാനായി അന്ത്യശ്വാസം വലിയ്ക്കുമ്പോൾ എനിക്ക് സന്തോഷം നൽകുന്ന ഒരു കാര്യം ഞാൻ എന്റെ അമ്മമാരോടും സഹോദരിമാരോടും കൂടെ ഈ സമരത്തിൽ ഉണ്ടായിരുന്നു എന്നതായിരിക്കും.. കഴിഞ്ഞ 128 ദിവസമായി ഞാൻ ആരാധിക്കുന്ന ഈശ്വരൻ സെക്രട്ടേറിയറ്റിനു മുന്നിലും ഈ സമരയാത്രയിലുമായിരുന്നു" ആശമാരുടെ രാപകൽ സമരയാത്രയുടെ




കേരള ആശാഹെൽത്ത് വർക്കേഴ്സ് അസ്സോസിയേഷൻ ജനറൽ സെക്രട്ടറിയും രാപകൽ സമരയാത്രയുടെ ക്യാപ്റ്റനുമായ എം.എ.ബിന്ദുവിന് കാസറകോഡ് സ്വാഗത സംഘം ചെയർമാൻ വി.കെ.രവീന്ദ്രനും കെഎഎച്ച്ഡബ്ല്യുഎ സംസ്ഥാന പ്രസിഡന്റ് വി.കെ.സദാനന്ദനും ചേർന്ന് പതാക കൈമാറുന്നു.

കഴക്കൂട്ടത്തെ സ്വീകരണവേദിയിൽ മുഴങ്ങിയ ഒരു വൈദികന്റെ വാക്കുകളാണിവ. ആശാസമരം കേരളത്തിൽ സൃഷ്ടിക്കുന്ന ഉന്നതമായ നീതിബോധവും സാഹോദര്യവും ഈ വാക്കുകളിൽ പ്രതിദ്ധ്വനിക്കുന്നു.

ഇത് കേരളചരിത്രത്തിലെ സമാനതകളില്ലാത്ത പോരാട്ടമാണ്. കഴിഞ്ഞ നാലു മാസമായി അനിതരസാധാരണമായ ഇഛാശക്തിയോടെ തുടരുന്ന ആശാസമരം വിളംബരം ചെയ്യുന്നത് കീഴടങ്ങാൻ തയ്യാറല്ലാത്ത മനുഷ്യചേതനയുടെ കരുത്തിനെയാണ്. ഈ അതിജീവന-സഹനസമരം മർദ്ദിതരുടെ പ്രത്യാശയാണ്. അവകാശനിഷേധങ്ങളിൽ ശ്വാസം മുട്ടിപ്പിടയുന്ന തൊഴിലാളികളുടെ പ്രതീക്ഷയാണ്. തങ്ങളുടെ അസ്തിത്വത്തെകണക്കിലെടുക്കാൻപോലും തയ്യാറില്ലാത്ത മുതലാളിത്ത - പുരുഷാധിപത്യ സമൂഹത്തിന്റെ വിലക്കുകളെ അതിലംഘിക്കുന്ന സ്ത്രീകളുടെ ഉണർന്നെഴുന്നേൽപ്പിന്റെ കാഹളമാണ്.

സെക്രട്ടേറിയറ്റിനു മുമ്പിലെ പൊതുസ്ഥലത്ത്, തെരുവിൽ 130 ദിവസത്തിലധികമായി രാവും പകലും കുത്തിയിരിക്കുന്ന സ്ത്രീകൾ നേരിടുന്ന പറഞ്ഞുതീർക്കാനാവാത്ത വിഷമങ്ങൾ ആർക്കും ബോധ്യപ്പെടുന്നവയാണ്. കേരളീയ സമൂഹത്തിലെ ഏറ്റവും നിർദ്ധനരായ സ്ത്രീകളാണ് അവിടെ കഴിഞ്ഞുകൂടുന്നത്. ഭർത്താവിനെയും മക്കളെയും ചെറുമക്കളെയും പരിപാലിക്കുന്ന കുടുംബനാഥകളാണവർ. വീട് വിട്ട് തെരുവിലേക്ക് പോരുമ്പോൾ അവശേഷിക്കുന്ന കുടുംബാംഗങ്ങൾ നിസ്സഹായരാകുന്നത് അവർ കാണുകയാണ്. കുടുംബാംഗങ്ങളിൽ പലരും നിത്യരോഗികളാണ്, പരസഹായം കൂടാതെ ഒന്നും ചെയ്യാനാകാതെ ഉഴലുന്നവരാണ്. അവരെ ഉപേക്ഷിച്ചിട്ട്, സെക്രട്ടേറിയറ്റ് നടയിലെ സമരകേന്ദ്രത്തിലേക്ക്, അല്ലെങ്കിൽ 45 ദിവസം നീണ്ടുനിന്ന രാപകൽ സമരയാത്രയിലേക്ക് നിശ്ചയദാർഢ്യത്തോടെ പുറപ്പെടുന്നു. ഒരു ദിവസമല്ല, ഒരാഴ്ചയല്ല, മാസങ്ങളായി അത് തുടരുകയാണ്. പ്രതികൂലമായ കാലാവസ്ഥ, വിവരാണാതീതമായ സാമ്പത്തിക പ്രയാസങ്ങൾ, എതിർപ്പുകൾ, ഭീഷണികൾ, അധിക്ഷേപങ്ങൾ, ആക്രമണങ്ങൾ, അവഗണന ഏതൊരാളും തളർന്നുപോയേക്കാവുന്ന ഈയൊന്നിനെയും അവർ കൂസുന്നില്ല.

വർദ്ധിതമായ ആത്മാഭിമാനത്തോടെ, ആത്മവിശ്വാസത്തോടെ മുന്നേറുന്ന സൈന്യമായി അവർ ശിരസ്സുയർത്തി പോരാടുന്നു. ആരിലും ഉൾപുളകമുണ്ടാക്കുന്ന കാഴ്ചയാണിത്. നേരിലും നന്മയിലും വിശ്വാസമുള്ളവർക്ക് ഈ കാഴ്ച നൽകുന്ന പ്രത്യാശ അളവറ്റതാണ്. അതിനാലാണ് രാപകൽ സമരയാത്രയെ വരവേൽക്കാൻ ആയിരങ്ങളായി തെരുവോരങ്ങളിൽ, കാസർകോട് മുതൽ തിരുവനന്തപുരം വരെ പെരുമഴയത്തും പൊരിവെയിലത്തും ഭക്ഷണവും അന്തിയുറങ്ങാൻ പന്തലും ഒരുക്കി അവർ കാത്തുനിന്നത്. സ്നേഹവാൽസല്യങ്ങൾ ചൊരിഞ്ഞ് ആശമാരെ വീർപ്പുമുട്ടിച്ചു. കേരളം ഒറ്റമനസ്സോടെ ആശമാരോടൊപ്പമാണെന്ന് സമരയാത്ര തെളിയിച്ചു. പിന്തുണ നൽകുന്ന മുഴവൻ ശക്തികളെയും വ്യക്തികളെയും ഏകോപിപ്പിക്കാനും സമരത്തിന്റെ ധീ






രാപകൽ സമരയാത്രയ്ക്ക് കോഴിക്കോട് നൽകിയ സ്വീകരണത്തിൽ പന്തംകൊളുത്തിയപ്പോൾ | രാപകൽ സമരയാത്രയ്ക്ക് അമ്പലപ്പുഴയിൽ നൽകിയ സ്വീകരണം

രരായ അണികൾ ആശമാരെ കോർത്തിണക്കപ്പെട്ട ശക്തിയാക്കി മാറ്റാനും സമരയാത്ര വഴിതെളിച്ചു. അങ്ങിനെ ആശാ സമരം അജയ്യമായി മുന്നേറാനുള്ള കൂടുതൽ വിപുലവും ദൃഢവുമായ അസ്ഥിവാരമൊരുക്കി.

## കേരളം നെഞ്ചേറ്റിയ സമരയാത്ര

കുടുംബസംഗമം, മഹാസംഗമം, നിയമസഭാ മാർച്ച് , സെക്രട്ടേറിയറ്റ് ഉപരോധം, പണിമുടക്ക്, നിരാഹാര സമരം, മുടി മുറിക്കൽ സമരം തുടങ്ങി തീഷ്ണമായ പല സമരഘട്ടങ്ങൾ പിന്നിട്ടിട്ടും സമരത്തോട് സർക്കാർ കാട്ടുന്ന ജനാധിപത്യവിരുദ്ധതയും അവഗണനയും ക്രൂരമായി തുടരുന്ന സാഹചര്യത്തിലാണ് കേരള ആശ ഹെൽത്ത് വർക്കേഴ്സ് അസോസിയേഷൻ സംസ്ഥാന ജനറൽ സെക്രട്ടറി എം.എ. ബിന്ദു നയിക്കുന്ന രാപകൽ സമരയാത്ര ആരംഭിക്കാൻ യൂണിയന്റെ സംസ്ഥാന കമ്മിറ്റി തീരുമാനിച്ചത്. തുടർന്ന് യൂണിയന്റെ നേതൃത്വത്തിൽ 14 ജില്ലകളിലും സ്വാഗത സംഘരൂപീകരണം ആരംഭിച്ചു. സംസ്ഥാനത്ത് 160ഓളം സ്വാഗതസംഘങ്ങൾ രൂപീകരിക്കപ്പെട്ടു.

സാർവ്വദേശീയ തൊഴിലാളി ദിനമായ മെയ് 1ന് കേരള സംസ്ഥാന ജനകീയ പ്രതിരോധ സമിതിയുടെ സംസ്ഥാന പ്രസിഡന്റ് പ്രൊഫ.എം.പി.മത്തായി സമരയാത്ര ഫ്ലാഗ് ഓഫ് ചെയ്തു. "കേരളത്തിലെ നഗരങ്ങളിലൂടെയല്ല ജനഹൃദയങ്ങളിലേക്കാണ് നിങ്ങൾ യാത്ര ചെയ്യുന്നത് "എന്ന് ഫ്ലാഗ് ഓഫ് ചെയ്തുകൊണ്ട് അദ്ദേഹം പറഞ്ഞ വാക്കുകൾ അക്ഷരാർത്ഥത്തിൽ ശരിയായിരുന്നു എന്ന് തെളിയിക്കുന്നതായിരുന്നു 45 ദിവസത്തെ യാത്രാനുഭവങ്ങൾ.

രാപകൽ സമരത്തിന്റെ എൺപത്തിയഞ്ചാം ദിവസം മെയ് 5 ന് കാസർകോട് ബസ് സ്റ്റാന്റിൽ നടന്ന സമ്മേളനത്തിൽ കാസർകോട് എംഎൽഎ എൻ.എ.നെല്ലിക്കുന്ന് രാപകൽ സമരയാത്ര ഉദ്ഘാടനം ചെയ്തു.

45 ദിവസം കൊണ്ട് 4670 കിലോമീറ്റർ താണ്ടിയാണ് ആശാ സമര യാത്ര, ജൂൺ 18ന് സെക്രട്ടേറിയറ്റിനു മുമ്പിലെ സമരകേന്ദ്രത്തിലെത്തിയത്. 14 ജില്ലകളിലായി 160 കേന്ദ്രങ്ങളിൽ ചെറുതും വലുതുമായ യോഗങ്ങളിൽ ബഹുജനങ്ങൾ യാത്രയെ സ്വീകരിച്ചു. കാഞ്ഞങ്ങാട് മുതൽ കഴക്കൂട്ടം വരെ 39 കേന്ദ്രങ്ങളിൽ ആശമാർ തെരുവിൽ അന്തിയുറങ്ങി. അവർക്ക് കാവലായി പൊതുപ്രവർത്തകരെ കൂടാതെ സാധാരണ ജനങ്ങളും കുടുംബങ്ങളും തെരുവിൽ എത്തിയ അനുഭവങ്ങൾ നിരവധിയാണ്. സർക്കാർ അവഗണനയും അനുകൂലികളുടെ അധിക്ഷേപങ്ങളും തുടരുമ്പോഴും ഭരണകക്ഷി യൂണിയനിൽ നിന്നുള്ള തൊഴിലാളികൾ പരസ്യമായി യാത്രയ്ക്ക് സ്വീകരണം നൽകിയത് കേരളത്തിന്റെ തൊഴിലാളിഐക്യത്തിന്റെ പ്രതീകമായി. വ്യവസ്ഥാപിത തൊഴിലാളി സംഘടനാ നേതാക്കളുടെ വഞ്ചനാപരമായ നിലപാടുകൾ തിരിച്ചറിയുന്ന സാധാരണക്കാർക്ക് അചഞ്ചലമായ ആശാ സമരം നൽകുന്ന പുതിയ പ്രതീക്ഷയുടെ പ്രതിഫലനമായിരുന്നു യാത്രയിൽ ഉടനീളം സ്വീകരണ കേന്ദ്രങ്ങളിലും വഴിയോരങ്ങളിലും കാത്തുനിന്ന ജനങ്ങളിൽനിന്ന് ലഭിച്ചത്. യാത്ര പരിസമാപിക്കുമ്പോൾ ഡിമാൻഡ് നേടുന്നതുവരെ വിട്ടുവീഴ്ചയില്ലാതെ മുന്നോട്ടു പോകുവാൻ വർദ്ധിത ഊർജ്ജം ആശമാർക്ക് ലഭിച്ചു. ഇതിന്റെ




രാപകൽ സമരയാത്രയ്ക്ക് സ്വീകരണം നൽകാൻ പുൽപ്പള്ളിയിലെത്തിയ ആശാപ്രവർത്തകർ യാത്രയുടെ ക്യാപ്റ്റൻ എം.എ.ബിന്ദുവിനൊപ്പം

തെളിവായിരുന്നു മഹാറാലി.

സ്വീകരണവേദികളിലെ അംഗങ്ങളുടെ വൈവിധ്യം നവീന അനുഭവമായിരുന്നു. എല്ലാ അഭിപ്രായ വ്യതാസങ്ങളും മാറ്റി വച്ചുകൊണ്ട് വ്യത്യസ്ത രാഷ്ട്രീയ സംഘടനകൾ നേതാക്കൻമാർ , സാമൂഹ്യ സാംസ്കാരിക നായകർ, മതമേലധ്യക്ഷൻമാർ, സാമുദായിക നേതാക്കൻമാർ, തൊഴിലാളികൾ, സാധാരണ മനുഷ്യർ, സ്ത്രീകൾ, കുട്ടികൾ എല്ലാവരും ഒരേ മനസ്സോടെ യാത്രയെ വരവേറ്റു. അത്യധികം അഭിമാനത്തോടെയാണ് ഏവരും യാത്രയെ എതിരേറ്റത്. അസാധാണമായ സന്തോഷവും സ്നേഹവും എവിടെയും നിറഞ്ഞുനിന്നു.

നൻമ വറ്റാത്ത, ഉയർന്ന രാഷ്ട്രീയ ബോധമുള്ള, നീതിബോധവും ജനാധിപത്യ ബോധവുമുള്ള മനുഷ്യർ, എവിടെയും സമരയാത്ര കണ്ട മനുഷ്യർ ഇങ്ങനെയായിരുന്നു. സ്ത്രീത്തൊഴിലാളി സമരത്തെ ആശാസമരത്തെപ്പറ്റി അറിയാത്തവർ ആരുംതന്നെ ഉണ്ടായിരുന്നില്ല. സമരം തുടങ്ങിയ നാൾ മുതൽ കേരളം ഒന്നിച്ചാണ് ഈ സമരത്തോടൊപ്പം സഞ്ചരിക്കുന്നത് എന്നത് ബോദ്ധ്യപ്പെടുത്തുന്നതായിരുന്നു എല്ലാവരുടെയും അവതരണം. സമരത്തിന്റെ ഡിമാന്റ്, അതിന്റെ ന്യായയുക്തത, ഏറ്റവും മാതൃകാപരമായ സഹന സമര രീതി, സർക്കാരിന്റെ ജനാധിപത്യവിരുദ്ധ സ്ത്രീവിരുദ്ധ - തൊഴിലാളി വിരുദ്ധ സമീപനം എല്ലാവരിലും രോഷം സൃഷ്ടിച്ചിരിക്കുന്നു. സമരയാത്ര കണ്ട മനുഷ്യരുടെ വാക്കുകളുടെ താളവും ലയവും ഒന്നായിരുന്നു. വൈകാരിക ഭാവങ്ങൾ ഒന്നായിരുന്നു. സമരരഹിതമാക്കപ്പെട്ടുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ സമര കേരളത്തെ വീണ്ടെടുക്കുന്ന ഐതിഹാസിക സമരമെന്ന വിശേഷണമാണ് എവിടെയും കേട്ടത്.

എംപിമാർ, എംഎൽഎമാർ, നൂറുകണിക്കിന് പഞ്ചായത്ത്, മുൻസിപ്പൽ അംഗങ്ങൾ, ഒട്ടനവധി സാംസ്കാരിക വ്യക്തിത്വങ്ങൾ സ്വീകരണയോഗങ്ങളിൽ പങ്കെടുത്ത് പ്രസംഗിച്ചു. പ്രൊഫ.എം.പി.മത്തായി, സാറാ ജോസഫ്, യു.കെ.കുമാരൻ, കൽപ്പറ്റ നാരായണൻ, എൻ.വി.ബാലകൃഷ്ണൻ, ഗ്രോ വാസു, ഡോ.ആസാദ്, ഡോ.ഗീവർഗീസ് മാർ കൂറിലോസ് മെത്രോപ്പാലീത്ത, കരീപ്പുഴ ശ്രീകുമാർ, ബിഷപ്പ് ഡോ.യൂഹാനോൻ മാർ മിലാത്തിയോസ്, തോമസ് മാർ അത്താനാസിയോസ്, മലങ്കര കത്തോലിക്ക സഭ മാവേലിക്കര രൂപതാ മുൻ അധ്യക്ഷൻ ഡോ.ജോഷ്വാ മാർ ഇഗ്നത്ത്യോസ്, സി.ആർ.നീലകണ്ഠൻ, ജോസഫ് സി. മാത്യു, ഡോ.പി. ഗീത, പി.സുരേന്ദ്രൻ, കുസുമം ജോസഫ്, വി.പി.സുഹറ, വിളയോടി വേണുഗോപാൽ, എൻ.പി.ചേക്കുട്ടി, അഡ്വ.ജയശങ്കർ, പ്രമോദ് പുഴങ്കര, എം.പി.സുരേ

(ശേഷം 9-ാം പേജിൽ)

# ആശമാരുടെ രാപകൽ സമരയാത്ര


രാപകൽ സമരയാത്രയ്ക്ക് സമാപനം കുറിച്ചുകൊണ്ട് തിരുവനന്തപുരത്ത് നടന്ന മഹാറാലി പ്രതിപക്ഷ നേതാവ് വി.ഡി.സതീശൻ ഉദ്ഘാടനം ചെയ്യുന്നു.

(8-ാം പേജിൽ നിന്ന്)

ന്ദ്രൻ, കെ.സി.ഉമേഷ് ബാബു, പാർലമെന്റ് അംഗങ്ങളായ എൻ.കെ. പ്രേമചന്ദ്രൻ, ഫ്രാൻസിസ് ജോർജ്, ആന്റോ ആന്റണി, ഹൈബി ഈഡൻ, ഡീൻ കുര്യാക്കോസ്, വി.കെ.ശ്രീകണ്ഠൻ, മുൻ കേന്ദ്ര സഹമന്ത്രി വി.മുരളീധരൻ, മുൻ മന്ത്രിമാരായ വി.എം.സുധീരൻ, കെ.മുരളീധരൻ, ഡൊമിനിക് പ്രസന്റേഷൻ, ഷിബു ബേബി ജോൺ, പി.കെ.ജയലക്ഷ്മി, വി.എസ്.ശിവകുമാർ, മുൻ എംപിമാരായ ഡോ.കെ.എസ്.മനോജ്, സെബാസ്റ്റ്യൻ പോൾ, കെ.പി.ധനപാലൻ, എംഎൽഎമാരായ പി.ജെ.ജോസഫ്, കെ. ബാബു, ഐ.സി.ബാലകൃഷ്ണൻ, അഡ്വ. അനൂപ് ജേക്കബ്, മാത്യു കുഴൽനാടൻ, മാണി സി.കാപ്പൻ, മോൻസ് ജോസഫ്, സി.ആർ. മഹേഷ്, അബ്ദുൾ ഹമീദ് മാസ്റ്റർ, എ.പി.അനിൽകുമാർ, ഷംസുദ്ദീൻ, കെ.എ.ചന്ദ്രൻ, കെ.കെ.രമ, സനീഷ് കുമാർ, റോജി എം. ജോൺ, എൽദോസ് പി. കുന്നപ്പിള്ളി, ടി.ജെ.വിനോദ്, എം.വിൻസെന്റ്, മുൻ എംഎൽഎമാരായ ജോസഫ് എം.പുതുശേരി, എ.എ.ഷുക്കൂർ, കെ.എസ്.ശബരീനാഥ്, വി.പി.ജോർജ്, കെ.പി.ഹരിദാസ്, മുൻ വനിതാ കമ്മീഷനംഗം കെ.എ.തുളസി, ആന്റണി ആശാൻപറമ്പിൽ, ആര്യാടൻ ഷൗക്കത്ത്, വി. എസ്.ജോയ്, ഫാ.റൊമാൻസ് ആന്റണി, മാധവൻ പുറച്ചേരി, ഡോ. ജോർജ് ജോസഫ്, മുൻ വിസി ഡോ.എം.സി.ദിലീപ് കുമാർ, ടി.ജെ. പീറ്റർ തുടങ്ങിയവർ 14 ജില്ലകളിലായി നടന്ന സ്വീകരണ യോഗങ്ങളിൽ പങ്കെടുത്ത് പ്രസംഗിച്ചു.



രാപകൽ സമരയാത്രയ്ക്ക് റാന്നിയിൽ നൽകിയ സ്വീകരണം ഡോ. ഗീവർഗ്ഗീസ് മാർ കുറിലോസ് മെത്രാപ്പോലീത്ത ഉദ്ഘാടനം ചെയ്യുന്നു.

"ഈ സമരം ഒത്തുതീർപ്പാക്കാതിരിക്കുവാൻ സർക്കാർ പറയുന്ന ഒരു ന്യായങ്ങളും എനിക്ക് ബോദ്ധ്യപ്പെട്ടിട്ടില്ല. അതുകൊണ്ട്, ഞാൻ ഈ സമരത്തോടൊപ്പം എന്ന് ഉറക്കെ പ്രഖ്യാപിച്ചുകൊണ്ട് സമരയാത്രയെ സ്വീകരിക്കാൻ മലങ്കര ഓർത്തഡോക്സ് സഭാ ബിഷപ്പ് ഡോ.മിലാത്തിയോസ് എത്തി. രാത്രിയിലും യാത്രയെ സ്വീകരിക്കാൻ കോഴിക്കോട് എത്തിയ കേരളത്തിന്റെ നിതാന്ത പോരാളി തൊണ്ണൂറ്റിയഞ്ച് വയസ്സുള്ള ഗ്രോവാസു ചേട്ടൻ ചാട്ടുളി പോലെ വിമർശനം ഉന്നയിച്ച് സർക്കാരിന്റെ തൊഴിലാളിവിരുദ്ധത തുറന്നുകാട്ടി. ഏറ്റവും സൗമ്യനായി കാത്തിരുന്ന എഴുത്തുകാരൻ യു.കെ.കുമാരൻ, രോഗക്കിടക്കിയിൽ നിന്ന്, ആരെയും അറിയിക്കാതെ വന്ന്, നിറകണ്ണുകളോടെ സംഭാവനയും നൽകി പേരു വെളിപ്പെടുത്താതെ പോയ വയോധികൻ, സമരത്തിന്റെ ഭാഗമായി തലമുടി മുറിച്ചപ്പോൾ ഐക്യദാർഢ്യം പ്രഖ്യാപിച്ചു തലമുണ്ഡനം ചെയ്ത് സമരം വിജയിച്ചിട്ടേ മുടി വളർത്തൂ എന്ന് പ്രതിജ്ഞ എടുത്ത സഹോദരൻന്മാർ, നിരാഹാരമിരുന്നപ്പോൾ ആശമാർക്കുവേണ്ടി ഉപവസിച്ചവർ. ഭരണകക്ഷിയും അവരുടെ യൂണിയനും സൃഷ്ടിച്ച പ്രതിബന്ധങ്ങൾ മൂലം സമരപന്തലിൽ വരാനാകാതെ പോയ, പശ്ചാത്താപവും സങ്കടവും കെട്ടിപ്പിടിച്ച് കരഞ്ഞ് തീർത്ത ആശമാർ, പ്രായാധിക്യത്തിന്റെ കടുത്ത അവശതയിലും നട്ടുച്ചക്ക് അതികഠിനമായ ചൂടിനെ അവഗണിച്ച് വരവേൽക്കാനെത്തിയ വൃദ്ധരായ മനുഷ്യർ, പാട്ടപ്പിരിവുകാരെന്ന പേരിട്ടതിൽ അഭിമാനിച്ചുകൊണ്ട് പാട്ടപ്പിരിവും ബക്കറ്റ് പിരിവും നടത്തിയ സംഭാവനയുമായി എത്തിയ നിരവധി മനുഷ്യർ അങ്ങിനെ പറഞ്ഞുതീർക്കാനാവാത്തവിധം മനുഷ്യസ്നേഹികൾ അതിവിശാലമായ ആശാ സമരകൂട്ടായ്മയിൽ അംഗങ്ങളായി. തൊണ്ണൂറുകളിൽ കേരളത്തെ പിടിച്ചുകുലുക്കിയ മത്സ്യത്തൊഴിലാളി സമരത്തിന്റെ അമരക്കാരിൽ ഒരാൾ, ഈസ്റ്റർ ദിനത്തിൽ സമരപ്പന്തലിൽ നിരാഹാരമിരുന്ന സൗമ്യനായ സ്നേഹസമ്പന്നനായ ഫാദർ. ജോ സ് കളിക്കൽ ജാഥാ ക്യാപ്റ്റന്റെ പാദം തൊട്ട് വന്ദിക്കുവാൻ അനുവാദം അഭ്യർത്ഥിച്ചത് ആശാ സമരത്തോടുള്ള നന്മയുള്ള മനുഷ്യരുടെ ആദരവിന്റെ ആഴം വ്യക്തമാക്കി.

എല്ലാ സ്ഥലങ്ങളിലും കുറ്റമറ്റ രീതിയിൽ എല്ലാമൊരുക്കി മണിക്കൂറുകളോളം വ്യത്യസ്ത രാഷ്ട്രീയ പ്രസ്ഥാനങ്ങളിലെ എംപിമാർ, എംഎൽഎമാർ, മറ്റ് ജനപ്രതിനിധികൾ രാഷ്ട്രീയ നേതാക്കൻമാർ, സാമൂഹിക സാംസ്കാരിക നായകർ ഏവരും കാത്തിരുന്നു.

വിദ്യാർത്ഥികളുടെ സാംസ്കാരിക കൂട്ടായ്മയായ വൈറ്റ് റോസിലെ



രാപകൽ സമരയാത്രയുടെ നാലാംദിവസം ആശമാർ കണ്ണൂർ സ്റ്റേഡിയം കോർണറിൽ തെരുവിൽ അന്തിയുറങ്ങുന്നു. 'ആശാഭരിതം' തെരുവ് നാടകം വീക്ഷിക്കുവാൻ കഴക്കൂട്ടത്ത് തടിച്ചുകൂടിയ ജനങ്ങൾ.

അംഗങ്ങളായ വിദ്യാർത്ഥികളും യുവാക്കളും അവതരിപ്പിച്ച തെരുവ് ഗാനങ്ങളും 'ആശാഭരിതം' എന്ന തെരുവ് നാടകവും നൂറിലധികം വേദികളിൽ ആശാസമരത്തിന്റെ മഹത്തായ സന്ദേശം ആയിരക്കണക്കിന് ജനങ്ങളിലേക്ക് പകർന്നു. ആശമാരുടെ ജീവിത ദുരിതങ്ങളുടെ നേർചിത്രങ്ങൾ അനേകരുടെ കണ്ണുകളെ ഈറനണിയിച്ചു.

സംഘാടനത്തിന്റെ സങ്കീർണ്ണതകളും പ്രതിബന്ധങ്ങളും അഭിമുഖീകരിക്കാനും അവ പരിഹരിക്കാനുമുള്ള സ്ത്രീകളുടെ കരുത്തിന്റെ വിളംബരം കൂടിയായിരുന്ന രാപകൽ സമരയാത്ര. സ്ത്രീകളുടെ നേതൃത്വത്തിൽ നടന്ന സമരയാത്രയുടെ ആസൂത്രണം മുതൽ നിർവ്വഹണം വരെ മികവാർന്ന നിലയിൽ നിറവേറ്റപ്പെട്ടു. വിവിധ ജില്ലകളിൽ സ്വീകരണ യോഗങ്ങൾ ഒരുക്കിയതിന് നേതൃത്വം നൽകിയ നിരവധി വനിതാ നേതാക്കൻമാർ, വിവിധ ജില്ലകളിലെ ആശാ സംഘടനാ നേതാക്കൻമാർ സ്ത്രീകളെ ഒരു രംഗത്തുനിന്നും മാറ്റി നിർത്തേണ്ടവരല്ല എന്ന് സമരയാത്ര തെളിയിച്ചു.

ഐതിഹാസികമായ ആശാ സമരത്തിന്റെ നാലാം ഘട്ടമായ രാപകൽ സമര യാത്രയ്ക്ക് ആവേശകരമായ മഹാറാലിയോടെ തിരുവനന്തപുരത്ത് സമാപനം കുറിച്ചു. സെക്രട്ടേറിയറ്റ് പടിക്കലെ രാപകൽ സമരത്തിന്റെ 129-ാം ദിവസമാണ് സമരയാത്ര തിരുവനന്തപുരത്തെ സമരകേന്ദ്രത്തിലെത്തിച്ചേർന്നത്. ആശാവർക്കർമാർക്കൊപ്പം രാഷ്ട്രീയ സാമൂഹ്യ സാംസ്കാരിക രംഗങ്ങളിൽനിന്ന് നിരവധി മനുഷ്യസ്നേഹികളും ബഹുജനങ്ങളും മഹാറാലി കേരളത്തിന്റെ പിന്തുണയുടെ പരിച്ഛേദമായി.

## മഹാറാലി

കടുത്ത വെയിലിനെയും കനത്ത മഴയെയും സമര വീര്യത്തിന്റെ കരുത്തിനാൽ വകഞ്ഞുമാറ്റി ആയിരക്കണക്കിന് ആശമാരും പൊതുജനങ്ങളും ആളിക്കത്തുന്ന തീജ്വാലകളായി ചുവടുവെച്ചു. പതിനാല് ജില്ലകളിലെയും ജനഹൃദയങ്ങളുടെ പിന്തുണകൾ മുദ്രവാക്യത്തിന്റെ മാറ്റൊലികളായി പ്രതിഫലിച്ചു. തീക്ഷ്ണത നിറഞ്ഞ ആചലനങ്ങൾ സമരത്തിന്റെ 129-ാം ദിവസം സെക്രട്ടേറിയേറ്റ് നടയിലേക്ക് എത്തിച്ചേർന്നു. എം.എ. ബിന്ദുവിനും എസ്.മിനിക്കും ഇതര നേതാക്കൾക്കും മഹാറാലിയിൽ പങ്കെടുത്തവർ ഊഷ്മളമായ വരവേൽപ്പ് നൽകി.

എം.എ.ബിന്ദു നയിച്ച സമരയാത്രയുടെ സമാപനറാലി പ്രതിപക്ഷനേതാവ് വി.ഡി. സതീശൻ ഉദ്ഘാടനം ചെയ്തു. ആശ സമരത്തിനോട് ക്രൂരത കാണിച്ച ഭരണകൂടത്തെ കേരള ജനത അധികാരത്തിൽ നിന്ന് ഉടനെ താഴെയിറക്കുമെന്ന് അദ്ദേഹം പറഞ്ഞു. കഠിനമായ കാലാവസ്ഥയെയും സർക്കാരിന്റെ അവഹേളനകളെയും പരിഹാസങ്ങളെയും അതിജീവിച്ച ആശ സമരം കേരള സമര ചരിത്രത്തിലെ സുവർണലിപികളിൽ അടയാളപ്പെടുത്തപ്പെടും. പുരുഷ മേധാവിത്വമുള്ള പൊതുസമൂഹത്തെ കേരളത്തിലെ സ്ത്രീശക്തിയെന്താണെന്ന് ആശമാർ കൃത്യമായി ബോധ്യപ്പെടുത്തി. നിലവിലുള്ള ഓണറേറിയത്തിന്റെ മാനദണ്ഡങ്ങൾ പിൻവലിച്ച് ഇൻസെന്റീവിന്റെ മേലാക്കി, കിട്ടിക്കൊണ്ടിരുന്ന 7000, 3500 രൂപയായി വെട്ടി കുറച്ച സർക്കാർ ക്രൂരത തുടരുന്നു. പാവപ്പെട്ട ജനങ്ങളെ പട്ടിണിക്കിട്ട് കൊല്ലാൻ ശ്രമിക്കുകയാണ് സർക്കാർ. എന്നിട്ട് അവരെ തീവ്രവാദികളായി ചിത്രീകരിക്കാൻ നീചമായി ശ്രമിക്കുന്നു. വാസ്തവത്തിൽ, ഈ സർക്കാരാണ് തീവ്രവലതുപക്ഷമായി മാറിയിട്ടുള്ളത്. മനസാക്ഷിയില്ലാത്ത സർക്കാറിന് ജനങ്ങൾ തിരിച്ചടി കൊടുക്കുക തന്നെ ചെയ്യുമെന്നും വി.ഡി.സതീശൻ കൂട്ടിച്ചേർത്തു.

കെഎഎച്ച്ഡബ്ല്യുഎ സംസ്ഥാന പ്രസിഡന്റ് വി.കെ.സദാനന്ദൻ അധ്യക്ഷത വഹിച്ച യോഗത്തിൽ സംസ്ഥന വൈസ് പ്രസിഡന്റ് എസ്.മിനി സ്വാഗതം പറഞ്ഞു. പ്രമുഖ ഗാന്ധിയൻ ഡോ.എം.പി.മത്തായി, കവയത്രി റോസ്മേരി, ഡോ.എം.കെ.മുനീർ എംഎൽഎ, എഴുത്തുകാരി ഡോ.ജെ. ദേവിക, മാത്യു കുഴൽനാടൻ എംഎൽഎ, കെഎഎച്ച്ഡബ്ല്യുഎ സംസ്ഥാന വൈസ് പ്രസിഡന്റ് കെ.പി. റോസമ്മ, ബിജെപി ജില്ലാ നേതാവ് വി.വി.രാജേഷ്, ആർഎസ്പി സംസ്ഥാന സെക്രട്ടറി ഷിബു ബേബി ജോൺ, എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) സംസ്ഥന സെക്രട്ടറി ജയ്സൺ ജോസഫ്, എൻഎപിഎം സംസ്ഥാന നേതാവ് കുസുമം ജോസഫ്, മുൻ എംഎൽഎ ജോസഫ് എം. പുതുശ്ശേരി, ഡിസിസി പ്രസിഡന്റ് പാലോട് രവി, ഡോ.ഡി.സുരേന്ദ്രനാഥ്, മാധ്യമ പ്രവർത്തകൻ പ്രമോദ് പുഴങ്കര, ഷാനിമോൾ ഉസ്മാൻ, ഫാ.റൊമാൻസ് ആന്റണി, ബിന്ദു കൃഷ്ണ, ഗോമതി, എൻ.സുബ്രഹ്മണ്യൻ, പി.ഇ.ഉഷ, വി.പി.സുഹറ, സണ്ണി എം.കപിക്കാട്, എസ്.രാജീവൻ, ജോർജ് മുല്ലക്കര, വി.പി.ജോർജ്, സുൽഫത്ത്, എ.ജയിംസ്, കെ. ശൈവപ്രസാദ്, എം.ഷാജർഖാൻ എന്നിവർ സംസാരിച്ചു. തിരുവനന്തപുരം ആസ്ഥാനമായി പ്രവർത്തിക്കുന്ന 'വൈറ്റ്റോസ്' സാംസ്കാരിക കൂട്ടായ്മ ആശമാരുടെ ജീവിതവും സമരവും ആലേഖനം ചെയ്യുന്ന 'ആശാഭരിതം' തെരുവു നാടകവും സമരഗാനങ്ങളും അവതരിപ്പിച്ചു. നിറകണ്ണുകളോടെയാണ് നാടകം നേതാക്കൾ അടക്കമുള്ള കാണികൾ കണ്ടത്. ■

# ഫാസിസത്തെ പൂർണ്ണമായി പരാജയപ്പെടുത്തുന്നതിനു മുന്നിലുള്ള കടമകളും മഹാനായ സ്റ്റാലിന്റെ പങ്കും

നാസി യുദ്ധയന്ത്രത്തിനെതിരായ വിജയകരമായ മുന്നേറ്റത്തിന്റെ ഭാഗമായി, സോവിയറ്റ് യൂണിയന്റെ റെഡ് ആർമി, ജർമ്മനിയുടെ അന്നത്തെ തലസ്ഥാനമായ ബർലിനെ നാസികളുടെ പിടിയിൽനിന്ന് മോചിപ്പിച്ചത് 1945 മെയ് 2നാണ്. ജർമ്മനി-ഇറ്റലി ജപ്പാൻ അച്ചുതണ്ട് ശക്തികളുടെ പരാജയം അതു ഫലത്തിൽ ഉറപ്പിച്ചു. പിന്മാറിക്കൊണ്ടിരിക്കുന്ന ജർമ്മൻ സൈന്യത്തെ പിന്തുടരവേ റെഡ് ആർമി നഗരത്തിലേക്ക് ഇരച്ചുകയറി, ജർമ്മൻ പാർലമെന്റായ റീച്ച്സ്റ്റാഗ് പിടിച്ചെടുക്കുകയും അതിന്റെ മേൽക്കൂരയിൽ ചെങ്കൊടി സ്ഥാപിക്കുകയും ചെയ്തു. 1945 മെയ് 8ന് ബെർലിനിൽ ജർമ്മൻ ഹൈക്കമാൻഡിന്റെ പ്രതിനിധികൾ റെഡ് ആർമിക്ക് നിരുപാധികമായി കീഴടങ്ങുന്ന ഉടമ്പടിയിൽ ഒപ്പുവച്ചു. അങ്ങനെ, ഫാസിസ്റ്റ് അച്ചുതണ്ടുശക്തികൾക്കെതിരെ സോവിയറ്റ് സൈന്യത്തെ സമർത്ഥമായി അണിനിരത്തി, ഹിറ്റ്ലറുടെ ഫാസിസ്റ്റ് ആക്രമണത്തിൽനിന്നു മനുഷ്യരാശിയെ രക്ഷിച്ച മഹാനായ സ്റ്റാലിന്റെ ഭാഷയിൽ: "ജർമ്മൻ ഫാസിസ്റ്റ് ആക്രമണകാരികൾക്കെതിരെ സോവിയറ്റ് ജനത നടത്തിയ മഹത്തായ ദേശാഭിമാനയുദ്ധം വിജയകരമായ ഒരു പരിസമാപ്തിയിൽ എത്തിയിരിക്കുന്നു; ജർമ്മനി പൂർണ്ണമായും പരാജയപ്പെട്ടിരിക്കുന്നു". ഇക്കഴിഞ്ഞ 2025 മെയ് 8 ആ മഹത്തായ വിജയത്തിന്റെ 80-ാം വാർഷികമായിരുന്നു.



ജോസഫ് സ്റ്റാലിൻ, 1937

## ജർമ്മനിയിൽ ഹിറ്റ്ലറുടെ ഉദയത്തിന്റെ പശ്ചാത്തലം

തോക്കിൻമുനയിൽ ലോകം കീഴടക്കാമെന്ന സ്വപ്നംകണ്ട ഹിറ്റ്ലറും സഖ്യകക്ഷികളും ചേർന്ന് സോവിയറ്റ് യൂണിയനുമേൽ അടിച്ചേൽപ്പിച്ചതാണീ യുദ്ധം. ഓസ്ട്രിയ, ഹംഗറി, തുർക്കി എന്നിവ ഉൾപ്പെടുന്ന, ഒന്നാം ലോകമഹായുദ്ധത്തിലെ പരാജയപ്പെട്ട കേന്ദ്രശക്തികളിൽ ഒന്നായ ജർമ്മനിയും ഫ്രാൻസ്, ഗ്രേറ്റ് ബ്രിട്ടൻ, റഷ്യ, ഇറ്റലി, ജപ്പാൻ, പിന്നീട് യുണൈറ്റഡ് സ്റ്റേറ്റ്സ് എന്നിവ ഉൾപ്പെടുന്ന സഖ്യശക്തികളും തമ്മിൽ 1919 ജൂൺ 28ന് ഒപ്പുവച്ച വെർസെയ്ൽസ് ഉടമ്പടി ആ യുദ്ധമവസാനിപ്പിക്കുകയും സമാധാനം സ്ഥാപിക്കുകയും ചെയ്തു എന്നത് ഓർക്കുക. ജർമ്മനിയിൽ സാമൂഹിക, സാമ്പത്തിക, രാഷ്ട്രീയ അസ്വസ്ഥതകളുടെ കാലമായിരുന്നു 1920കളുടെ തുടക്കം. ഒന്നാം ലോകമഹായുദ്ധത്തിന്റെ (1914–1918) പ്രത്യക്ഷഫലമായിരുന്നു ഈ അസ്വസ്ഥത. യുദ്ധത്തിൽ ജർമ്മനി പരാജയപ്പെട്ടു. തൽഫലമായി, ജർമ്മൻ സാമ്രാജ്യം തകർന്നു. വെയ്മർ റിപ്പബ്ലിക് എന്ന പുതിയ ജനാധിപത്യ റിപ്പബ്ലിക് ഇതിനു പകരമായി നിലവിൽവന്നു. 1919 ജൂണിൽ, വെയ്മർ റിപ്പബ്ലിക്കിന്റെ ജർമ്മൻ നേതാക്കൾ വെർസെയ്ൽസ് ഉടമ്പടിയിൽ ഒപ്പുവയ്ക്കാൻ നിർബന്ധിതരായി. ഒന്നാം ലോകമഹായുദ്ധം ആരംഭിക്കുന്നതിനുള്ള ഉത്തരവാദിത്തം ഏറ്റെടുക്കുകയും നഷ്ടപരിഹാരം നൽകുകയും ചെയ്യേണ്ടത് ഈ ഉടമ്പടിപ്രകാരം ജർമ്മനിയുടെ ചുമതലയിൽ വന്നു. പ്രദേശനഷ്ടങ്ങൾ, നിരായുധീകരണം എന്നിവയുൾപ്പെടെ ജർമ്മനിയുടെമേൽ കനത്ത ഭാരങ്ങൾ ഈ ഉടമ്പടി ചുമത്തി. യുദ്ധക്കടങ്ങളും നഷ്ടപരിഹാരം നൽകലും അമിത പണപ്പെരുപ്പത്തിനും ജർമ്മൻ കറൻസിയായ ഡ്യൂഷ്മാർക്കിന്റെ മൂല്യത്തകർച്ചയ്ക്കും കാരണമായി. ഒരു റൊട്ടിക്ക് 460 ബില്യൺ മാർക്ക് വരെ വിലയായി. പെട്ടെന്ന് തങ്ങളുടെ സമ്പാദ്യം മുഴുവൻ നഷ്ടപ്പെട്ടതായി ജർമ്മൻ ജനതയ്ക്ക് അനുഭവപ്പെട്ടപ്പോൾ വ്യവസായികൾ അവരുടെ ഭൗതിക സ്വത്തുക്കളും വിദേശരാജ്യങ്ങളുമായി വ്യാപാരം നടത്താനുള്ള കഴിവും മൂലം കുതിച്ചുയരുന്ന പണപ്പെരുപ്പത്തിൽനിന്ന് രക്ഷപ്പെട്ടു. യുദ്ധാനന്തരവർഷങ്ങളിൽ തൊഴിലില്ലായ്മയും കടുത്ത ദാരിദ്ര്യവും അനുഭവിച്ച ജർമ്മൻജനതയിൽ ഇതെല്ലാം അമർഷത്തിനും അസ്ഥിരതയ്ക്കും കാരണമായി.

സോവിയറ്റ് യൂണിയന്റെ സോഷ്യലിസ്റ്റ് സമ്പദ്‌വ്യവസ്ഥ ധീരമായ മുന്നേറ്റങ്ങൾ നടത്തുകയായിരുന്ന അപ്പോൾ. ലോകമെമ്പാടുമുള്ള ആളുകൾ അങ്ങനെ സോഷ്യലിസത്തിലേക്ക് ആകർഷിക്കപ്പെട്ടു. ഈ പശ്ചാത്തലത്തിൽ, ദേശീയഭ്രാന്തും പുറമേയ്ക്ക് സോഷ്യലിസ്റ്റ് എന്ന തോന്നിക്കുന്ന സമീപനങ്ങളും സംയോജിപ്പിച്ച മുദ്രാവാക്യങ്ങളുമായി ഹിറ്റ്ലർ തന്റെ നാഷണൽ സോഷ്യലിസ്റ്റ് ജർമ്മൻ വർക്കേഴ്സ് പാർട്ടി (നാസി) സ്ഥാപിച്ചു. വെർസെയ്ൽസ് ഉടമ്പടി സൃഷ്ടിച്ച കഠിനമായ സാമ്പത്തിക സാഹചര്യങ്ങളെയും ദേശീയ അപമാനത്തെയും കുറിച്ചുള്ള ജനങ്ങളുടെ പരാതികളെ ഉപയോഗപ്പെടുത്തി, ലോകം ജർമ്മൻ ജനതയോട് തെറ്റായി പെരുമാറിയെന്നും ലോകാധിപത്യത്തിനു കഴിവുള്ള ഒരു ഉയർന്ന വംശമാണ തങ്ങളുടേതെന്നും സ്ഥാപിക്കാനായി അവരുടെ മനസ്സിൽ അതു നിരന്തരം അടിച്ചേൽപ്പിക്കുക എന്നത് ഹിറ്റ്ലർ തന്റെ ലക്ഷ്യമാക്കി. ഒന്നാം ലോകയുദ്ധത്തിലെ വിജയികളിൽനിന്ന് ഇത്രയും നിഷ്ഠുരമായ അനീതി അവർ അർഹിക്കുന്നില്ല എന്നും അതിനാൽ, വെർസെയ്ൽസ് ഉടമ്പടി റദ്ദാക്കേണ്ടതാണെന്നും ആവശ്യപ്പെട്ടു. നിലവിലുള്ള ജർമ്മൻ ഡെമോക്രാറ്റിക് റിപ്പബ്ലിക്കിനെതിരെ ജനങ്ങളുടെ രോഷമുണർത്താൻ, ജർമ്മനി യുദ്ധത്തിൽ പരാജയപ്പെട്ടില്ല, മറിച്ച് റിപ്പബ്ലിക്ക് രാജ്യത്തെ വഞ്ചിക്കുകയായിരുന്നുവെന്നുമുള്ള കഥ അദ്ദേഹം പ്രചരിപ്പിച്ചു. "ഇന്നുവരെ, പാതി മനസ്സുള്ളവരും മടിയന്മാരും ജർമ്മനിയുടെ ശാപമായി തുടരുന്നു... വിമോചനത്തിന് സാമ്പത്തികനയത്തിനപ്പുറം ചിലതാവശ്യമാണ്, വ്യവസായത്തിനുമപ്പുറം ചിലത്; ജനങ്ങൾ സ്വതന്ത്രരാകണമെങ്കിൽ, അവർക്ക് അഭിമാനവും ഇച്ഛാശക്തിയും ശക്തിയും പ്രതിരോധവും വെറുപ്പും ആവശ്യമാണ്, വീണ്ടും വീണ്ടും വെറുപ്പ്." അതേസമയംതന്നെ ജൂതന്മാർക്കെതിരെ ഒരു വിദ്വേഷപ്രചാരണവും ആരംഭിച്ചു.

മ്യൂണിക്ക് നഗരത്തെ അടിസ്ഥാനമാക്കിയാണ് നാസി പാർട്ടി നിലനിന്നിരുന്നതെങ്കിലും 1923 നവംബറിൽ അത് ദേശീയശ്രദ്ധ നേടി. ആ മാസം, അഡോൾഫ് ഹിറ്റ്ലറുടെ നേതൃത്വത്തിലുള്ള നാസികൾ അക്രമം ഉപയോഗിച്ച് സർക്കാരിനെ അട്ടിമറിക്കാൻ ശ്രമിച്ചെങ്കിലും പരാജയപ്പെട്ടു. അത് ഹിറ്റ്ലറുടെ അറസ്റ്റിലും നാസി പാർട്ടിയുടെ താൽക്കാലിക നിരോധനത്തിലും കലാശിച്ചു. എന്നാൽ അത് ഹ്രസ്വകാലത്തേക്കായിരുന്നു. സ്ഥിതി കുറച്ചുകൂടി മെച്ചപ്പെട്ടപ്പോഴേയ്ക്കും മുഴുവൻ സാമ്രാജ്യത്വ-മുതലാളിത്ത ലോകവും 1929ലെ മഹാമാന്ദ്യത്തിലേക്ക് ആഴ്ന്നിറങ്ങി. ഒരു മുതലാളിത്തരാജ്യമെന്ന നിലയിൽ ജർമ്മനി പ്രത്യേകിച്ച് ആ പ്രതിസന്ധിയിൽ അകപ്പെട്ടു. ദശലക്ഷക്കണക്കിന് ജർമ്മൻകാർക്ക് തൊഴിൽ നഷ്ടപ്പെട്ടു. 1930കളുടെ തുടക്കത്തിൽ ജർമ്മനിയിൽ തൊഴിലില്ലായ്മ, പട്ടിണി, ദാരിദ്ര്യം, വീടില്ലായ്മ എന്നിവ ഗുരുതരമായ പ്രശ്നങ്ങളായി. ഇത് അന്നത്തെ ജർമ്മൻ ഡെമോക്രാറ്റിക് റിപ്പബ്ലിക്കിലുള്ള ജനങ്ങളുടെ വിശ്വാസം തകർത്തു. അരക്ഷിതവും കീഴ്മേൽമറിഞ്ഞതുമായ അത്തരമൊരു സാഹചര്യം, അതിമോഹങ്ങളുള്ള ഒരു ഫാസിസ്റ്റ് നേതാവായി ഹിറ്റ്ലർ ഉയർന്നുവരുന്നതിനു വഴിയൊരുക്കി.

## ഹിറ്റ്ലർ അധികാരത്തിലെത്തുന്നു

അക്രമത്തിലൂടെ അധികാരം പിടിച്ചെടുക്കുന്നതിൽ പരാജയപ്പെട്ടതിനെത്തുടർന്ന് ഹിറ്റ്ലറും നാസികളും തന്ത്രങ്ങൾ മാറ്റി. 1920 കളുടെ പകുതി മുതൽ അവർ തെരഞ്ഞെടുപ്പുകളിൽ വിജയിക്കുന്നതിലാണ് ശ്രദ്ധ കേന്ദ്രീകരിച്ചത്. ഭരിക്കാനുള്ള തങ്ങളുടെ നേതാക്കളുടെ കഴിവിൽ പല ജർമ്മൻകാർക്കും വിശ്വാസം നഷ്ടപ്പെട്ടു. മറുവശത്ത്, നാസി പാർട്ടിയും കമ്മ്യൂണിസ്റ്റ് പാർട്ടിയും ജനപ്രീതിയിൽ വളർന്നു. അവർ പത്രങ്ങളിലും തെരുവുകളിലും കൂടുതൽ കൂടുതൽ പ്രത്യക്ഷപ്പെടാൻ തുടങ്ങി. ജർമ്മൻ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ഉയർച്ചയിൽ ഹിറ്റ്ലർ അസ്വസ്ഥനായിരുന്നു. തുടർന്ന് അദ്ദേഹം ഒരു ഗൂഢാലോചന നടത്തി. ജർമ്മനിയുടെ എല്ലാ പ്രശ്നങ്ങൾക്കും ഉത്തരവാദികൾ ജൂതന്മാരും കമ്മ്യൂണിസ്റ്റുകളുമാണെന്നും അതേസമയം ജർമ്മൻകാരെ വംശീയമായും ഗോത്രപരമായും ഒന്നിപ്പിക്കുന്നത് നാസികളാണെന്നും അദ്ദേഹം അവകാശപ്പെട്ടു.

1930ലെ തെരഞ്ഞെടുപ്പുപ്രചാരണങ്ങളിൽ അദ്ദേഹം ജനങ്ങളോടു പറഞ്ഞു: "ജർമ്മനിയെ വീണ്ടും ഉയർത്താൻ, ശക്തവും ഭയജനകവുമാക്കാൻ, ജർമ്മൻകാരുടെ ജന്മാവകാശമായിരുന്ന അന്തസ്സ്, സുരക്ഷ, സമൃദ്ധി എന്നിവ പുനഃസ്ഥാപിക്കാൻ, പഴയ ജർമ്മൻ ഗുണങ്ങളായ അച്ചടക്കം, കഠിനാദ്ധ്വാനം, സ്വാശ്രയത്വം, സ്വാഭിമാനം എന്നിവ വീണ്ടെടുക്കാൻ ഒരു പുതിയ മനുഷ്യനെ, ഒരു പുതിയ പ്രസ്ഥാനത്തെ കണ്ടെത്തണം... ജർമ്മൻകാരാണ് ഭൂമിയിലെ ഏറ്റവും ശ്രേഷ്ഠരായ ജനത. യുദ്ധത്തിൽ നിങ്ങൾ പരാജയപ്പെട്ടതും അതിനുശേഷം വളരെയധികം കഷ്ടപ്പെട്ടതും നിങ്ങളുടെ തെറ്റല്ല. 1918ൽ നിങ്ങളോട് അസൂയയും ദേഷ്യവുമുള്ളവരാൽ നിങ്ങൾ വഞ്ചിക്കപ്പെടുകയും പിന്നീട് ചൂഷണം ചെയ്യപ്പെടുകയും ചെയ്തതുകൊണ്ടാണത് സംഭവിച്ചത്. ജർമ്മനി ഉയിർത്തെഴുന്നേൽക്കുകയും ശക്തി പുനഃസ്ഥാപിക്കുകയും ചെയ്യട്ടെ, സ്വന്തം പ്രതാപം ഓർക്കുകയും അതിന്റെ പഴയ കാലസ്ഥാനം വീണ്ടെടുക്കുകയും ചെയ്യട്ടെ. പുതിയൊരു തുടക്കത്തിനായി ബെർലിനിലെ പഴയ സംഘത്തെ നമുക്ക് തുരത്താം." *(അലൻ ബുള്ളോക്കിന്റെ 'ഹിറ്റ്ലർ' എന്ന കൃതിയിൽ നിന്ന് ഉദ്ധരിച്ചത്)* അങ്ങനെ,

(ശേഷം 11–ാം പേജിൽ)

# ഹിറ്റ്‌ലർ അധികാരത്തിലെത്തിയത് കുത്സിതനീക്കങ്ങളിലൂടെ

(10–ാം പേജിൽ നിന്ന്)

ജർമ്മനിയെ ഒരു മഹത്തായ യൂറോപ്യൻ ശക്തി എന്ന നിലയിലേക്കു മാത്രമല്ല ഒരു ലോകശക്തി എന്ന പദവിയിലേക്കും തിരികെ കൊണ്ടുവരുമെന്ന വാഗ്ദാനം ചെയ്തതിനൊപ്പം, ഒന്നാം ലോകമഹായുദ്ധത്തിൽ ജർമ്മനിക്കു നഷ്ടപ്പെട്ട പ്രദേശങ്ങൾ തിരിച്ചു പിടിക്കുമെന്നും ശക്തമായ ഒരു സ്വേച്ഛാധിപത്യ ജർമ്മൻസർക്കാർ സ്ഥാപിക്കുമെന്നും അദ്ദേഹം ഉറപ്പുനൽകി. ദേശീയ പാർലമെന്റിലേക്കുള്ള ആ തെരഞ്ഞെടുപ്പിൽ, നാസികൾ 18 ശതമാനം വോട്ട് നേടി. ആ വർഷം സംസ്ഥാന, തദ്ദേശ തെരഞ്ഞെടുപ്പുകളിലും അവർ മികച്ച പ്രകടനം കാഴ്ചവച്ചു. അന്നുമുതൽ, 1930 കളുടെ തുടക്കത്തിൽ നാസികൾ വോട്ടർമാരെ കീഴടക്കിക്കൊണ്ടിരുന്നു. 1932 ജൂലൈയിലെ പാർലമെന്റ് തെരഞ്ഞെടുപ്പിൽ നാസികൾ 37 ശതമാനം വോട്ട് നേടി. ഇത് മറ്റേതൊരു പാർട്ടിക്കും ലഭിച്ചതിനേക്കാൾ കൂടുതലായിരുന്നു. 1932 നവംബറിൽ, നാസിവോട്ടുകളുടെ വിഹിതം വീണ്ടും വർദ്ധിച്ചു. നാസി പാർട്ടിയുടെ ആവശ്യം അംഗീകരിച്ചുകൊണ്ട്, അന്നത്തെ ജർമ്മൻ പ്രസിഡന്റ് പോൾ വോൺ ഹിൻഡൻബർഗ് 1933 ജനവരി 30ന് ഹിറ്റ്‌ലറെ ജർമ്മനിയുടെ ചാൻസലറായി നിയമിച്ചു. ഒരു ഫാസിസ്റ്റ്, യുദ്ധവെറിയൻ നാസി ഭരണകൂടം സ്ഥാപിക്കപ്പെടുന്നതിനുള്ള നിമിത്തമെന്ന നിലയിൽ ഈ സംഭവം ജർമ്മൻ ചരിത്രത്തിൽ ഒരു വഴിത്തിരിവായി.

പിന്നീട് ഹിറ്റ്‌ലർ മറ്റൊരു തന്ത്രം പയറ്റി. 1933 ഫെബ്രുവരി 27ന് പൊടുന്നനെ ജർമ്മൻ പാർലമെന്റ് മന്ദിരമായ റൈക്സ്റ്റാഗ് കത്തിച്ചതായി കണ്ടെത്തി. തീപിടുത്തത്തിന് കമ്മ്യൂണിസ്റ്റുകളെ കുറ്റപ്പെടുത്തുന്നതിലും പിന്നീട് സമ്പൂർണ്ണ അധികാരം പിടിച്ചെടുക്കുന്നതിനുള്ള ഒരു മറയായി അതിനെ ഉപയോഗിക്കുന്നതിലും ഹിറ്റ്‌ലർ ഒട്ടും സമയം പാഴാക്കിയില്ല. റൈക്സ്റ്റാഗിലെ കമ്മ്യൂണിസ്റ്റ് ഡെപ്യൂട്ടികളെയും മറ്റ് കമ്മ്യൂണിസ്റ്റ് നേതാക്കളെയും അറസ്റ്റ് ചെയ്യാനും പൗരസ്വാതന്ത്ര്യം താൽക്കാലികമായി റദ്ദു ചെയ്യാനും നാസി നിയന്ത്രണത്തിലുള്ള പോലീസിന് അധികാരം നൽകുന്ന ഒരു റൈക്സ്റ്റാഗ് വെടിവയ്പ്പ് ഉത്തരവ് പ്രഖ്യാപിച്ചു. കമ്മ്യൂണിസ്റ്റുകളെയും സോഷ്യലിസ്റ്റുകളെയും ജർമ്മൻ പാർലമെന്റിൽ നിന്ന് പുറത്താക്കുകയും കമ്മ്യൂണിസ്റ്റ് ഡെപ്യൂട്ടികളെ അറസ്റ്റ് ചെയ്യുകയും ചെയ്തു.

കമ്മ്യൂണിസ്റ്റുകളിൽ നിന്ന് ജനങ്ങളെ അകറ്റുന്നതിലും തന്റെ അധികാരം കൂടുതൽ ഉറപ്പിക്കുന്നതിലും ഒരു ഫാസിസ്റ്റ് ഏകാധിപത്യ ഭരണകൂടം സ്ഥാപിക്കുന്നതിലേക്കു മുന്നേറുന്നതിലും ഹിറ്റ്‌ലർ വിജയിച്ചു. എന്നിരുന്നാലും, ചില ചരിത്രകാരന്മാർ വിശ്വസിക്കുന്നത്, സ്വന്തം അജണ്ട മുന്നോട്ടു കൊണ്ടുപോകുന്നതിനായി നാസികൾതന്നെ റൈക്സ്റ്റാഗിന് തീ വച്ചതാണെന്നാണ്. പിന്നീട് ഹിറ്റ്‌ലർ ജർമ്മനിയെ ജനാധിപത്യത്തിൽനിന്ന് സ്വേച്ഛാധിപത്യത്തിലേക്ക് മാറ്റാൻ തുടങ്ങി. 1934 ആഗസ്റ്റിൽ പ്രസിഡന്റ് ഹിൻഡൻബർഗ് മരിച്ചപ്പോൾ, ഹിറ്റ്‌ലർ സ്വയം ഫ്യൂറർ ("നേതാവ്" എന്നർത്ഥം) ആയി പ്രഖ്യാപിച്ചു. അന്നുതൊട്ട് ഹിറ്റ്‌ലർ ജർമ്മനിയുടെ സ്വേച്ഛാധിപതിയായി.

പക്ഷേ ഹിറ്റ്‌ലർ ഒരു അട്ടിമറിയിലൂടെ അധികാരം പിടിച്ചെടുക്കുകയോ അധികാരത്തിലേക്ക് നേരിട്ടു തെരഞ്ഞെടുക്കപ്പെടുകയോ ചെയ്തില്ല. 1936ൽ പാർലമെന്റ് തെരഞ്ഞെടുപ്പ് വന്നപ്പോൾ സാധാരണ വോട്ടെടുപ്പിനു പകരം നാസിജർമ്മൻ ഭരണവൃന്ദം ഒരു റഫറണ്ടമാണു (ഒരു പ്രത്യേക നയത്തെക്കുറിച്ചുള്ള നേരിട്ടുള്ള വോട്ട്) നടത്തിയത്. ചാൻസലർ, പ്രസിഡന്റ് എന്നീ സ്ഥാനങ്ങൾ സംയോജിപ്പിക്കുന്നതിന് അംഗീകാരം നൽകുന്നോ എന്ന് വോട്ടർമാരോടു ചോദിച്ചു. ഫ്യൂറർ, റൈക്ചാൻസലർ എന്നീ നിലകളിൽ അഡോൾഫ് ഹിറ്റ്‌ലർക്ക് പ്രസിഡന്റിന്റെ അധികാരം നൽകുന്നത് അംഗീകരിക്കുന്നുണ്ടോ എന്നും അവരോടു ചോദിച്ചു. അതിനുമുമ്പ്, 1936 മാർച്ച് 7ന് ജൂതന്മാരുടെയും റൊമാനികളുടെയും വോട്ടവകാശം അസാധുവാക്കിയിരുന്നു. 1934ലേതിനു സമാനമായ എണ്ണം വോട്ടർമാരെ ഉറപ്പാക്കുന്നതിനും യുവജർമ്മൻകാർക്ക് നാസി ഭരണവൃന്ദത്തോടുള്ള താരതമ്യേന ആവേശകരമായ പിന്തുണ ചൂഷണം ചെയ്യുന്നതിനുമായി നാസികൾ വോട്ടിംഗ് പ്രായം കുറയ്ക്കുകയും ചെയ്തു.

അതിനാൽ, റഫറണ്ടം സ്വതന്ത്രമോ നീതിയുക്തമോ ആയിരുന്നില്ല. എന്നാൽ പല ജർമ്മൻകാരും ഹിറ്റ്‌ലറെയും നാസി ഭരണകൂടത്തെയും ആത്മാർത്ഥമായും ആവേശത്തോടെയും പിന്തുണച്ചു. 90 ശതമാനം വോട്ടർമാരും ഹിറ്റ്‌ലറുടെ പ്രവർത്തനങ്ങളെ അംഗീകരിച്ചതായി ഫലങ്ങൾ കാണിച്ചു. ഇതോടെ, അദ്ദേഹത്തിന്റെ അധികാരത്തിന് നിയമപരമോ ഭരണഘടനാപരമോ ആയ പരിധികളൊന്നും പിന്നീടുണ്ടായില്ല.

## സെമറ്റിക് വിരുദ്ധതയും തീവ്രദേശീയ ഭ്രാന്തും വളർത്തുക എന്ന ഹിറ്റ്‌ലറുടെ ഇരട്ടതന്ത്രം

ഹിറ്റ്‌ലറുടെ ദേശീയതയുടെ ഒരു അവിഭാജ്യ ഘടകമായിരുന്നു അദ്ദേഹത്തിന്റെ സെമിറ്റിക് വിരുദ്ധത. തങ്ങളുടെ എല്ലാ കഷ്ടപ്പാടുകൾക്കും ഉത്തരവാദിയാക്കി കാണിക്കാവുന്ന ഒരു ശത്രുവിനെതിരെ ജനങ്ങളുടെ എല്ലാ രോഷവും തിരിച്ചുവിടുന്നതിലൂടെയാണ് അവരുടെ ഏകീകരണം ഏറ്റവും നന്നായി നടക്കുക എന്ന് അദ്ദേഹം വ്യക്തമായി തിരിച്ചറിഞ്ഞു. അതനുസരിച്ച്, സമൂഹത്തെ ബാധിക്കുന്ന എല്ലാ ദോഷങ്ങൾക്കും ഉത്തരവാദികളായ ഒരു ബലിയാടിനെ അദ്ദേഹം ജൂതന്മാരിൽ കണ്ടെത്തി. ദേശീയഭ്രാന്ത് വളർത്തുന്നതോടൊപ്പം താഴ്ന്ന മധ്യവർഗത്തെയും തൊഴിലാളിവർഗത്തെയും ആകർഷിക്കുന്നതിനായി ഹിറ്റ്‌ലർ, റാഡിക്കൽ സോഷ്യലിസത്തിന്റെ മട്ടിലുള്ള ഒരു പരിപാടി ആവിഷ്കരിച്ചു. ശരിയായ രാഷ്ട്രീയബോധം ഇല്ലാതിരുന്ന സാധാരണ ജർമ്മൻകാർക്ക് കുഴപ്പങ്ങളും അരക്ഷിതാവസ്ഥയും സൃഷ്ടിക്കുന്ന കാരണങ്ങളെക്കുറിച്ച് വ്യക്തമായ ധാരണയില്ലായിരുന്നു, അതിനാൽ അവരുടെ ദുരിതത്തിൽനിന്ന് രക്ഷപ്പെടാൻ ഒരു വഴിയുമില്ലായിരുന്നു. തൽഫലമായി, അവർ ഹിറ്റ്‌ലറുടെ അത്തരം ആകർഷകമായ പ്രചാരണത്തിൽ എളുപ്പം വീണുപോകുകയും സമ്പന്നവും ശക്തവുമായി ഉയിർത്തെഴുന്നേൽക്കുന്ന ജർമ്മനിയെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ തിളങ്ങുന്ന വാഗ്ദാനങ്ങളാൽ ആകർഷിക്കപ്പെടുകയും ചെയ്തു. ആ സമയത്ത്, ജർമ്മനിയുടെ വസ്തുനിഷ്ഠസാഹചര്യം മുതലാളിത്തവിരുദ്ധ സോഷ്യലിസ്റ്റ് വിപ്ലവത്തിന് പാകമായിരുന്നു.

ഭരിക്കുന്ന ജർമ്മൻബൂർഷ്വാസിയുടെ ഏറ്റവും വിശ്വസ്തനായ രാഷ്ട്രീയകാര്യകർത്താവ് എന്ന നിലയിൽ, ഇതു മനസ്സിലാക്കാൻ ഹിറ്റ്‌ലർക്കു കഴിഞ്ഞു, അതിനാൽ അത്തരമൊരു സാധ്യത യാഥാർത്ഥ്യമാകുന്നത് തടയാൻ അദ്ദേഹം ശ്രമിച്ചു.

## ജർമ്മൻമുതലാളിമാരുടെ ആകമാന താൽപര്യങ്ങൾ സംരക്ഷിക്കാനുള്ള ഹിറ്റ്‌ലറുടെ ശ്രമം

കപടസോഷ്യലിസത്തെക്കുറിച്ചുള്ള തന്റെ സ്തുതിവചനങ്ങളാൽ ജനങ്ങളെ വഞ്ചിച്ചുകൊണ്ട്, കമ്മ്യൂണിസ്റ്റ് വിപ്ലവത്തിന്റെ ഭീഷണിയിൽനിന്ന് തങ്ങളുടെ സമഗ്ര വർഗതാൽപ്പര്യം രക്ഷിച്ചെടുക്കാൻ കഴിയുന്ന ഒരേയൊരു രാഷ്ട്രീയശക്തിയായി അദ്ദേഹത്തെ, ഭരിക്കുന്ന ജർമ്മൻബൂർഷ്വാസി കണ്ടു. ജർമ്മൻ മുതലാളിവർഗ്ഗത്തിന്റെ ആകമാനതാൽപ്പര്യം സംരക്ഷിക്കുന്നതിനായി, ഹിറ്റ്‌ലർ എല്ലാ ചെറുകിടമൂലധനസംരംഭങ്ങളും പിരിച്ചുവിടുകയും കുത്തകമൂലധനത്തിന്റെ വളർച്ചയെ കൂടുതൽ ശക്തിപ്പെടുത്തുകയും ചെയ്തു. തൽഫലമായി, ദേശീയതലത്തിൽ കുത്തകകളുടെ ലാഭം 1932ലെ 175 ദശലക്ഷം ഡ്യൂഷ്മാർക്കിൽനിന്ന്

**ഫാസിസ്റ്റ്‌വിരുദ്ധ പോരാട്ടത്തിന്റെ കടമകൾ**



1938 ആയപ്പോഴേയ്ക്കും 500 കോടി ഡ്യൂഷ്മാർക്കായി ഉയർന്നു. അതേസമയം, ജീവിതച്ചെലവ് വർദ്ധിച്ചിട്ടും തൊഴിലാളികളുടെ വേതനം കുറഞ്ഞുകൊണ്ടുമിരുന്നു. ഹിറ്റ്‌ലറുടെ സോഷ്യലിസത്തിന്റെ കപടതന്ത്രമായിരുന്നു അത്. തെറ്റുപറ്റാത്ത, വർഗ്ഗത്തിനും വിമർശനത്തിനും അതീതനായ പരമോന്നതനേതാവാണു താനെന്ന്, പാർട്ടി അനുയായികളെയും ജർമ്മൻജനതയെയും ബോധ്യപ്പെടുത്തുന്നതിൽ ഹിറ്റ്‌ലർ വിജയിച്ചു. രാജ്യത്തിന്റെ രക്ഷകനായ, ദൈവേച്ഛയെ പ്രതിനിധീകരിക്കുന്ന അദ്ദേഹം സ്വാതന്ത്ര്യം, അവകാശം, നീതി, ധാർമ്മികത എന്നീ മാനുഷികസങ്കൽപ്പങ്ങളാൽ നിയന്ത്രിക്കപ്പെടാൻ പാടില്ല. മറിച്ച് അദ്ദേഹത്തെ അന്ധമായി പിന്തുടരുകയും അനുസരിക്കുകയും ചെയ്യേണ്ടതാകുന്നു. അടിച്ചമർത്തലിന്റെയും പ്രേരണയുടെയും നയത്തോടൊപ്പം, അതിമാനുഷനും പരമോന്നതനിയന്താവും എന്ന നിലയിലുള്ള ഈ നേതൃപൂജയും ഫാസിസത്തിന്റെ ഒരു സവിശേഷതയാണ്.

അന്നുമുതൽ, ആസന്നമായ ഒരു യുദ്ധത്തിന്റെ മുറവിളി കേൾക്കാൻ തുടങ്ങി. എന്നാൽ ഹിറ്റ്‌ലറുടെ ഉദ്ദേശ്യത്തിന്റെ യഥാർത്ഥ വ്യാപ്തി അളക്കാൻ കഴിയാതെ, ഗ്രേറ്റ് ബ്രിട്ടനും ഫ്രാൻസും ഇറ്റലിയും 1938ൽ മ്യൂണിക്കിൽ ഒരു കരാറിൽ ഒപ്പുവച്ചു, അതായത് ചെക്കോസ്ലോവാക്യയിലെ, ജർമ്മൻ സംസാരിക്കുന്ന വലിയൊരു ജനവിഭാഗം അടങ്ങുന്ന സുഡെറ്റെൻലാൻഡ് മേഖലയെ നാസിജർമ്മനിയോടു കൂട്ടിച്ചേർക്കാൻ അനുവദിച്ചു. വലിയ തോതിലുള്ള യുദ്ധം തടയുക എന്ന ലക്ഷ്യത്തോടെയുള്ള, പ്രീണനത്തിന്റേതായ നയത്താൽ നയിക്കപ്പെട്ട ബ്രിട്ടന്റെയും ഫ്രാൻസിന്റെയും ഈ തീരുമാനം, ഹിറ്റ്‌ലർ തന്റെ പ്രദേശിക അധിനിവേശ പദ്ധതി തുടർന്നതിനാൽ പരാജയപ്പെട്ടു.

## ഇറ്റലിയും ജപ്പാനും ഹിറ്റ്‌ലറുമായി ചേരുന്നു

മറുവശത്ത്, ഒന്നാം ലോകമഹായുദ്ധത്തിനുശേഷം ഇറ്റലിയിൽ ഫാസിസ്റ്റ് പാർട്ടി രൂപീകരിച്ച ബെനിറ്റോ മുസോളിനി, 1922ൽ ഇറ്റലിയിൽ അധികാരം പിടിച്ചെടുക്കുകയും "ഭരണകൂടവും അതിന്റെ എല്ലാ രൂപങ്ങളും തുലയട്ടെ" എന്ന മുദ്രാവാക്യം ഉയർത്തുകയും ചെയ്തു. അതനുസരിച്ച്, അദ്ദേഹം ജനാധിപത്യ ഗവൺമെന്റിന്റെ സ്ഥാപനങ്ങളെ പൊളിച്ചുമാറ്റുകയും 1925ൽ സ്വയം സ്വേച്ഛാധിപതിയായി പ്രഖ്യാപിക്കുകയും ചെയ്തു. രാഷ്ട്രീയ എതിരാളികളെ ഭയപ്പെടുത്തുന്നതിനായി 'കറുത്ത ഷർട്ടുകാർ' എന്നറിയപ്പെടുന്ന അദ്ദേഹത്തിന്റെ സായുധസംഘങ്ങൾ രൂപീകരിക്കപ്പെട്ടു. 1935ൽ അബിസീനിയ (ഇപ്പോഴത്തെ എത്യോപ്യ) ആക്രമിക്കുകയും സ്പാനിഷ് ആഭ്യന്തരയുദ്ധത്തിൽ ഫ്രാങ്കോയ്ക്ക് സൈനികപിന്തുണ നൽകുകയും ചെയ്തശേഷം 1939ൽ അദ്ദേഹം ഹിറ്റ്‌ലറുമായി കൈകോർത്തു. 1940 സെപ്റ്റംബർ 27ന് ജർമ്മനിയുമായും ഇറ്റലിയുമായും ത്രികക്ഷികരാറിൽ ഒപ്പുവച്ചുകൊണ്ട് ജപ്പാൻ, ഔദ്യോഗികമായി ഫാസിസ്റ്റ് അച്ചുതണ്ടുശക്തികളോടൊപ്പം ചേർന്നു.

## യുദ്ധം അടുത്തെത്തിയെന്ന് മഹാനായ സ്റ്റാലിനു മനസ്സിലായി

സാമ്രാജ്യത്വശക്തികളാൽ ഏതു സമയത്തും ആക്രമിക്കപ്പെടാമെന്ന ഭീഷണി നേരിടുന്ന ഏക സോഷ്യലിസ്റ്റ് രാജ്യമായിരുന്നു മഹാനായ സ്റ്റാലിന്റെ നേതൃത്വത്തിലുള്ള സോവിയറ്റ് യൂണിയൻ അന്ന്. അതിനാൽ, പുറമേനിന്നുള്ള ആക്രമണവും യുദ്ധത്തിൽ പെട്ടുപോകുന്നതും കാരണം സോഷ്യലിസത്തിന്റെ മുന്നോട്ടുള്ള മുന്നേറ്റത്തിന് തടസ്സമുണ്ടാകാതെ നോക്കേണ്ടത് സ്റ്റാലിന്റെ കടമയായി. ഹിറ്റ്‌ലറെ ചെറുക്കുന്നതിന് ബ്രിട്ടനും ഫ്രാൻസുമായി ശക്തമായ ഒരു സൈനികസഖ്യത്തിന് അദ്ദേഹം ശ്രമിച്ചു. എന്നാൽ ഹിറ്റ്‌ലർ, സോവിയറ്റ് സോഷ്യലിസത്തെ തകർക്കണമെന്ന് ആഗ്രഹിച്ച പാശ്ചാത്യസാമ്രാജ്യത്വശക്തികൾ അതിനു വിസമ്മതിച്ചു. ആ സമയത്ത് സോവിയറ്റ് യൂണിയനുമായി ഒരു കരാറിൽ ഏർപ്പെടാൻ അവർ വിസമ്മതിച്ചത്, ആത്യന്തികമായി മനുഷ്യരാശിക്ക് വലിയ നാശനഷ്ടങ്ങൾ വരുത്തിവച്ചതായി, യുദ്ധം പൊട്ടിപ്പുറപ്പെടാനിടയാക്കിയ സംഭവങ്ങളിൽനിന്നു വെളിപ്പെട്ടു.

ഇക്കാര്യത്തിൽ, ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിലെ വിട്ടുവീഴ്ചയില്ലാത്ത നിലപാടിന്റെ മുഖവും അതിന്റെ ആദരണീയനായ നേതാവുമായിരുന്ന നേതാജി സുഭാഷ് ചന്ദ്രബോസിന്റെ നിരീക്ഷണം ശ്രദ്ധാർഹമാണ്. സോവിയറ്റ് യൂണിയനെ നശിപ്പിക്കാനുള്ള സാമ്രാജ്യത്വക്കൂട്ടായ്മയുടെ ഗൂഢാലോചനയെക്കുറിച്ച് 1939ൽ ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ ത്രിപുരി സമ്മേളനത്തിൽ, കോൺഗ്രസ് പ്രസിഡന്റ് എന്ന നിലയിൽ അദ്ദേഹം തന്റെ ഉത്കണ്ഠ പ്രകടിപ്പിച്ചിരുന്നു. "ജനാധിപത്യ ശക്തികളെന്നു പറയപ്പെടുന്ന ഫ്രാൻസും ഗ്രേറ്റ് ബ്രിട്ടനും, ഇറ്റലിയും ജർമ്മനിയുമായിച്ചേർന്ന് യൂറോപ്യൻ രാഷ്ട്രീയത്തിൽനിന്നു സോവിയറ്റ് റഷ്യയെ

(ശേഷം 12–ാം പേജിൽ)

**ഫാസിസ്റ്റ്‌വിരുദ്ധ പോരാട്ടത്തിന്റെ കടമകൾ**

# ജർമ്മനി മാത്രമല്ല എല്ലാ സാമ്രാജ്യത്വ രാജ്യങ്ങളും സോവിയറ്റ് യൂണിയന്റെ പതനം ആഗ്രഹിച്ചിരുന്നു

*(11–ാം പേജിൽ നിന്ന്)*

ഇല്ലാതാക്കാൻ ഗൂഢാലോചന നടത്തി... ഹിറ്റ്ലറിസത്തിന്റെ പരാജയമെന്നാൽ കമ്മ്യൂണിസത്തിന്റെ സ്ഥാപനം എന്നാണർത്ഥം." *(ക്രോസ് റോഡ്സ്)*

## ചരിത്രപരമായ മോസ്കോ വിചാരണ

എന്നാൽ യുദ്ധത്തിനു മുമ്പുള്ള സോവിയറ്റ് യൂണിയന്റെയും സ്റ്റാലിന്റെയും യാത്ര സുഗമവും സമാധാനപരവുമായിരുന്നില്ല. മുൻനിര കമ്മിറ്റികളിൽ ഉണ്ടായിരുന്ന ട്രോട്സ്കി, ബുഖാരിൻ, കാമനേവ്, സിനോവീവ് തുടങ്ങിയ വിപ്ലവവിരുദ്ധർ അവരുടെ സ്ഥാനം ഉപയോഗിച്ച് പാർട്ടിയിലും ഭരണകൂടത്തിലും റെഡ് ആർമിയിലും രഹസ്യഗ്രൂപ്പുകൾ രൂപീകരിക്കുകയും അവരുടെ പാർട്ടി വിരുദ്ധ, ഭരണകൂടവിരുദ്ധ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുകയും ചെയ്തു. ഈ ഗൂഢാലോചനക്കാർ രണ്ടാം ലോകമഹായുദ്ധത്തിനു തൊട്ടുമുമ്പ് നാസിജർമ്മനിയുമായി ഒരു രഹസ്യ കരാർ ഉണ്ടാക്കി. സോവിയറ്റ് യൂണിയനെതിരായ ഹിറ്റ്ലറുടെ ആക്രമണം മുതലെടുത്ത്, പാർട്ടിയുടെയും ഭരണകൂടത്തിന്റെയും നേതാക്കളെ കൊല്ലുക, ഒരു സൈനിക അട്ടിമറി നടത്തി അധികാരം പിടിച്ചെടുക്കുക എന്ന പദ്ധതിയുടെ ഒരു രൂപരേഖ തയ്യാറാക്കപ്പെട്ടു. രണ്ടാം ലോകമഹായുദ്ധം ആരംഭിക്കുന്നതിനു തൊട്ടുമുമ്പ്, പാർട്ടിയുടെയും ഭരണകൂടത്തിന്റെയും ഏറ്റവും പ്രമുഖ നേതാക്കളിലൊരാളും നയരൂപീകരണ സംഘത്തിലെ അംഗവുമായ, സ്റ്റാലിന്റെ വിശ്വസ്ത കൂട്ടാളി സെർഗെയ് കിറോവ് ലെനിൻഗ്രാഡിലെ ഒരു സംരക്ഷിതസ്ഥലത്തുവച്ച് കൊല്ലപ്പെട്ടപ്പോൾ ഈ ഗൂഢാലോചന പുറത്തുവന്നു.

പാർട്ടി, ഭരണകൂടം, റെഡ് ആർമി എന്നിവയുടെ വിവിധ തലങ്ങളിൽ, പ്രതിവിപ്ലവരഹസ്യസംഘങ്ങൾ സജീവമായിരുന്നെന്നും വരാനിരിക്കുന്ന യുദ്ധം മുതലെടുത്ത് പ്രതിവിപ്ലവത്തിന് പ്രേരിപ്പിക്കാൻ കാത്തിരിക്കുകയാണെന്നും അന്വേഷണത്തിൽ കണ്ടെത്തി. അതിനാൽ, സ്റ്റാലിന് കർശന നടപടികൾ സ്വീകരിക്കുകയല്ലാതെ മറ്റ് മാർഗമില്ലായിരുന്നു. 1933നും 1938നും ഇടയിൽ നടന്ന വിവിധ കേസുകളുടെ വിചാരണയിലൂടെ ഗൂഢാലോചനയുടെ ഭീകരതയെക്കുറിച്ച് ലോകം മുഴുവൻ മനസ്സിലാക്കി. 1933 മുതൽ, ഈ രാജ്യദ്രോഹികളുടെ വിചാരണകൾ പരസ്യമായും പൂർണ്ണമായി പൊതുജനങ്ങളുടെ മുന്നിലുമായിരുന്നു. സ്റ്റാലിന്റെയോ മറ്റുള്ളവരുടെയോ ഇടപെടലില്ലാതെയും കുറ്റാരോപിതർക്ക് അവരുടെ അഭിപ്രായങ്ങൾ പ്രകടിപ്പിക്കാൻ പൂർണ്ണ സ്വാതന്ത്ര്യം നൽകിയും ഇത്തരമൊരു വിചാരണ ലോകത്ത് അഭൂതപൂർവമായിരുന്നു. മറ്റു രാജ്യങ്ങളിൽനിന്നുള്ള പത്രപ്രവർത്തകർ, അഭിഭാഷകർ, നയതന്ത്രജ്ഞർ, രാഷ്ട്രീയ നേതാക്കൾ എന്നിവരെ വിചാരണ മുറികളിൽ സന്നിഹിതരാകാൻ ക്ഷണിച്ചു, നിരവധി പേർ പങ്കെടുത്തു. രാജ്യത്തിനെതിരെ പ്രവർത്തിച്ച രാജ്യദ്രോഹികളുടെ ഒരു തുറന്ന വിചാരണ, അതും വിദേശപൗരന്മാരുടെ സാന്നിധ്യത്തിൽ, ലോകത്തിലെ ഒരു രാജ്യത്തും മുമ്പ് നടന്നിട്ടില്ല. വിചാരണ വേളയിൽ സന്നിഹിതരായിരുന്ന എല്ലാ വിദേശ പ്രമുഖരും ഒരേസ്വരത്തിൽ പറഞ്ഞത്, ലോകം ഇതിനുമുമ്പ് ഒരിക്കലും ഇത്രയും ജനാധിപത്യപരമായ രീതിയിൽ വിധി പ്രസ്താവിച്ചതു കണ്ടിട്ടില്ല എന്നാണ്. വലിയൊരു ഗൂഢാലോചന നടന്നിട്ടുണ്ടെന്നതിൽ സംശയമില്ല എന്നും അവർ പറഞ്ഞു.

സോവിയറ്റ് യൂണിയനിലെ അന്നത്തെ അമേരിക്കൻ അംബാസഡറും വിചാരണകളുടെ ദൃക്സാക്ഷിയുമായ ജോസഫ് ഡേവിസ് "മിഷൻ ടു മോസ്കോ" എന്ന തന്റെ പ്രസിദ്ധപുസ്തകത്തിൽ എഴുതിയത്, നടപടിക്രമങ്ങൾ നിരീക്ഷിച്ചശേഷം കുറ്റം സമ്മതിക്കാൻ പ്രതികളിൽ ഒരു നിർബന്ധവും ചെലുത്തിയിട്ടില്ലെന്നും പ്രതികളുടെ കുറ്റകൃത്യങ്ങൾ സംശയാതീതമായി തെളിയിക്കാൻ സോവിയറ്റ് ഭരണകൂടത്തിന് കഴിഞ്ഞിട്ടുണ്ടെന്നുമാണ്.

വിചാരണയ്ക്കുശേഷം ബോൾഷെവിക് പാർട്ടിയെ രാജ്യദ്രോഹികളിൽനിന്നും ഗൂഢാലോചനക്കാരിൽനിന്നും മോചിപ്പിക്കുന്നതിനുള്ള ഒരു വലിയ ശുദ്ധീകരണം നടന്നു. ഈ ശുദ്ധീകരണത്തെ പലരും സ്റ്റാലിന്റെ ക്രൂരതയും ധിക്കാരവും ആയി വിമർശിച്ചു. എന്നാൽ ഈ കടുത്ത നടപടി സ്വീകരിച്ചിരുന്നില്ലെങ്കിൽ സോവിയറ്റ് സോഷ്യലിസം അപകടത്തിലാകുമായിരുന്നുവെന്നും ഹിറ്റ്ലറുടെ ഫാസിസത്തിനെതിരെ വീരോചിതമായി വിജയിച്ച പോരാട്ടം നടത്താൻ കഴിയുമായിരുന്നില്ലെന്നും ചരിത്രം തെളിയിച്ചിട്ടുണ്ട്. തെറ്റുകളിൽനിന്ന് മുക്തമായിരുന്നില്ല എല്ലാ പ്രവർത്തനങ്ങളും എന്ന് സമ്മതിച്ചുകൊണ്ട് സ്റ്റാലിൻ പറഞ്ഞു: "ശുദ്ധീകരണത്തോടൊപ്പം ഗുരുതരമായ തെറ്റുകളൊന്നും ഉണ്ടായില്ല എന്ന് പറയാനാവില്ല. നിർഭാഗ്യവശാൽ പ്രതീക്ഷിച്ചതിലും കൂടുതൽ തെറ്റുകൾ സംഭവിച്ചു... എന്നിരുന്നാലും, 1933–36ലെ ശുദ്ധീകരണം ഒഴിവാക്കാനാവാത്തതായിരുന്നു, മൊത്തത്തിൽ അതിന്റെ ഫലങ്ങൾ പ്രയോജനകരമായിരുന്നു." *(ലെനിനിസത്തിന്റെ പ്രശ്നങ്ങൾ)*

**പടിഞ്ഞാറൻമേഖലയിൽ ഒരു രണ്ടാംമുന്നണി തുറക്കണമെന്ന് സ്റ്റാലിൻ സഖ്യകക്ഷികളോട് ആവർത്തിച്ച് ആവശ്യപ്പെട്ടു. എന്നാൽ നാസികൾ സോവിയറ്റ് യൂണിയനെ പരാജയപ്പെടുത്തുമെന്ന് പ്രതീക്ഷിച്ചിരുന്ന 'സഖ്യകക്ഷികൾ', രണ്ടാംമുന്നണി തുറക്കുന്നത് യുദ്ധത്തിന്റെ അവസാന നാളുകൾവരെ മാറ്റിവച്ചു. ഫലത്തിൽ സോവിയറ്റ് യൂണിയൻ ഫാസിസ്റ്റുകളുടെ (ജർമ്മനി–ഇറ്റലി– ജപ്പാൻ) സംയുക്തസൈനികശക്തിക്കെതിരെ ഒറ്റയ്ക്ക് പോരാടുകയായിരുന്നു.**

1942 ഫെബ്രുവരി 16ന് നടത്തിയ റേഡിയോ പ്രസംഗത്തിൽ, കടുത്ത സാമ്രാജ്യത്വവാദിയും കമ്മ്യൂണിസ്റ്റ് വിരുദ്ധനുമായ ബ്രിട്ടീഷ് പ്രധാനമന്ത്രി ചർച്ചിലിനുപോലും, റഷ്യയിൽ ഹിറ്റ്ലർക്ക് ഒരു അഞ്ചാം പത്തിയെ(നാസി ചാരന്മാരെ) പോലും ലഭിച്ചില്ലെന്ന് പറയേണ്ടിവന്നു. 1943 മെയ് 8ന് ഹിറ്റ്ലറുടെ മുഖ്യസഹായികളിൽ ഒരാളായ ഗോറിംഗ് പോലും തന്റെ ഡയറിയിൽ, 'റെഡ് ആർമിയിൽ ഞാൻ പ്രതീക്ഷിച്ച തകർച്ച സംഭവിച്ചില്ല' എന്ന് ഹിറ്റ്ലർ ഖേദപൂർവ്വം അറിയിച്ചുവെന്ന് എഴുതിയിരുന്നു. എന്തുകൊണ്ട് അങ്ങനെ സംഭവിച്ചു? കാരണം, അഞ്ചാംപത്തികളെ സംഘടിപ്പിക്കാനുള്ള എല്ലാ ശ്രമങ്ങളെയും തന്റെ വിപ്ലവകരമായ ശേഷി ഉപയോഗിച്ച് സ്റ്റാലിൻ തുടച്ചുനീക്കി.

ആൽബർട്ട് ഐൻസ്റ്റീൻ പോലും പറഞ്ഞു: "റഷ്യൻ വിചാരണകൾ വ്യാജമല്ല എന്നും, വിപ്ലവത്തിന്റെ ആശയങ്ങളെ വഞ്ചിച്ച ഒരു പിന്തിരിപ്പൻ വിഡ്ഢിയായി, സ്റ്റാലിനെ കാണുന്നവരിൽ, ഒരു ഗൂഢാലോചനയുണ്ട് എന്നുമുള്ളതിന്റെ സൂചനകൾ വർദ്ധിച്ചുവരികയാണ്... നുണകളും വഞ്ചനയും അടിസ്ഥാനമാക്കിയുള്ള ഏകാധിപതിയുടെ സ്വേച്ഛാധിപത്യപരമായ പ്രവൃത്തികളുടെ ഉദാഹരണമായിരുന്നു ഇതെന്ന് എനിക്ക് തോന്നിത്തുടങ്ങിയിരുന്നു, പക്ഷേ അതൊരു മിഥ്യയായിരുന്നു." *(ശാസ്ത്രം ദൈവത്തെ കണ്ടെത്തിയോ – എ.കെ. കോട്ടൺ)*

ഒരു അഭിമുഖത്തിൽ സ്റ്റാലിനെ കണ്ടതിനുശേഷം അദ്ദേഹത്തെക്കുറിച്ചു തനിക്കുണ്ടായ അഭിപ്രായം വിവരിക്കുമ്പോൾ, റൊമെയ്ൻ റോളണ്ട് തന്റെ മോസ്കോ ഡയറിയിൽ ഇങ്ങനെ കുറിച്ചു, "അദ്ദേഹം സ്വന്തം അഭിപ്രായം മറ്റുള്ളവരിൽ അടിച്ചേൽപ്പിക്കുന്നില്ല. സ്വന്തം തീരുമാനങ്ങൾ പുനഃപരിശോധിക്കാനും അവയിൽ ഭേദഗതികൾ വരുത്താനും അദ്ദേഹം എപ്പോഴും തയ്യാറാണെന്ന് എനിക്ക് തോന്നി."

## ജർമ്മനിയുമായി ഒരു അനാക്രമണ സന്ധിയിൽ ഏർപ്പെടുക എന്ന സ്റ്റാലിന്റെ ബുദ്ധിപരമായ തന്ത്രം

ഹിറ്റ്ലർ സോവിയറ്റ് യൂണിയന്റെ ശക്തിയെ കുറച്ചുകാണുകയായിരുന്നുവെന്നും തുടക്കത്തിൽ, തന്റെ ശക്തരായ പാശ്ചാത്യ ശത്രുക്കളെ കീഴടക്കാനാണ് അദ്ദേഹം കൂടുതൽ ആഗ്രഹിച്ചിരുന്നതെന്നും സ്റ്റാലിന് മനസ്സിലായി. എന്നാൽ ഹിറ്റ്ലർ തോക്ക് സോവിയറ്റ്നാടിനുനേരേ തിരിക്കുമെന്ന് അദ്ദേഹത്തിന് ഉറപ്പുണ്ടായിരുന്നു. കാരണം, സോഷ്യലിസം നിലനിന്നുപോകുന്നത് ഫാസിസ്റ്റുകൾക്ക് അനുവദിക്കാനാവില്ല. അതിനാൽ, വളരെ ദീർഘവീക്ഷണത്തോടെ, സ്റ്റാലിൻ നാസിജർമ്മനിയുമായി ഒരു ആക്രമണരഹിത ഉടമ്പടിയിൽ ഏർപ്പെട്ടു. ഹിറ്റ്ലറുടെ ശ്രദ്ധ പടിഞ്ഞാറൻ മുന്നണിയിലായിരുന്നതിനാൽ അദ്ദേഹത്തിനതു സൗകര്യപ്രദമായും തോന്നി. അതനുസരിച്ച്, 1939 ഓഗസ്റ്റ് 23ന് നാസി ജർമ്മനിയും സോവിയറ്റ് യൂണിയനും തമ്മിൽ മൊളോടോവ്-റിബൻട്രോപ്പ് അനാക്രമണ ഉടമ്പടി ഒപ്പുവച്ചു, ഇത് 10 വർഷത്തെ നിഷ്പക്ഷതയ്ക്ക് രൂപം നൽകുകയും ഇരുരാജ്യങ്ങളും പരസ്പരം ആക്രമിക്കുന്നത് തടയുകയും ചെയ്തു.

കുറഞ്ഞ കാലത്തിനുള്ളിൽത്തന്നെ, 1939 സെപ്റ്റംബർ 1ന് ജർമ്മനി പോളണ്ടിനെ ആക്രമിച്ചു. അതേത്തുടർന്ന്, 1939 സെപ്റ്റംബർ 3ന് ബ്രിട്ടനും ഫ്രാൻസും ജർമ്മനിക്കെതിരെ യുദ്ധം പ്രഖ്യാപിച്ചു അങ്ങനെ, രണ്ടാം ലോകമഹായുദ്ധം ഔദ്യോഗികമായി പൊട്ടിപ്പുറപ്പെട്ടു.

ജർമ്മനിയുമായി ഒരു അനാക്രമണ ഉടമ്പടിയിൽ ഏർപ്പെടാനുള്ള സ്റ്റാലിന്റെ തന്ത്രത്തെ ദുരുദ്ദേശ്യപൂർവ്വം അപലപിക്കുകയും ഇപ്പോഴും അതു തുടരുകയും ചെയ്യുന്നവർക്ക് ഉചിതമായ മറുപടി നൽകാൻ സ്റ്റാലിൻ പറഞ്ഞു, "ഹിറ്റ്ലറെയും റിബൻട്രോപ്പിനെയും പോലെ വഞ്ചകരും പൈശാചികചിത്തന്മാരുമായ ആളുകളുമായി ഒരു അനാക്രമണസന്ധിയിൽ ഏർപ്പെടുന്നതു സമ്മതിക്കാൻ സോവിയറ്റ് ഗവൺമെന്റിന് എങ്ങനെ കഴിഞ്ഞു എന്ന ചോദ്യം ഉയരാം. സോവിയറ്റ് ഗവൺമെന്റിന്റെ ഭാഗത്തുനിന്നുള്ള ഒരു തെറ്റായിരുന്നില്ലേ ഇത്? തീർച്ചയായും അല്ല! ഒരു അനാക്രമണസന്ധി എന്നത് രണ്ട് രാഷ്ട്രങ്ങൾ തമ്മിലുള്ള സമാധാന ഉടമ്പടിയാണ്. 1939ൽ ജർമ്മനി നമ്മളോടു നിർദ്ദേശിച്ചത് അത്തരമൊരു കരാറായിരുന്നു. സോവിയറ്റ് ഗവൺമെന്റിന് അത്തരമൊരു നിർദ്ദേശം നിരസിക്കാൻ കഴിയുമോ?

സമാധാനസ്നേഹിയായ ഒരു രാജ്യത്തിനും അതിന്റെ അയൽരാജ്യത്തു നിന്നുള്ള സമാധാന അഭ്യർത്ഥന, അത് രാക്ഷസന്മാരും നരഭോജികളുമായ ഹിറ്റ്ലർ, റിബൻട്രോപ്പ് തുടങ്ങിയവർ നയിക്കുന്ന രാജ്യമായാൽക്കൂടി, നിരസിക്കാൻ കഴിയില്ലെന്ന് ഞാൻ കരുതുന്നു. പക്ഷേ, തീർച്ചയായും, ഈ സമാധാന ഉടമ്പടി നേരിട്ടോ അല്ലാതെയോ സമാധാനം കാംക്ഷിക്കുന്ന രാജ്യത്തിന്റെ പ്രാദേശികസമഗ്രതയെയും സ്വാതന്ത്ര്യത്തെയും സ്വാഭിമാനത്തെയും അപകടത്തിലാക്കരുത് എന്ന അനിവാര്യമായ ഒരു വ്യവസ്ഥയിൽ മാത്രം... ജർമ്മനിയുമായി ഒരു അനാക്രമണസന്ധി സാധിച്ചെടുത്തതിലൂടെ നമുക്ക് എന്താണ് ലഭിച്ചത്? കരാർ നിലനിൽക്കെത്തന്നെ നമ്മുടെ രാജ്യത്തിനെതിരെ ഫാസിസ്റ്റ് ജർമ്മനി ആക്രമണം നടത്തിയാൽ, തിരിച്ചടിക്കുന്നതിന് നമ്മുടെ സൈന്യത്തെ തയ്യാറാക്കാനുള്ള ഒരു ഒന്നര വർഷത്തെ സമാധാനകാലയളവ് നാം നമ്മുടെ രാജ്യത്തിന് ഉറപ്പാക്കി. ഇത് നമുക്ക് ഉറപ്പായ ഒരു മുൻകൈയും ഫാസിസ്റ്റ് ജർമ്മനിക്ക് ഒരു ദോഷവുമായിരുന്നു.

ജർമ്മനിക്ക് ഈ ഹ്രസ്വകാല സൈനികനേട്ടം ഒരു സംഭവം മാത്രമായിരിക്കെ സോവിയറ്റ് യൂണിയന്റെ വമ്പിച്ച രാഷ്ട്രീയ നേട്ടം എന്നത്, ഫാസിസ്റ്റ് ജർമ്മനിയുമായുള്ള യുദ്ധത്തിൽ റെഡ് ആർമിയുടെ നിർണ്ണായക സൈനികവിജയം ഉറപ്പാക്കുന്നതിന്റെ അടിസ്ഥാനം സൃഷ്ടിക്കുന്ന ഗൗരവാവഹവും നീണ്ടുനിൽക്കുന്നതുമായ ഒരു ഘടകമാണ്." *(മഹത്തായ ദേശാഭിമാനയുദ്ധത്തെക്കുറിച്ച്, സമാഹൃത കൃതികൾ, വാല്യം XIV)*

## ബ്രിട്ടണും ഫ്രാൻസിനുമെതിരെ ജർമ്മനി യുദ്ധമുന്നണി തുറന്നപ്പോൾ, സോവിയറ്റ് യൂണിയൻ അതിന്റെ സൈനിക ശക്തി മെച്ചപ്പെടുത്തി

വെറും രണ്ടു വർഷത്തിനുള്ളിൽ, യൂറോപ്പിന്റെ കിഴക്കും മധ്യഭാഗത്തുമുള്ള മിക്ക രാജ്യങ്ങളും നാസി ഇരച്ചുകയറ്റത്തിനുമുന്നിൽ കീഴടങ്ങി. 1940 ജൂൺ 10ന് ബ്രിട്ടനും ഫ്രാൻസിനുമെതിരെ യുദ്ധം പ്രഖ്യാപിച്ചപ്പോൾ മുസ്സോളിനിയുടെ നേതൃത്വത്തിലുള്ള ഇറ്റലി രണ്ടാം ലോകമഹായുദ്ധത്തിൽ ഔദ്യോഗികമായി ജർമ്മനിയുമായി ചേർന്നു. പ്രധാന സാമ്രാജ്യത്വ, സൈനികശക്തികളിൽ ഒന്നായ ഫ്രാൻസിനുപോലും രണ്ടാഴ്ചയിൽ കൂടുതൽ ഫാസിസ്റ്റ് ജർമ്മനിയെ ചെറുക്കാൻ കഴിഞ്ഞില്ല. ഭീരുത്വം നിറഞ്ഞ ഈ കീഴടങ്ങൽ മനോഹരമായ പാരീസിനെ രക്ഷിക്കുമെന്ന വാദത്തോടെ ഫ്രാൻസിലെ അന്നത്തെ മുതലാളിത്ത ഭര

*(ശേഷം 13–ാം പേജിൽ)*

# സ്റ്റാലിന്റെ നേതൃത്വവും ചെമ്പടയുടെയും സോവിയറ്റ് ജനതയുടെയും പോരാട്ടവുമാണ് ഫാസിസ്റ്റ് അച്ചുതണ്ടിനെ തകർത്തത്

(12-ാം പേജിൽ നിന്ന്)

ണാധികാരികൾ നാസികൾക്ക് അധികാരം കൈമാറി. പ്രാദേശികകൊള്ള നടത്താമെന്ന പ്രതീക്ഷയിൽ ഇറ്റലി തെക്കൻയൂറോപ്പിലും വടക്കൻആഫ്രിക്കയിലും യുദ്ധം ആരംഭിച്ചു. 1940 സെപ്റ്റംബർ 27ന് ജപ്പാനും ഫാസിസ്റ്റ് അച്ചുതണ്ടുസഖ്യത്തിൽ ചേർന്നു.

ഫാസിസ്റ്റ് സൈനികശക്തിയുടെ കാൽക്കീഴിലമർന്നുപോയ രാജ്യങ്ങളുടെ ഇടയിൽ, മഹാനായ സ്റ്റാലിന്റെ നേതൃത്വത്തിൽ 24 വയസ്സുള്ള യുവ സോഷ്യലിസ്റ്റ് സോവിയറ്റ് യൂണിയൻ, അതിന്റെ സൈനികശക്തി ശക്തിപ്പെടുത്തുന്നതിൽ പൂർണ്ണമായും ഏർപ്പെട്ടിരുന്നു. ഉൽപാദനം തടസ്സപ്പെടാതിരിക്കാൻ എല്ലാ പ്രധാന വ്യവസായങ്ങളും സൈബീരിയയിലേക്കു മാറ്റി. റെഡ് ആർമിക്ക് ആക്രമണ, പ്രതിരോധ തന്ത്രങ്ങൾ വികസിപ്പിക്കുന്നതിനും സ്വന്തം ആകാശത്തെ സ്വാധീനം മെച്ചപ്പെടുത്തുന്നതിനും പൂർണ്ണമനസ്സോടെ ഏർപ്പെടാൻ കഴിഞ്ഞു. 1940 മെയ് മാസത്തിൽ ഫ്രാൻസിന്റെ പതനത്തിനും, ഫ്രഞ്ച് ഗവൺമെന്റിന്റെ തകർച്ചയ്ക്കും ശേഷം 1940 ജൂൺ 22ന് ഒരു യുദ്ധവിരാമക്കരാർ ഒപ്പുവയ്ക്കുകയും പ്രതീക്ഷിച്ചതുപോലെ അറ്റ്ലാന്റിക് തീരപ്രദേശം ഉൾപ്പെടെ ഫ്രാൻസിന്റെ വടക്കൻ, പടിഞ്ഞാറൻ ഭാഗങ്ങളുടെ നിയന്ത്രണം നാസികൾ ഏറ്റെടുക്കുകയും ചെയ്തു.

പക്ഷേ അപ്പോഴേക്കും സോവിയറ്റ് യൂണിയൻ അവരുടെ തന്ത്രങ്ങളും സൈനികശക്തിയുംകൊണ്ട് സജ്ജമായിരുന്നു. ഫാസിസ്റ്റ് ആക്രമണത്തെ ചെറുക്കാൻ സ്റ്റാലിൻ മുഴുവൻ സോവിയറ്റ്ജനതയെയും ഉണർത്തി. സ്റ്റാലിനെ റെഡ് ആർമിയുടെ സുപ്രീം കമാൻഡറായി നിയമിച്ചപ്പോൾ, സോവിയറ്റ് യൂണിയനെ വിജയത്തിലേക്കു നയിക്കാൻ അദ്ദേഹം യുദ്ധതന്ത്രങ്ങൾ കൃത്യതയോടെ പഠിക്കാൻ തുടങ്ങി. തുടക്കത്തിൽ, ജർമ്മൻ പട്ടാളക്കാർക്ക് അവരുടെ പെട്ടെന്നുള്ള അപ്രതീക്ഷിത ആക്രമണത്തിൽ സോവിയറ്റ് യൂണിയന്റെ ഉൾപ്രദേശത്തേക്കു കടക്കാൻ കഴിഞ്ഞു. ഒന്നര അല്ലെങ്കിൽ രണ്ട് മാസത്തിനുള്ളിൽ സോവിയറ്റ് യൂണിയനെ 'അവസാനിപ്പിക്കാൻ' കഴിയുമെന്ന് അവർ വിശ്വസിച്ചു. എന്നാൽ തങ്ങൾക്ക് എത്രമാത്രം തെറ്റിപ്പോയി എന്നവർക്ക് താമസിയാതെ മനസ്സിലായി.

പ്രതിരോധത്തിലേക്കു മാത്രമല്ല, വിജയത്തിലേക്കു മുന്നേറാനും എല്ലാവരെയും ആഹ്വാനം ചെയ്തുകൊണ്ട് അദ്ദേഹം ഇങ്ങനെ ഉദ്ബോധിപ്പിച്ചു: "ഇത് മുഴുവൻ ജനങ്ങളുടെയും യുദ്ധമാണ്.... അജയ്യമായ സൈന്യങ്ങളില്ല, ഒരിക്കലും ഉണ്ടായിട്ടുമില്ല. അപ്രതീക്ഷിത ആക്രമണങ്ങളിലൂടെ ജർമ്മനി പ്രധാനപ്പെട്ട സൈനികനേട്ടം നേടിയിരുന്നു, പക്ഷേ രക്തദാഹിയായ ആക്രമണകാരിയായി സ്വയം വെളിപ്പെടുത്തി അവർക്ക് രാഷ്ട്രീയനഷ്ടം ഉണ്ടായിട്ടുണ്ട്. റെഡ് ആർമി സോവിയറ്റ് മണ്ണിന്റെ ഓരോ ഇഞ്ചിനും വേണ്ടി പോരാടണം, പക്ഷേ പിൻവാങ്ങാൻ നിർബന്ധിതമായാൽ വിലപ്പെട്ടതൊന്നും ശത്രുവിന് കിട്ടാത്തവണ്ണം നശിപ്പിക്കണം. നമ്മുടെ രാജ്യത്തിന്റെ സ്വാതന്ത്ര്യത്തിനായുള്ള നമ്മുടെ യുദ്ധം ജനാധിപത്യസ്വാതന്ത്ര്യത്തിനായുള്ള യൂറോപ്പിലെയും അമേരിക്കയിലെയും ജനങ്ങളുടെ പോരാട്ടങ്ങളുമായി ഒന്നുചേരും." *(അന്ന ലൂയിസ് സ്റ്റോങ്ങിന്റെ 'സ്റ്റാലിൻ യുഗം')* അതനുസരിച്ച്, സോവിയറ്റ് ആർമിയും ജനങ്ങളും തുടക്കത്തിൽത്തന്നെ പ്രദേശങ്ങൾ ഒഴിപ്പിച്ചിരുന്നു. അവരുടെ വീടും സൗകര്യങ്ങളും ഉപേക്ഷിച്ച് പിൻവാങ്ങുമ്പോൾ, ജർമ്മൻ സൈന്യത്തിന് ഭക്ഷണം ലഭിക്കുന്നതു തടയാൻ എല്ലാ വിളകളും കത്തിക്കുകയും കുളങ്ങളിൽ വിഷം കലർത്തുകയും ചെയ്തു. ജർമ്മൻ സൈന്യത്തിന്റെ കടന്നുവരവ് താമസിപ്പിക്കാൻ പാലങ്ങൾ, റെയിൽവേ ലൈനുകൾ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ തകർക്കുകയുംചെയ്തു. തുടർന്ന് റെഡ് ആർമി അവരെ പിന്നിൽനിന്ന് വളഞ്ഞു. അത് സ്റ്റാലിന്റെ ഒരു സമർത്ഥമായ തന്ത്രമായിരുന്നു.



1945ൽ രണ്ടാം ലോകമഹായുദ്ധത്തിൽ ജർമ്മനിയുടെ പതനം ഉറപ്പിച്ചുകൊണ്ട് ബെർലിനിലെ പാർലമെന്റ് മന്ദിരമായ റൈക്സ്റ്റാഗിന് മുകളിൽ സോവിയറ്റ് ചെമ്പട ചെങ്കൊടി നാട്ടുന്നു.

മറുവശത്ത്, സോവിയറ്റ് യൂണിയന്റെ ചെറുത്തുനിൽപ്പ് ഒരു മാസത്തെ മിന്നലാക്രമണത്തിൽ തകർക്കപ്പെടുമെന്നാണ് ബ്രിട്ടനും അമേരിക്കയും കരുതിയത്. എന്നാൽ രണ്ടാഴ്ചയ്ക്കു ശേഷം യുഎസ്എ സമ്മതിച്ചു: "ജർമ്മനി ഇതുവരെ നേരിട്ടതിൽ വച്ച് ഏറ്റവും ശക്തമായ ചെറുത്തുനിൽപ്പ് റഷ്യക്കാർ നടത്തിയിട്ടുണ്ട്." ആറ് ആഴ്ചകൾക്കുള്ളിൽ, ബ്രിട്ടീഷ് പ്രധാനമന്ത്രി ചർച്ചിൽ റെഡ് ആർമിയുടെ 'മഹത്തായ സമർപ്പണത്തെ' പ്രശംസിക്കുകയും അവരുടെ സൈനികനടപടികളുടെകാര്യക്ഷമതയെപ്രകീർത്തിക്കുകയും ചെയ്തു. സോവിയറ്റ് ഭൂമിയിലെ ജർമ്മൻ അധിനിവേശത്തിനും പേൾ ഹാർബറിൽ ജപ്പാൻ നടത്തിയ ബോംബാക്രമണത്തിനും ശേഷമാണ് ബ്രിട്ടനും യുഎസ്എയും യുഎസ്എസ്ആറുമായി കൈകോർത്തത് എന്നത് ശ്രദ്ധേയമാണ്.

**ഫാസിസ്റ്റ്‌വിരുദ്ധ പോരാട്ടത്തിന്റെ കടമകൾ**

കിഴക്കൻഭാഗത്തേക്കുള്ള ജർമ്മനിയുടെ പൂർണ്ണശ്രദ്ധയെ തടയുന്നതിനായി പടിഞ്ഞാറൻമേഖലയിൽ ഒരു രണ്ടാംമുന്നണി തുറക്കണമെന്ന് സ്റ്റാലിൻ സഖ്യകക്ഷികളോട് ആവർത്തിച്ച് ആവശ്യപ്പെട്ടു. എന്നാൽ നാസികൾ സോവിയറ്റ് യൂണിയനെ പരാജയപ്പെടുത്തുമെന്ന് പ്രതീക്ഷിച്ച 'സഖ്യകക്ഷികൾ', യൂറോപ്പിൽ രണ്ടാംമുന്നണി തുറക്കുന്നത് യുദ്ധത്തിന്റെ അവസാന നാളുകൾവരെ മാറ്റിവച്ചു, യുദ്ധത്തെ സഹായിക്കാനുള്ള ഉത്തരവാദിത്തത്തിൽനിന്ന് ഒഴിഞ്ഞുമാറാൻ എല്ലാത്തരം തന്ത്രങ്ങളും പയറ്റി. അങ്ങനെ, സോവിയറ്റ് യൂണിയൻ ഫാസിസ്റ്റുകളുടെ (ജർമ്മനി-ഇറ്റലി-ജപ്പാൻ) സംയുക്തസൈനികശക്തിക്കെതിരെ ഒറ്റയ്ക്ക് പോരാടുകയായിരുന്നു. പിന്നീട്, ആദ്യഘട്ടത്തിൽ റെഡ് ആർമിയുടെ താൽക്കാലിക തിരിച്ചടിക്കുള്ള കാരണങ്ങൾ ചൂണ്ടിക്കാട്ടി സ്റ്റാലിൻ ഇങ്ങനെ നിരീക്ഷിച്ചു: "ജർമ്മൻ ഫാസിസ്റ്റ് സൈന്യത്തിനെതിരെ യൂറോപ്പിൽ ഒരു രണ്ടാംമുന്നണിയുടെ അഭാവമാണ് റെഡ് ആർമിയുടെ തിരിച്ചടികൾക്ക് ഒരു കാരണം. നിലവിൽ യൂറോപ്യൻ ഭൂഖണ്ഡത്തിൽ ജർമ്മൻ ഫാസിസ്റ്റ് സൈന്യത്തിനെതിരെ യുദ്ധം ചെയ്യാൻ ഗ്രേറ്റ് ബ്രിട്ടന്റെയോ അമേരിക്കയുടെയോ സൈന്യങ്ങളൊന്നുമില്ല എന്നതാണ് വസ്തുത, അതിന്റെ ഫലമായി ജർമ്മനി തങ്ങളുടെ സൈന്യത്തെ വിഭജിക്കാനും പടിഞ്ഞാറൻ, കിഴക്കൻ മേഖലകളിൽ ഒരേസമയം രണ്ടു മുന്നണികളിൽ യുദ്ധം ചെയ്യാനും നിർബന്ധിതരല്ല." *(നമ്മുടെ മഹത്തായ ദേശാഭിമാനയുദ്ധം)*

## സ്റ്റാലിൻഗ്രാഡ് യുദ്ധവും നാസിജർമ്മനിയുടെ അവസാന പരാജയവും

ലോകം കണ്ടതിൽവച്ച് ഏറ്റവും തീക്ഷ്ണമായ യുദ്ധമായ സ്റ്റാലിൻഗ്രാഡ് യുദ്ധം പിന്നീടാരംഭിച്ചു. സ്റ്റാലിൻ ഇത് ഇങ്ങനെ വിവരിച്ചു: "റെഡ് ആർമി കമാൻഡിന്റെ ശരിയായ തന്ത്രവും മുന്നണിയിലെ നമ്മുടെ കമാൻഡർമാരുടെ വഴക്കമുള്ള അടവുകളുംകൊണ്ടു മാത്രമാണ് സ്റ്റാലിൻഗ്രാഡിനു സമീപം 3,30,000 പേരടങ്ങുന്ന തിരഞ്ഞെടുക്കപ്പെട്ട ജർമ്മൻസൈനികരുടെ വലിയ സംഘത്തെ വളയുകയും പരാജയപ്പെടുത്തുകയും ചെയ്യുക എന്ന ശ്രദ്ധേയമായ മുന്നേറ്റം നടത്താൻ സാധിച്ചത്... ഖാർകോവ് മേഖലയിലെ സോവിയറ്റ് സൈനികരെ വളയാനും തങ്ങൾക്കായി ഒരു 'ജർമ്മൻ സ്റ്റാലിൻഗ്രാഡ്' ക്രമീകരിക്കാനും കഴിയുമെന്ന് ജർമ്മൻകാർ പ്രതീക്ഷിച്ചു. സ്റ്റാലിൻഗ്രാഡ് യുദ്ധത്തിനു പകരംവീട്ടാനുള്ള ഹിറ്റ്ലറുടെ കമാൻഡിന്റെ ശ്രമം പരാജയപ്പെട്ടു. സ്റ്റാലിൻഗ്രാഡ് യുദ്ധം ജർമ്മൻ ഫാസിസ്റ്റ് സൈന്യത്തിന്റെ തകർച്ചയെ മുൻകൂട്ടി കണ്ടിരുന്നെങ്കിൽ, കുർസ്ക് യുദ്ധം അതിനെ ദുരന്തത്തിന്റെ വക്കിലെത്തിച്ചു... നമ്മുടെ സൈന്യം വിദേശകൊള്ളക്കാരുടെ കൂട്ടത്തെ തടഞ്ഞു. സ്റ്റാലിൻഗ്രാഡിൽ അവരെ പരാജയപ്പെടുത്തിയശേഷം പടിഞ്ഞാറോട്ട് അവരെ മുൻപിൻനോക്കാതെ ഓടിച്ചു... അത്ഭുതങ്ങൾ കാണിക്കാനും ഏറ്റവും കഠിനമായ പരീക്ഷണങ്ങളിൽനിന്നു വിജയകരമായി പുറത്തുവരാനും കഴിവുള്ളവരാണ് സോവിയറ്റ് ജനത എന്ന് നമ്മുടെ ദേശാഭിമാനയുദ്ധം തെളിയിച്ചിട്ടുണ്ട്. ശത്രുവിന്റെ പരാജയം വേഗത്തിലാക്കാനും ഫാസിസ്റ്റുകൾ നശിപ്പിച്ച നമ്മുടെ സമ്പദ്‌വ്യവസ്ഥയെ പൂർണ്ണമായും പുനഃസ്ഥാപിക്കുന്നതിനും നമ്മുടെ രാജ്യത്തെ എന്നത്തേക്കാളും ശക്തവും സമ്പന്നവുമാക്കുന്നതിനുമുള്ള നിശ്ചയദാർഢ്യം തൊഴിലാളികളിലും കൂട്ടുകൃഷിക്കളങ്ങളിലെ കർഷകരിലും സോവിയറ്റ് ബുദ്ധിജീവികളിലും മുഴുവൻ സോവിയറ്റ്ജനങ്ങളിലും നിറഞ്ഞിരിക്കുകയാണ്. ചുവപ്പുസൈന്യത്തിന്റെ പ്രഹരത്തിൽ ഫാസിസ്റ്റ് രാഷ്ട്രങ്ങളുടെ സംഘം പിളരുകയും തകർന്നടിയുകയും ചെയ്യുന്നു... സ്വന്തം രാജ്യം ജർമ്മൻകാർ കൈവശപ്പെടുത്തിയതോ കൈവശം വച്ചിരിക്കുന്നതോ ആയ ഹിറ്റ്ലറുടെ ആശ്രിതർക്ക് ജർമ്മനി യുദ്ധം തോറ്റിരിക്കുന്നു എന്നിപ്പോൾ കാണാതിരിക്കാനാവില്ല." *(അതേ കൃതി)*

## ഫാസിസ്റ്റ് അച്ചുതണ്ടിനെതിരായ സോവിയറ്റ് വിജയത്തിനു കാരണം സ്റ്റാലിന്റെ ഉജ്ജ്വലമായ നേതൃത്വം

ഫാസിസ്റ്റ് ജർമ്മനിയുടെയും ഇറ്റലിയുടെയും പരാജയവും തുടർന്ന് ജപ്പാന്റെ കീഴടങ്ങലും സാധ്യമാക്കിയത് രണ്ട് കോടിയോളം പേരുടെ വിലയേറിയ ജീവൻ ത്യജിച്ച് സോവിയറ്റ് ജനത നടത്തിയ ധീരവും ദൃഢനിശ്ചയത്തോടെയുമുള്ള പോരാട്ടമാണ്. വീണ്ടും, സ്റ്റാലിന്റെ വാക്കുകളിൽ: "ലോക ഫാസിസത്തിന്റെ രണ്ട് പ്രഭവകേന്ദ്രങ്ങൾ... പടിഞ്ഞാറു ജർമ്മനിയും കിഴക്കു ജപ്പാനും ... ആണ് രണ്ടാം ലോകമഹായുദ്ധം അഴിച്ചുവിട്ടത്. മനുഷ്യരാശിയെയും നാഗരികതയെയും നാശത്തിന്റെ വക്കിലെത്തിച്ചത് അവരാണ്... ഈ കേന്ദ്രങ്ങൾ നശിപ്പിക്കപ്പെട്ടു... അതിന്റെ ഫലമായി ജർമ്മനി കീഴടങ്ങാൻ നിർബന്ധിതരായി. ജർമ്മനിയുടെ പ്രധാന സഖ്യകക്ഷിയായ ജപ്പാനും കീഴടങ്ങൽ ഉടമ്പടിയിൽ ഒപ്പിടാൻ നിർബന്ധിതരായി. ഇത് രണ്ടാം ലോകമഹായുദ്ധത്തിന്റെ അവസാനത്തെ സൂചിപ്പിക്കുന്നു... റെഡ് ആർമിക്ക് നമ്മുടെ രാജ്യത്തോടുള്ള കടമ വിജയകരമായി നിർവഹിക്കാനും നമ്മുടെ സോവിയറ്റ് പ്രദേശത്തിന്റെ അതിർത്തികളിൽനിന്ന് ജർമ്മനിയെ പുറത്താക്കാനും കഴിഞ്ഞത് പിന്നണിയിൽനിന്ന്, നമ്മുടെ രാജ്യത്തെ എല്ലാ ജനങ്ങളിൽ നിന്നും ലഭിച്ച അർപ്പിതമായ പിന്തുണമൂലമാണ്. കഴിഞ്ഞ വർഷം എല്ലാ സോവിയറ്റ് ജനതയുടെയും - തൊഴിലാളികളുടെയും, കർഷകരുടെയും, ബുദ്ധിജീവികളുടെയും - ആത്മത്യാഗപരമായ അധ്വാനത്തിന്റെയും നമ്മുടെ ഗവൺമെന്റിന്റെയും പാർട്ടി സംഘടനകളുടെയും നേതൃത്വപരമായ പ്രവർത്തനങ്ങളുടെയും മുദ്രാവാക്യമിതായിരുന്നു, '*എല്ലാം മുന്നണിക്ക് വേണ്ടി!*' " *(അതേ കൃതി)*

1941 ഒക്ടോബറിൽ മോസ്കോ നാസിസൈന്യത്തിന്റെ ഉപരോധത്തിലായിരുന്നപ്പോൾ, ഭീകരമായ നാസിയുദ്ധസന്നാഹങ്ങളാൽ അമർച്ച ചെയ്യപ്പെട്ട റെഡ് ആർമിയെയും സോവിയറ്റ് ജനതയെയും ഉത്തേജിപ്പിക്കാൻ സ്റ്റാലിൻ ബോൾഷെവിക് പാർട്ടി കേഡർമാരെ പ്രേരിപ്പിച്ചു. സോവി

(ശേഷം 14-ാം പേജിൽ)

# ഫാസിസ്റ്റുകൾ പരാജയപ്പെട്ടുവെങ്കിലും ഫാസിസ്റ്റ് വിപത്ത് നിലനിൽക്കുന്നു

(13–ാം പേജിൽ നിന്ന്)

**ഫാസിസ്റ്റ്‌വിരുദ്ധ പോരാട്ടത്തിന്റെ കടമകൾ**

യറ്റ് ജനത സ്റ്റാലിന്റെ നേതൃത്വത്തിൽ ഉറച്ച ബോദ്ധ്യത്തോടെ മുന്നോട്ട് പോകാനുള്ള ശക്തിയും ആത്മവിശ്വാസവും നേടി. അതിനെ ആദരിച്ചുകൊണ്ട്, സ്റ്റാലിൻ തന്റെ സഖാക്കളുടെ ഉപദേശത്തെ നിരാകരിച്ചുകൊണ്ട് റെഡ് ആർമിയെയും സാധാരണ സോവിയറ്റ് ജനതയെയും പ്രചോദിപ്പിക്കുന്നതിനായി മോസ്കോയിൽത്തന്നെ തുടർന്നു.

മറ്റൊരുസംഭവം സൂചിപ്പിക്കേണ്ടതാണ്. 1941ൽ ജർമ്മൻസൈന്യം ലെനിൻഗ്രാഡിനെ എല്ലാ വശങ്ങളിൽനിന്നും വളഞ്ഞപ്പോൾ, പ്രധാന ഭൂപ്രദേശവുമായുള്ള ബന്ധം നഷ്ടപ്പെട്ടു. ലെനിൻഗ്രാഡിൽ കരമാർഗ്ഗം പ്രവേശിക്കാൻ കഴിയാത്തതിനാൽ, നഗരത്തെ രക്ഷിക്കാൻ സ്റ്റാലിൻ മാർഷൽ ഷുക്കോവിനെ വിമാനമാർഗം അയച്ചു. സ്റ്റാലിന്റെഅഭ്യർത്ഥനയോടുപ്രതികരിച്ചുകൊണ്ട്, റെഡ് ആർമി മാത്രമല്ല, എല്ലാ സ്ത്രീപുരുഷന്മാരും ചെറുപ്പക്കാരും പ്രായമായവരും, കുട്ടികളും, ആശുപത്രിക്കിടക്കകളിൽ നിന്നുള്ള രോഗികൾപോലും ലെനിൻഗ്രാഡിനെ രക്ഷിക്കാനുള്ള പോരാട്ടത്തിൽ പങ്കുചേരാനെത്തി. അർദ്ധരാത്രിയോടെ മാർഷൽ ഷുക്കോവിന് സ്റ്റാലിനിൽനിന്ന് ഒരു ഫോൺകോൾ ലഭിച്ചു. സ്റ്റാലിൻ ചോദിച്ചു: "നിങ്ങൾക്ക് ലെനിൻഗ്രാഡിനെ രക്ഷിക്കാൻ കഴിയുമോ?" ഷുക്കോവ് അനുകൂലമായി ഉത്തരം നൽകി. സ്റ്റാലിൻ പറഞ്ഞു: "ഒരു കമ്മ്യൂണിസ്റ്റിനെപ്പോലെ എനിക്ക് ഉത്തരം നൽകുക". "അതെ", ഫാസിസ്റ്റ് ശക്തികളെ ചെറുക്കുന്നതിലൂടെ ധീരരായ റെഡ് ആർമിയും ജനങ്ങളുമാണ് ആ ഉത്തരം നൽകിയത്. 'ലെനിൻഗ്രാഡ്'—ഈ പേര് സോവിയറ്റ് ജനതയുടെയും, ലോകമെമ്പാടുമുള്ള കമ്മ്യൂണിസ്റ്റുകളുടെയും, തൊഴിലാളി വർഗ്ഗത്തിന്റെയും മനസ്സിൽ എത്ര വൈകാരികമായ തന്ത്രികളെയാണ് മീട്ടുന്നത്.

സ്റ്റാലിൻ എപ്പോഴാണ് ഉറങ്ങുകയോ വിശ്രമിക്കുകയോ ചെയ്യുന്നതെന്ന് ആർക്കും അറിയില്ലായിരുന്നു എന്നാണ് യുദ്ധസമയത്തെ സ്റ്റാലിന്റെ പങ്കിനെപ്പറ്റി അനുസ്മരിക്കുമ്പോൾ ഷുക്കോവ് പറഞ്ഞത്. അദ്ദേഹം രണ്ടോ മൂന്നോ മണിക്കൂർപോലും ഉറങ്ങിയില്ല. സാധ്യമായ എല്ലാ വഴികളിലൂടെയും അദ്ദേഹത്തെ അപകീർത്തിപ്പെടുത്താൻ ശ്രമിക്കുന്നവരെ നിരാശപ്പെടുത്തുന്ന വിധത്തിൽ, സ്റ്റാലിൻ ഒരിക്കലും ഒരു തീരുമാനവും ഒറ്റയ്ക്ക് എടുത്തിട്ടില്ല. അദ്ദേഹം എല്ലാവരുമായും, ചിലപ്പോൾ മുന്നണിയിലുള്ള സൈനികോദ്യോഗസ്ഥരുമായി നേരിട്ടുപോലും സംസാരിച്ച്, സമവായത്തിലൂടെ തീരുമാനങ്ങൾ എടുക്കുമായിരുന്നു. "അദ്ദേഹം ഉപദേശങ്ങൾ കൂടുതൽ ശ്രദ്ധയോടെ കേട്ടു. ഉപദേശം കേൾക്കാനും പരിഗണിക്കാനുമുള്ള അദ്ദേഹത്തിന്റെ ആഗ്രഹവും സൈനികസാഹചര്യത്തെക്കുറിച്ചുള്ള ആഴത്തിലുള്ള ധാരണയും തമ്മിൽ ഒരു ബന്ധം ഉണ്ടായിരുന്നു. ആദ്യത്തേത് രണ്ടാമത്തേതിന് കാരണമായി, രണ്ടാമത്തേത് ആദ്യത്തേതിനെ ശക്തിപ്പെടുത്തി... സൈനികവും തന്ത്രപരവുമായ സ്വഭാവമുള്ള വിഷയങ്ങളിൽ അദ്ദേഹം മാത്രമാണ് തീരുമാനങ്ങൾ എടുത്തത് എന്ന ധാരണ സ്റ്റാലിന്റെ മരണശേഷം നിലവിൽ വന്നു. ഇതിനോട് എനിക്ക് യോജിക്കാൻ കഴിയില്ല. ഈ വിഷയത്തിൽ നല്ല അറിവുള്ള ഒരാൾ അദ്ദേഹത്തിനു റിപ്പോർട്ട് നൽകുമ്പോൾ, അദ്ദേഹം അത് ശ്രദ്ധിക്കുമെന്ന് ഞാൻ മുകളിൽ പറഞ്ഞിട്ടുണ്ട്. മുമ്പ് തീരുമാനങ്ങളെടുത്ത വിഷയങ്ങളിൽപ്പോലും അദ്ദേഹം മനസ്സുമാറ്റിയ സംഭവങ്ങളെക്കുറിച്ച് എനിക്കറിയാം" ഷുക്കോവ് പറഞ്ഞു. അദ്ദേഹം വീണ്ടും കൂട്ടിച്ചേർക്കുന്നു. "മൂർച്ചയുള്ള ചോദ്യങ്ങളോടോ തന്നോട് തർക്കിക്കുന്നവരോടോ എതിർപ്പ് പ്രകടിപ്പിക്കുന്ന ആളല്ല സ്റ്റാലിനെന്ന് യുദ്ധകാലത്ത് എനിക്ക് മനസ്സിലായിട്ടുണ്ട്. ആരെങ്കിലും തിരിച്ച് പറയുന്നുണ്ടെങ്കിൽ അയാൾ ഒരു നുണയനാണ്." *(ഓർമ്മപ്പെടുത്തലുകളും ചിന്തകളും, മാർഷൽ ഷുക്കോവ്, വാല്യം 1)*

കിഴക്കൻയൂറോപ്യൻ രാജ്യങ്ങളെ സോഷ്യലിസ്റ്റ് രാജ്യങ്ങളാകാൻ സഹായിക്കുകയും അപ്പോൾ ഗണ്യമായി ദുർബലപ്പെട്ടിരുന്ന ജപ്പാനെതിരെ പ്രത്യാക്രമണം നടത്താൻ ഒരുങ്ങുകയും ചെയ്ത റെഡ് ആർമി, ബെർലിൻ പിടിച്ചെടുക്കാൻ ഒരുങ്ങുമ്പോഴാണ്, ഫാസിസ്റ്റ് അച്ചുതണ്ടുശക്തികളെ പരാജയപ്പെടുത്തിയതിന്റെ ഖ്യാതി കരസ്ഥമാക്കാൻ അമേരിക്ക 1945 ആഗസ്റ്റ് 6, 9 തീയതികളിൽ യഥാക്രമം ഹിരോഷിമയിലും നാഗസാക്കിയിലും ആറ്റംബോംബ് വർഷിച്ച് രണ്ടുലക്ഷത്തിലധികം നിരപരാധികളായ ജപ്പാൻ പൗരന്മാരെ കൊന്നൊടുക്കിയത്. എന്നാൽ സ്റ്റാലിന്റെ നേതൃത്വത്തിൽ, ഹിറ്റ്ലറുടെ ഫാസിസത്തെ തകർത്ത റെഡ് ആർമിയുടെ മഹത്വത്തിന് മങ്ങലേൽപ്പിക്കാൻ അതിന് കഴിഞ്ഞില്ല.



യുദ്ധവിജയത്തിന് ശേഷം മോസ്കോയിൽ നടന്ന ചെമ്പടയുടെ വിക്ടറി പരേഡ്.

### ലോകം പ്രശംസ ചൊരിയുന്നു

ഫാസിസ്റ്റ് അച്ചുതണ്ടിനെതിരെ സോവിയറ്റ് യൂണിയന്റെ ഈ അഭിമാനകരമായ വിജയം ലോകമെമ്പാടുമുള്ള സോഷ്യലിസ്റ്റ് മേധാവിത്വത്തിന്റെ അന്തസ്സും സ്വീകാര്യതയും വർദ്ധിപ്പിച്ചു. ലോക കമ്മ്യൂണിസ്റ്റ്പ്രസ്ഥാനത്തിന് പ്രോത്സാഹനം നൽകി. എല്ലാ പ്രമുഖവ്യക്തികളും സ്റ്റാലിനെയും സോവിയറ്റ് ജനങ്ങളെയും പ്രശംസിച്ചു . റൊമെയ്ൻ റോളണ്ട് എഴുതി, "അൽപ്പം ഗൗരവമുള്ളതാണെങ്കിലും പതറാത്ത, നേരായ, എല്ലായ്പ്പോഴും ശരിയായ അദ്ദേഹത്തിന്റെ ധിഷണ എപ്പോഴും ജാഗ്രത പുലർത്തുന്നു. ഏതു തീരുമാനവും എടുക്കുന്നതിനുമുമ്പ് ഈ ബുദ്ധി പതറുന്നില്ല. വളച്ചുകെട്ടി എന്തെങ്കിലും പറയുന്ന ശീലം അദ്ദേഹത്തിനില്ല. അദ്ദേഹത്തിന്റെ നയതന്ത്രത്തിൽ ഒരു വക്രതയും ഉൾപ്പെടുന്നില്ല,സ്തുതിഗീതത്തിനും പ്രശംസയ്ക്കും സ്ഥാനമില്ല... അദ്ദേഹത്തിന്റെ സഹജപ്രകൃതമെന്ന എടുപ്പിന്റെ മൂലക്കല്ല് മൂർച്ചയുള്ള യുക്തിബോധം, അതിരുകളില്ലാത്ത ക്ഷമ, മനഃശക്തി, അജയ്യമായ ചൈതന്യം, അറിവ് എന്നിവയിലാണെന്ന് എനിക്കു തോന്നുന്നു... മനുഷ്യവികാരങ്ങളെ ബഹുമാനിച്ചുകൊണ്ടും തൊഴിലാളിവർഗ്ഗജനാധിപത്യത്തെക്കുറിച്ചുള്ള യഥാർത്ഥ ധാരണ വികസിപ്പിക്കുന്നതിനായി സോവിയറ്റ് യൂണിയനെ കമ്മ്യൂണിസ്റ്റ് സാർവ്വദേശീയതയിലേക്ക് നയിച്ചുകൊണ്ടും, സ്റ്റാലിൻ റഷ്യയുടെയും ലോകജനതയുടെയും ചരിത്രത്തിൽ ക്ലാസിക്കൽ യുഗത്തിന്റെ ഒരു പുതിയ അധ്യായം തുറക്കുന്നു." *(മോസ്കോ ഡയറി)* അദ്ദേഹം കൂട്ടിച്ചേർക്കുന്നു: "സോവിയറ്റ് യൂണിയന്റെ പ്രവർത്തനങ്ങളിൽ ഞാൻ വിശ്വസിക്കുന്നു. എന്റെ ശരീരത്തിൽ ശ്വാസം ഉള്ളിടത്തോളംകാലം ഞാൻ അതിനെ സംരക്ഷിക്കും." *(ഞാൻ വിശ്രമിക്കില്ല)*

20–ാം നൂറ്റാണ്ടിലെ മറ്റൊരു പ്രമുഖ മാനവവാദിയും ബുദ്ധിജീവിയും നാടകകൃത്തുമായ ജോർജ്ജ് ബെർണാഡ് ഷാ സ്റ്റാലിനെയും സാമ്രാജ്യത്വലോകത്തെ അന്നത്തെ രാഷ്ട്രതന്ത്രജ്ഞരെയും താരതമ്യപ്പെടുത്തിക്കൊണ്ടു പറഞ്ഞു, "സ്റ്റാലിൻ സവിശേഷ അനുഭവപരിചയമുള്ള ഒരു രാഷ്ട്രതന്ത്രജ്ഞനാണ്, അദ്ദേഹവുമായി താരതമ്യപ്പെടുത്തുമ്പോൾ, പൊള്ളവാക്കുകളും സാങ്കൽപ്പിക ചരിത്രങ്ങളും കാലഹരണപ്പെട്ട ചടങ്ങുകളും കൊണ്ട്, സ്വയംപ്രേരിതവും ദുഷ്ടവുമായ ഒരു വ്യവസ്ഥയിൽ തൂങ്ങിക്കിടക്കുന്ന, പാശ്ചാത്യശക്തികളുടെ ഭരണാധികാരികൾ പഴകിയ മെഴുകുശില്പങ്ങളിലെ ദുർബ്ബലരൂപങ്ങളുടെ നിരപോലെ തോന്നുന്നു."*(ജിബി ഷാ, എച്ച് പിയേഴ്സൺ—എ പോസ്റ്റ്സ്ക്രിപ്റ്റ്, കോളിനിസ്, 1951).* "പത്തുവർഷം മുമ്പ് ഒരു പരിധിവരെ അസാധ്യമെന്ന് തോന്നിയ കാര്യങ്ങൾ സ്റ്റാലിൻ സാധിച്ചെടുത്തു; അദ്ദേഹത്തിനു മുന്നിൽ ഞാൻ വണങ്ങുന്നു." *(രാഷ്ട്രീയ സംരക്ഷണവും ക്ലാസിക്കൽ ലിബറലിസവും- ബർണാർഡ് ഷാ)*

ജീവിതത്തിന്റെ അവസാനനാളുകളിൽ, ഗുരുതരരോഗബാധിതനായി കിടപ്പിലായ രവീന്ദ്രനാഥ ടാഗോർ പറഞ്ഞു – "റഷ്യ വിജയിച്ചാൽ ഞാൻ ഏറ്റവും സന്തോഷവാനായായിരിക്കും."“എല്ലാദിവസവും രാവിലെ, യുദ്ധത്തിന്റെ ദൈനംദിന വാർത്തകൾ അറിയാൻ അദ്ദേഹം കാത്തിരിക്കുമായിരുന്നു. റഷ്യയുടെ അവസ്ഥ മോശമായാൽ, അദ്ദേഹത്തിന്റെ മുഖം വിളറി, പത്രം വലിച്ചെറിയുമായിരുന്നു. ഓപ്പറേഷൻ ദിവസം, രാവിലെ ഓപ്പറേഷന് അര മണിക്കൂർ മുമ്പ്, ഞാൻ അദ്ദേഹവുമായി അവസാനമായി സംസാരിച്ചപ്പോൾ, അദ്ദേഹം ചോദിച്ചു – 'റഷ്യയുടെ വാർത്ത പറയൂ' അത് അൽപ്പം മെച്ചപ്പെട്ടതായി തോന്നുന്നു എന്നു ഞാൻ അദ്ദേഹത്തോടു പറഞ്ഞു, അവർക്കു ജർമ്മൻകാരെ അകറ്റിനിർത്താൻ കഴിഞ്ഞിരിക്കാം. അദ്ദേഹത്തിന്റെ മുഖം പ്രകാശിച്ചു, അദ്ദേഹം പറഞ്ഞു: 'അതു സംഭവിക്കുമെന്ന് ഉറപ്പായിരുന്നു, അവർക്കു മാത്രമേ അതു ചെയ്യാൻ കഴിയൂ, അവർ വിജയിക്കും'." *(കവികഥ—പ്രശാന്തചന്ദ്ര മഹലനോബിസ്, വിശ്വഭാരതി പത്രിക, ബംഗാളി വർഷം 1350)*

മഹാനായ മാനവവാദചലച്ചിത്രപ്രതിഭ ചാർളി ചാപ്ലിൻ രണ്ടാം ലോകയുദ്ധത്തിന്റെ സമയത്തു പറഞ്ഞു: "സഖാക്കളേ! ഞാൻ സഖാക്കളേ എന്നു തന്നെയാണു പറയുന്നത്. ഞാൻ ഒരു കമ്മ്യൂണിസ്റ്റല്ല, ഞാൻ ഒരു മനുഷ്യനാണ്, മനുഷ്യരുടെ പ്രതികരണങ്ങൾ എനിക്കറിയാമെന്ന് ഞാൻ കരുതുന്നു. കമ്മ്യൂണിസ്റ്റുകാർ മറ്റാരൊളിൽ നിന്നും വ്യത്യസ്തരല്ല; അവർക്ക് ഏതെങ്കിലും കൈയോ കാലോ നഷ്ടപ്പെട്ടാലും, അവർ നമ്മളെല്ലാവരും അനുഭവിക്കുന്നതുപോലെ കഷ്ടപ്പെടുകയും നമ്മളെല്ലാവരും മരിക്കുന്നതുപോലെ മരിക്കുകയും ചെയ്യും.ഒരു കമ്മ്യൂണിസ്റ്റ് അമ്മ മറ്റേതൊരു അമ്മയെയും പോലെയാണ്. തന്റെ മക്കൾ തിരിച്ചുവരില്ല എന്ന ദാരുണമായ വാർത്ത ലഭിക്കുമ്പോൾ, മറ്റ് അമ്മമാർ കരയുന്നതുപോലെ അവൾ കരയുന്നു. അത് അറിയാൻ ഞാൻ ഒരു കമ്മ്യൂണിസ്റ്റാകേണ്ടതില്ല. അത് അറിയാൻ ഞാൻ ഒരു മനുഷ്യനായിരുന്നാൽ മതി. ഈ നിമിഷം റഷ്യൻ അമ്മമാർ ധാരാളം കരയുന്നു, അവരുടെ മക്കളിൽ അനേകംപേർ മരിക്കുന്നു. റഷ്യയിലെ യുദ്ധക്കളങ്ങളിൽ, ജനാധിപത്യം ജീവിക്കും അല്ലെങ്കിൽ മരിക്കും..!"*(എന്റെ ആത്മകഥ)*

സ്റ്റാലിനുമായുള്ള സംഭാഷണത്തിൽ വളരെ മതിപ്പു തോന്നിയ, യുഎസ് അംബാസഡർ ജോസഫ് ഡേവിസ് തന്റെ മകൾക്ക് എഴുതിയ ഒരു കത്തിൽ ഇങ്ങനെ അഭിപ്രായപ്പെട്ടു, "പതറാത്തതും വിവേകമുള്ളതുമായ ശക്തമായ ഒരു മനസ്സിന്റെ ഒരു പ്രതീതി അദ്ദേഹം(സ്റ്റാലിൻ) നൽകുന്നു. തവിട്ടുനിറമുള്ള അദ്ദേഹത്തിന്റെ കണ്ണ് കരുണാർദ്രവും സൗമ്യവുമാണ്. അദ്ദേഹത്തിന്റെ മടിയിൽ ഇരിക്കാൻ കുട്ടികൾ ഇഷ്ടപ്പെടും... ഒരു കുസൃതിയുള്ള നർമ്മബോധമുണ്ട് അദ്ദേഹത്തിന്... അദ്ദേഹത്തിന് മഹത്വമേറിയ ഒരു മാനസികാവസ്ഥയുണ്ട്. അത് മൂർച്ചയുള്ളതും, കൗശലമുള്ളതും, എല്ലാറ്റിനുമുപരി വിവേകമുള്ളതുമാണ്...തീവ്ര സ്റ്റാലിനിസ്റ്റ് വിരുദ്ധർക്ക് സങ്കൽപ്പിക്കാൻ കഴിയുന്നതിനു നേർവിപരീതമായ ഒരു വ്യക്തിത്വത്തെ സങ്കൽപ്പിക്കാമെങ്കിൽ, ഈ മനുഷ്യനെ നിങ്ങൾക്കു സങ്കൽപ്പിക്കാൻ കഴിയും." *(മിഷൻ ടു മോസ്കോ)*

"മെയ് 9, ഫാസിസ്റ്റ് വിരുദ്ധ വിജയദിനത്തെ, ഉചിതമായ രീതിയിൽ ഓർക്കുക! സ്വാതന്ത്ര്യത്തെ സ്നേഹിക്കുന്ന ഏതൊരാളും റെഡ് ആർമിയോട് കടപ്പെട്ടിരിക്കുന്നു, അത് ഒരിക്കലും തിരിച്ചുകൊടുക്കാൻ കഴിയില്ല", പ്രശസ്ത അമേരിക്കൻ എഴുത്തുകാരനും പത്രപ്രവർത്തകനുമായ ഏണസ്റ്റ് ഹെമിംഗ്‌വേയുടെ ഈ വാക്കുകൾ, ഫാസി

(ശേഷം 15–ാം പേജിൽ)

# ചരിത്രപരമായി പരുവപ്പെടുത്തപ്പെട്ട പ്രതിവിപ്ളവത്തിന്റെ രൂപമാണ് ഫാസിസം

(14–ാം പേജിൽ നിന്ന്)

സത്തിനെതിരെ സ്റ്റാലിന്റെ നേതൃത്വത്തിലുള്ള സോവിയറ്റ് റെഡ് ആർമിയുടെ മഹത്തായ വിജയദിനത്തിന്റെ; 1945 മെയ് 9ന്റെ മുഴുവൻ പ്രാധാന്യവും ഉൾക്കൊള്ളുന്നു.

1945 ജൂൺ 22ന് മോസ്കോയിൽ സംഘടിപ്പിച്ച വിജയദിന പരേഡിൽ സ്റ്റാലിൻ സല്യൂട്ട് സ്വീകരിക്കുമെന്ന് എല്ലാവരും പ്രതീക്ഷിച്ചിരുന്നപ്പോൾ, പകരം ഷുക്കോവിനോട് അതുചെയ്യാൻ അദ്ദേഹം ആവശ്യപ്പെട്ടു. വിജയപരേഡിന്റെ തലേദിവസം സ്റ്റാലിനുമായി നടന്ന സംഭാഷണം ഷുക്കോവ് തന്റെ *റിമിനിസെൻസസ് ആൻഡ് റിഫ്ലക്ഷൻസ്* എന്ന പുസ്തകത്തിൽ വിവരിക്കുന്നു—"കുതിരസവാരി ചെയ്യാൻ ഞാൻ മറന്നോ എന്നദ്ദേഹം എന്നോടു ചോദിച്ചു. 'ഇല്ല, ഞാൻ മറന്നിട്ടില്ല', ഞാൻ മറുപടി നൽകി. 'ശരി', സ്റ്റാലിൻ പറഞ്ഞു, 'വിജയദിന പരേഡിൽ നിങ്ങൾ സല്യൂട്ട് സ്വീകരിക്കേണ്ടിവരും, റോക്കോസോവ്സ്കി കമാന്റ് ചെയ്യും'. ഞാൻ മറുപടി പറഞ്ഞു, 'മഹത്തായ ബഹുമതിക്ക് നന്ദി, പക്ഷേ താങ്കൾ സല്യൂട്ട് സ്വീകരിക്കുന്നതല്ലേ നല്ലതായിരിക്കുക? താങ്കൾ കമാൻഡർ-ഇൻ-ചീഫാണ്, അവകാശവും കടമയും അനുസരിച്ച് അങ്ങു സല്യൂട്ട് സ്വീകരിക്കണം'. സ്റ്റാലിൻ പറഞ്ഞു— 'പരേഡുകൾ പരിശോധിക്കാനുള്ള പ്രായമല്ല എനിക്ക്. താങ്കൾ അതു ചെയ്യൂ, താങ്കൾ ചെറുപ്പമാണ്'."

വിജയ പരേഡ് ദിനത്തിൽ, രാവിലെ 10 മണിക്ക്, സോവിയറ്റ് യൂണിയന്റെ മാർഷൽമാരായ ഷുക്കോവും കെ.റോക്കോസോവ്സ്കിയും ഒരു വെളുത്തതും കറുത്തതുമായ രണ്ടു കുതിരകളുടെ പുറത്ത് റെഡ് സ്ക്വയറിൽ പ്രത്യക്ഷപ്പെട്ടു. 'പരേഡ്, നിശ്ശബ്ദം!' എന്ന കമാൻഡിന് ശേഷം, സ്ക്വയർ കരഘോഷത്താൽ നിറഞ്ഞു.

ഹിറ്റ്ലറുടെ ഫാസിസ്റ്റ് അച്ചുതണ്ടുസഖ്യത്തിനെതിരെ, ഉന്നതനായ മാർക്സിസ്റ്റ് നേതാവും ആചാര്യനും മഹാനായ ലെനിന്റെ യോഗ്യനായ വിദ്യാർത്ഥിയുമായ മഹാനായ സ്റ്റാലിന്റെ നേതൃത്വത്തിൽ സോവിയറ്റ് റെഡ് ആർമി നേടിയ ചരിത്രവിജയത്തിന്റെ കഥയാണിത്.

## ഹിറ്റ്ലർ–മുസോളിനി പരാജയപ്പെട്ടു പക്ഷേ ഫാസിസം നിലനിൽക്കുന്നു

ഹിറ്റ്ലർ-മുസോളിനി-ടോജോ അച്ചുതണ്ട് പരാജയപ്പെട്ടു, അവരുടെ ഫാസിസ്റ്റ് യുദ്ധസന്നാഹങ്ങൾ തകർക്കപ്പെടുകയും ചെയ്തു, എന്നിട്ടും ഫാസിസം പരാജയപ്പെട്ടിട്ടില്ല. 1923 ജൂലൈയിൽ നടന്ന കമ്മ്യൂണിസ്റ്റ് ഇന്റർനാഷണലിന്റെ വിപുലീകരിച്ച എക്സിക്യൂട്ടീവ് കമ്മിറ്റി യോഗത്തിൽ ഇങ്ങനെ വിശദീകരിക്കപ്പെട്ടു "ബൂർഷ്വാഭരണകൂടത്തിന്റെ പഴയ അരാഷ്ട്രീയ ഉപകരണങ്ങളായി (non-political apparatus) കരുതപ്പെടുന്ന സംവിധാനങ്ങൾ ബൂർഷ്വാസിക്ക് പര്യാപ്തമായ സംരക്ഷണം നൽകുന്നില്ല എന്നതിനാൽ ഫാസിസമെന്നത് ബൂർഷ്വാഭരണകൂടത്തിന്റെ അപചയത്തിന്റെ ഒരു സവിശേഷപ്രതിഭാസമാണ്. തൊഴിലാളിവർഗ്ഗത്തിനെതിരെ അവർ പ്രത്യേക വർഗ്ഗസമരസൈന്യങ്ങളെ സൃഷ്ടിക്കാൻ ആരംഭിച്ചു. ഫാസിസമാണ് ഈ സേനയെ നൽകുന്നത്." *(ആർ.പി.ദത്ത് എഴുതിയ 'ദി ഇന്റർനാഷണലി'ൽ നിന്ന് ഉദ്ധരിച്ചത്.)* അതേ യോഗത്തെ അഭിസംബോധന ചെയ്തുകൊണ്ട്, ജർമ്മനിയിലെ പ്രശസ്ത കമ്മ്യൂണിസ്റ്റ് നേതാവ് ക്ലാര സെറ്റ്കിൻ പറഞ്ഞു, "...റഷ്യയിൽ ആരംഭിച്ച വിപ്ലവം മുന്നോട്ടുകൊണ്ടുപോകുന്നതിൽ പരാജയപ്പെട്ടതിന് പടിഞ്ഞാറൻ, മധ്യ യൂറോപ്പിലെ തൊഴിലാളിവർഗ്ഗത്തിനുള്ള ചരിത്രപരമായ ശിക്ഷയാണ് ഫാസിസം." *(മേൽ കൃതി)*

1928ൽ കോമിന്റേണിന്റെ ആറാം കോൺഗ്രസിൽ ബൾഗേറിയൻ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നേതാവായ ജോർജി ദിമിത്രോവ് ഫാസിസത്തെ വിശേഷിപ്പിച്ചത് ഇങ്ങനെയാണ്: "ധനമൂലധനത്തിന്റെ ശക്തി തന്നെയാണത്. തൊഴിലാളിവർഗ്ഗത്തിനും കർഷകരുടെയും ബുദ്ധിജീവികളുടെയും വിപ്ലവകരമായ വിഭാഗത്തിനും എതിരായ തീവ്രവാദപ്രതികാരത്തിന്റെ സംഘടനയാണിത്. വിദേശനയത്തിൽ, ഫാസിസം അതിന്റെ ഏറ്റവും ക്രൂരമായ രൂപത്തിലുള്ള, മൃഗീയവിദ്വേഷം വളർത്തുന്ന ദേശീയഭ്രാന്താണ്... ഓരോ രാജ്യത്തിന്റെയും, ചരിത്രപരവും സാമൂഹികവും സാമ്പത്തികവുമായ സാഹചര്യങ്ങളും, ദേശീയവും അന്തർദ്ദേശീയവുമായ സവിശേഷതകളും അനുസരിച്ച് വിവിധരാജ്യങ്ങളിൽ ഫാസിസത്തിന്റെയും ഫാസിസ്റ്റ് സ്വേച്ഛാധിപത്യത്തിന്റെതന്നെയും വളർച്ച ഭിന്നരൂപങ്ങൾ കൈക്കൊള്ളും... അന്താരാഷ്ട്രപ്രതിവിപ്ലവത്തിന്റെ കുന്തമുനയായി, സാമ്രാജ്യത്വയുദ്ധത്തിന്റെ പ്രധാന കാരണക്കാരായി, ലോകത്തിലെ മുഴുവൻ അധ്വാനിക്കുന്ന ജനങ്ങളുടെയും മഹത്തായ പിതൃഭൂമിയായ സോവിയറ്റ് യൂണിയനെതിരായകുരിശുയുദ്ധത്തിന്റെ തുടക്കക്കാരായി ജർമ്മൻ ഫാസിസം പ്രവർത്തിക്കുന്നു." *(ജോർജി ദിമിത്രോവ്, തിരഞ്ഞെടുത്ത കൃതികൾ, വാല്യം 2)* മഹാനായ സ്റ്റാലിൻ ഫാസിസത്തെ നിർവചിച്ചത്, "സാമ്രാജ്യത്വത്തിന്റെ യുദ്ധാനന്തര പ്രതിസന്ധിയുടെ സാഹചര്യങ്ങളിൽ... തൊഴിലാളിവർഗ്ഗവിപ്ലവത്തെ നേരിടാൻ ഉദ്ദേശിച്ചുള്ള ബൂർഷ്വാസിയുടെ പോരാട്ട സംഘടന" എന്നാണ്. *(അന്താരാഷ്ട്ര സാഹചര്യത്തെക്കുറിച്ച്, തിരഞ്ഞെടുത്ത കൃതികൾ, വാല്യം 6)*

എന്നാൽ, എസ്‌യുസിഐ(സി) സ്ഥാപകനും ഈ കാലഘട്ടത്തിലെ ഉന്നതനായ മാർക്സിസ്റ്റ് ചിന്തകനുമായ സഖാവ് ശിബ്ദാസ് ഘോഷ്, പിന്തിരിപ്പൻ ബൂർഷ്വാസിയുടെ പുതിയ വർഗ്ഗ ആക്രമണമായി ഫാസിസത്തെ തിരിച്ചറിയുന്ന ഈ വിശദീകരണങ്ങളെ മറികടന്ന് ഇങ്ങനെ വിശദീകരിച്ചു, "...ഒരു മുൻകൂർനീക്കത്തിലൂടെ വിപ്ലവത്തെ തടയാൻ മുതലാളിത്തം ശ്രമിക്കുന്ന, ചരിത്രപരമായി പരുവപ്പെടുത്തപ്പെട്ട പ്രതിവിപ്ലവത്തിന്റെ ഒരു രൂപമാണ് ഫാസിസം. നിലവിലുള്ള വ്യവസ്ഥയ്ക്കെതിരായ ജനങ്ങളുടെ അസംതൃപ്തിയുടെ ഘട്ടത്തിൽ പ്രതിസന്ധി നിറഞ്ഞ, അരാജകത്വത്താൽ മുഖം നഷ്ടപ്പെട്ട മുതലാളിത്തക്രമത്തെ തകർച്ചയിൽനിന്ന് രക്ഷിക്കുന്നതിനാണിതു രൂപകൽപ്പന ചെയ്തിരിക്കുന്നത്." *(കാലഘട്ടത്തിന്റെ ആഹ്വാനം, തിരഞ്ഞെടുത്ത കൃതികൾ വാല്യം II)* അതിന്റെ ലക്ഷ്യം "ജനങ്ങളുടെ മാനസികപ്രക്രിയയെ ശാസ്ത്രീയമായ കാര്യകാരണബന്ധത്തിന്റെ പാതയിൽനിന്ന് അന്ധവിശ്വാസത്തിന്റെയും മുൻവിധിയുടെയും വിജ്ഞാനവിരുദ്ധതയുടെയും നിഗൂഢവഴിയിലേക്ക് മാറ്റുക, അന്തിമമായി സാമൂഹികപ്രവർത്തനത്തോടുള്ള വെറുപ്പ് സൃഷ്ടിക്കുക..."എന്നതാണ്. *(സോഷ്യലിസ്റ്റ് യൂണിറ്റി വാല്യം 1(പുതിയ പരമ്പര) ജൂലൈ 1, 1962)*

തുടർന്നദ്ദേഹം ഫാസിസത്തിന്റെ സവിശേഷതകൾ വിശകലനം ചെയ്യുന്നു, "...പ്രധാനമായും സാമ്പത്തികകേന്ദ്രീകരണം, ഭരണകൂടത്തിൽ രാഷ്ട്രീയാധികാരത്തിന്റെ പരമാവധി കേന്ദ്രീകരണം, ഭരണത്തിൽ കാർക്കശ്യം – ഇതെല്ലാം കൂടുതൽ കൂടുതൽ കുത്തകകളുടെ താൽപ്പര്യത്തെ ഭരണകൂടത്തിന്റെ താല്പര്യവുമായി താദാത്മ്യപ്പെടുത്തുന്നതിലേക്കും രാഷ്ട്രീയ – സാംസ്കാരിക ചിട്ടപ്പെടുത്തലിലേക്കും നയിക്കുന്നു." *(കാലഘട്ടത്തിന്റെ ആഹ്വാനം, തിരഞ്ഞെടുത്ത കൃതികൾ വാല്യം II)* സാംസ്കാരികമായി ഫാസിസം "ആത്മീയത, വിജ്ഞാനവിരുദ്ധത, യുക്തിരഹിതമായ മനോഭാവം എന്നിവയും ശാസ്ത്രത്തിന്റെ സാങ്കേതികവശങ്ങളുമായുള്ള ഒരു സവിശേഷ ലയനമാണ്'" എന്ന് അദ്ദേഹം വിശദീകരിച്ചു.*(സോഷ്യലിസ്റ്റ് ഐക്യം വാല്യം 1, നമ്പർ 9, സെപ്റ്റംബർ 1, 1951)*

## ഫാസിസ്റ്റ്‌വിരുദ്ധ പോരാട്ടത്തിന്റെ കടമകൾ

എല്ലാ സാമ്രാജ്യത്വ-മുതലാളിത്ത രാജ്യങ്ങളുടെയും ഒരു പൊതുസവിശേഷതയായി ഫാസിസം മാറിയിരിക്കുന്നുവെന്നു ചൂണ്ടിക്കാട്ടി, അദ്ദേഹം വിശദീകരിച്ചു, "...ഫാസിസം ഒരു വാർപ്പുമാതൃകയും അവതരിപ്പിക്കുന്നില്ല. വ്യത്യസ്തരാജ്യങ്ങളിൽ പ്രാദേശികസാഹചര്യങ്ങളോടുചേരുന്ന രീതിയിൽ വ്യത്യസ്ത രൂപങ്ങൾ അതു സ്വീകരിച്ചിട്ടുണ്ട്. ചിലയിടത്തത് വ്യക്തിഗതസ്വേച്ഛാധിപത്യത്തിന്റെ രൂപം സ്വീകരിച്ചിട്ടുണ്ട്, ചിലയിടത്തത് ഒരു സൈനികഭരണകൂടത്തിന്റെ സ്വേച്ഛാധിപത്യഭരണരൂപം സ്വീകരിച്ചിട്ടുണ്ട്, എന്നാൽ മറ്റു ചില രാജ്യങ്ങളിൽ പാർലമെന്റിനെസജീവമായി നിലനിർത്തിക്കൊണ്ട് അത് ജനാധിപത്യവേഷം ധരിച്ചിട്ടുമുണ്ട്..." *(കാലഘട്ടത്തിന്റെ ആഹ്വാനം, തിരഞ്ഞെടുത്ത കൃതികൾ, വാല്യം II)*

**ജപ്പാനെതിരെ പ്രത്യാക്രമണം നടത്താനും ബെർലിൻ പിടിച്ചെടുക്കാനും റെഡ് ആർമി ഒരുങ്ങുമ്പോഴാണ്, ഫാസിസ്റ്റ് അച്ചുതണ്ടുശക്തികളെ പരാജയപ്പെടുത്തിയതിന്റെ ഖ്യാതി കരസ്ഥമാക്കാൻ അമേരിക്ക 1945 ആഗസ്റ്റ് 6, 9 തീയതികളിൽ ഹിരോഷിമയിലും നാഗസാക്കിയിലും ആറ്റംബോംബിട്ട് രണ്ടുലക്ഷത്തിലധികം നിരപരാധികളായ ജപ്പാൻ പൗരന്മാരെ കൊന്നൊടുക്കിയത്.**

വ്യക്തമായ ഈ വിശദീകരണത്തോടെ, ലോകമെമ്പാടുമുള്ള കമ്മ്യൂണിസ്റ്റുകൾക്ക് ഫാസിസത്തെക്കുറിച്ച് ശരിയായ ധാരണ ലഭിക്കുന്നു. ഇന്നു ലോകത്തിലെ നിരവധി യുദ്ധങ്ങൾ സ്ഥിരീകരിക്കുന്ന, "സാമ്രാജ്യത്വം യുദ്ധത്തിന് കാരണമാകുന്നു" എന്ന മഹാനായ ലെനിന്റെ പാഠംപോലെ, സഖാവ് ശിബ്ദാസ് ഘോഷ് നിരീക്ഷിച്ചത് ഇങ്ങനെയാണ്: "ഒരുവശത്ത് ദേശീയഭ്രാന്തിന്റെ വിഷം ഉപയോഗിച്ച് മനുഷ്യരെ ഉന്മത്തരാക്കുക, മറുവശത്ത് സോഷ്യലിസം, വിപ്ലവം, പുരോഗതി എന്നിവയെക്കുറിച്ചുള്ള അവ്യക്തമായ മുദ്രാവാക്യങ്ങൾ ഉയർത്തുമ്പോൾത്തന്നെ കാലഹരണപ്പെട്ട പാരമ്പര്യവാദത്തെ വളർത്തുക – ഇവ മൂന്നും സംയോജിപ്പിക്കാൻ കഴിയുമെങ്കിൽ, യുക്തിയുടെയും ന്യായത്തിന്റെയും അടിസ്ഥാനത്തിൽ പരസ്പരചർച്ചകൾ നടത്താനുള്ള മനോഭാവം സമൂഹത്തിൽ ഇല്ലാതാകുമ്പോൾ ഒരു രാജ്യത്ത് ഫാസിസത്തിന്റെ ഉയർച്ചയ്ക്ക് അടിസ്ഥാനം ഒരുങ്ങും... ഫാസിസം ഉയർന്നുവരാനുള്ള സുവർണ്ണാവസരം ഇതുനൽകും... ഫാസിസം വേരൂന്നിയാൽ, മനുഷ്യൻ എന്ന് വിളിക്കപ്പെടാൻ യോഗ്യരായ വളരെക്കുറച്ചുപേർ മാത്രമേ രാജ്യത്ത് അവശേഷിക്കൂ. കാരണം മനുഷ്യനെ രൂപപ്പെടുത്തുന്ന പ്രക്രിയയിൽ ഫാസിസം തടസ്സം സൃഷ്ടിക്കുന്നു." *(ഫാസിസവും ഇടതുജനാധിപത്യപ്രസ്ഥാനത്തിലെ ധാർമ്മിക നൈതിക പ്രതിസന്ധിയും, തിരഞ്ഞെടുത്ത കൃതികൾ, വാല്യം IV)*

1956ൽ സിപിഎസ്‌യുവിന്റെ 20-ാം കോൺഗ്രസിൽ, സ്റ്റാലിനോടുള്ള വ്യക്തിപൂജയ്ക്കെതിരെ പോരാടുന്നതിന്റെ പേരിൽ ക്രൂഷ്ചേവും സഹയാത്രികരും അദ്ദേഹത്തെ അപകീർത്തിപ്പെടുത്താൻ തുടങ്ങിയപ്പോൾ, അവർക്കെതിരെ ആദ്യം ശബ്ദമുയർത്തിയത് സഖാവ് ശിബ്ദാസ് ഘോഷായിരുന്നു. പിന്നീട്, 22-ാം കോൺഗ്രസിൽ നടത്തിയ ഡീ-സ്റ്റാലിനൈസേഷൻ നീക്കത്തിന്റെ പശ്ചാത്തലത്തിൽ ഈ പ്രതിഭാസത്തെ വിശദമായി വിശകലനം ചെയ്തുകൊണ്ട് അദ്ദേഹം ഇങ്ങനെ പറഞ്ഞു: "...അദ്ദേഹത്തിന്റെ മുൻഗാമികളായ മാർക്സ്, ഏംഗൽസ്, ലെനിൻ എന്നിവരെപ്പോലെ, സ്റ്റാലിനും മാർക്സിസം-ലെനിനിസത്തിന്റെ ഒരു ആചാര്യനാണ്. സ്റ്റാലിനെ നിഷേധിക്കുക എന്നതിന്, അദ്ദേഹത്തിന്റെ ആധികാരികതയെയും തൽഫലമായി, മാർക്സിസം – ലെനിനിസത്തെക്കുറിച്ചുള്ള ഇന്നത്തെ ധാരണയായ ലെനിനിസത്തെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ വ്യാഖ്യാനത്തെയും നിരസിക്കുക എന്ന അനിവാര്യഫലമായിരിക്കും ഉണ്ടാകുക. മാർക്സിസം-ലെനിനിസത്തിന്റെ വിപ്ലവാത്മകമായ ചൈതന്യത്തെ സംരക്ഷിക്കാൻ ട്രോട്സ്കി-ബുഖാറിൻ സംഘങ്ങൾക്കെതിരെ സ്റ്റാലിൻ നടത്തിയ നിരന്തര പോരാട്ടത്തിന്റെ അധ്യായം ഭാവി തലമുറകൾക്കു മുന്നിൽ ഇരുളിലാണ്ടുപോകും, പ്രത്യയശാസ്ത്രപരമായി ഉരുക്കുപോലെ ഉറച്ചതാകാനുള്ള അവസരം അവർക്കു നിഷേധിക്കപ്പെടും. മാർക്സിസം-ലെനിനിസത്തിന്റെ സ്ഥാനത്തേക്ക് എല്ലാത്തരം പ്രതിവിപ്ലവ ആശയങ്ങളെയും കടത്തിവിടാനുള്ള ക്ഷണമായതു മാറുകയും കമ്മ്യൂണിസ്റ്റ്പ്രസ്ഥാനത്തിന്റെ പ്രത്യയശാസ്ത്ര അടിത്തറ തിരിച്ചടി നേരിടുകയും ചെയ്യും. ചുരുക്കത്തിൽ, അത് ലെനിനെത്തന്നെ ഫലത്തിൽ നിരാകരിക്കും."*(തിരഞ്ഞെടുത്ത കൃതികൾ, വാല്യം 1)*

അതിനാൽ, ഹിറ്റ്ലറുടെ ഫാസിസത്തിനെതിരെയുള്ള വിജയത്തിന്റെ 80-ാം വാർഷികം ആചരിക്കുമ്പോൾ, ചരിത്രത്തെക്കുറിച്ച് നമുക്ക് അറിവ് ലഭിക്കേണ്ടതുണ്ട്. മാർക്സിസ്റ്റ് ആചാര്യന്മാരുടെ മുകളിൽപ്പറഞ്ഞ വിലമതിക്കാനാവാത്ത പാഠങ്ങൾ ഉൾക്കൊള്ളുകയും സാമ്രാജ്യത്വ-മുതലാളിത്തത്തെ അട്ടിമറിക്കാനും ഫാസിസത്തെ പരാജയപ്പെടുത്താനും സോഷ്യലിസത്തിലേക്കു വഴിയൊരുക്കാനും ശരിയായ വിപ്ലവനേതൃത്വത്തിനു കീഴിൽ വർഗ്ഗ-ബഹുജന പോരാട്ടങ്ങൾ തീവ്രമാക്കുകയും ചെയ്യേണ്ടതുണ്ട്. ■

UNITY Malayalam Monthly
2025 June
Price: Rs. 10.00

# തോട്ടപ്പള്ളിയിലെ കരിമണൽ ഖനനവിരുദ്ധ സമരം നാലുവർഷം പിന്നിടുന്നു

**ക**രിമണൽ ഖനനത്തിനെതിരെ തോട്ടപ്പള്ളിയിൽ കരിമണൽ ഖനനവിരുദ്ധ ഏകോപന സമിതി നടത്തി വരുന്ന അനിശ്ചിതകാല റിലേ സത്യാഗ്രഹത്തിന്റെ നാലാം വാർഷിക സമ്മേളനം വി.എം.സുധീരൻ ഉദ്ഘാടനം ചെയ്തു. സ്വകാര്യ കമ്പനികളുടെ കരിമണൽ കൊള്ളയ്ക്ക് ഇടതെന്ന് അവകാശപ്പെടുന്ന പിണറായി സർക്കാർ ഒത്താശ ചെയ്യുകയാണ്. ഖനനംമൂലം ഓരുവെള്ളം കയറി കുട്ടനാട്ടിലെ കൃഷി നശിക്കുന്നു. അതോടൊപ്പം തീരം തകർത്ത് തീരവാസികളെ ദുരിതത്തിലാക്കുകയും ചെയ്യുന്നു. ഇതിനെതിരെ അതിശക്തമായ ജനകീയ മുന്നേറ്റം ഉണ്ടാകേണ്ടതുണ്ട്.



തോട്ടപ്പള്ളിയിൽ കരിമണൽ ഖനനവിരുദ്ധ ഏകോപന സമിതി നടത്തി വരുന്ന അനിശ്ചിതകാല റിലേ സത്യാഗ്രഹത്തിന്റെ നാലാം വാർഷിക സമ്മേളനം വി.എം.സുധീരൻ ഉദ്ഘാടനം ചെയ്യുന്നു.

കരിമണൽ ഖനനവിരുദ്ധ ഏകോപന സമിതി ചെയർമാൻ എസ്.സുരേഷ്കുമാർ അദ്ധ്യക്ഷത വഹിച്ചു. എസ്‌യുസിഐ(സി) ജില്ലാ സെക്രട്ടറി എസ്.സീതിലാൽ, വെൽഫെയർ പാർട്ടി ജില്ലാ സെക്രട്ടറി എം.എച്ച്.ഉവൈസ്, കോൺഗ്രസ് അമ്പലപ്പുഴ മണ്ഡലം സെക്രട്ടറി അഡ്വ.ബി.സനൽകുമാർ, നാഷണൽ ജനതാദൾ നേതാവ് മേടയിൽ അനിൽകുമാർ, ബി.ഭദ്രൻ, നാസർ ആറാട്ടുപുഴ, ആലപ്പാട് സമരസമിതി നേതാവ് കെ.സി.ശ്രീകുമാർ, ഹരിപ്പാട് ബ്ലോക്ക് പഞ്ചായത്ത് അംഗം സുധിലാൽ തൃക്കുന്നപ്പുഴ, കെ.ജെ.ഷീല, ആലപ്പുഴ ജില്ലാ പഞ്ചായത്ത് മുൻ അംഗം എ.ആർ.കണ്ണൻ, പുറക്കാട് പഞ്ചായത്ത് മുൻ പ്രസിഡന്റ് എം.എച്ച്.വിജയൻ, കരിമണൽ ഖനന വിരുദ്ധ ഏകോപന സമിതി ജനറൽ കൺവീനർ ആർ.അർജ്ജുനൻ തുടങ്ങിയവർ പ്രസംഗിച്ചു.

രാവിലെ നടന്ന ശാസ്ത്രസെമിനാർ പ്രമുഖ പരിസ്ഥിതി പ്രവർത്തകൻ ശ്രീധർ രാധാകൃഷ്ണൻ ഉദ്ഘാടനം ചെയ്തു. കൂടംകുളം സമരനേതാവ് എസ്.പി.ഉദയകുമാർ, ഡോ.സി.ജയരാമൻ, സി.ആർ.നീലകണ്ഠൻ, പ്രകൃതി വാണി തുടങ്ങിയവർ സെമിനാറിൽ വിഷയങ്ങൾ അവതരിപ്പിച്ചു.

കേരളത്തിലെ ജനകീയ സമരങ്ങൾക്ക് ഒരു പൊതുവേദി സൃഷ്ടിക്കുക എന്ന കാഴ്ചപ്പാടോടെ നടന്ന ചർച്ചയിൽ നെൽകർഷക സംരക്ഷണ സമിതി, കേരള ആശാ ഹെൽത്ത് വർക്കേഴ്സ് അസോസിയേഷൻ, കെ റെയിൽ സിൽവർലൈൻ വിരുദ്ധ ജനകീയ സമിതി, കരിമണൽ ഖനനവിരുദ്ധ സമരസമിതി എന്നിവയുടെ നേതാക്കളായ സോണിച്ചൻ പുളിങ്കുന്ന്, ടി.ആർ.രാജിമോൾ, തത്ത ഗോപിനാഥ്, ബി.ഭദ്രൻ എന്നിവർ പങ്കെടുത്തു. ഏകതാ പരിഷത്ത് കോർഡിനേറ്റർ ആർ.അജിത് ചർച്ചയ്ക്ക് നേതൃത്വം നല്കി. ■



കരിമണൽ ഖനനവിരുദ്ധ റിലേ സത്യാഗ്രഹത്തിന്റെ നാലാം വാർഷികത്തിന്റെ ഭാഗമായി നടന്ന ശാസ്ത്രസെമിനാർ പ്രമുഖ പരിസ്ഥിതി പ്രവർത്തകൻ ശ്രീധർ രാധാകൃഷ്ണൻ ഉദ്ഘാടനം ചെയ്യുന്നു.

# ഇന്ത്യയും പാക്കിസ്ഥാനും തമ്മിലുള്ള വെടിനിർത്തൽ കരാറിനെക്കുറിച്ച്

മെയ് 10ന് എസ്‌യുസിഐ(സി) ജനറൽ സെക്രട്ടറി പ്രൊവാഷ് ഘോഷ് പുറപ്പെടുവിച്ച പ്രസ്താവന

**ഇ**ന്ത്യയും പാക്കിസ്ഥാനും തമ്മിലുള്ള വെടിനിർത്തൽ സംബന്ധിച്ച വാർത്ത ഇരു രാജ്യങ്ങളിലെയും സാധാരണക്കാർക്ക് ആശ്വാസം പകർന്നിരിക്കുന്നു. എന്നാൽ പ്രധാനപ്പെട്ട ചോദ്യം, പരസ്പരം ചർച്ചയിലൂടെ പ്രശ്നം തീർപ്പാക്കുന്നതിനു പകരം, ആയിരക്കണക്കിനു ജനങ്ങളെ കൊന്നൊടുക്കിക്കൊണ്ട് പലസ്തീനെ തകർത്തുകൊണ്ടിരിക്കുന്ന സയണിസ്റ്റ് ഇസ്രയേലിനെ പിന്തുണയ്ക്കുന്ന യുദ്ധവെറിയൻ അമേരിക്കൻ സാമ്രാജ്യത്വത്തെ ഈ സംഘർഷത്തിൽ സമാധാനപാലകരായി അവതരിക്കാൻ ഇടനൽകിയത് എന്തിനെന്നാണ്.

ഈ യുദ്ധം സ്വത്തുനാശത്തിനു മാത്രമല്ല കുട്ടികളടക്കമുള്ള നിഷ്കളങ്കരായ ജനങ്ങളുടെ ജീവനാശത്തിനും ഇടയാക്കിയിരിക്കുന്നു. എന്നാൽ കാശ്മീരിലെ പഹൽഗാമിൽ ടൂറിസ്റ്റുകളെ കൂട്ടക്കുരുതി നടത്തിയവർ ഇപ്പോഴും പിടിക്കപ്പെടാതെയും ശിക്ഷിക്കപ്പെടാതെയും രക്ഷപ്പെട്ടിരിക്കുന്നു.

മുമ്പുനടന്ന സായുധ ഓപ്പറേഷനുകൾകൊണ്ട് ഭീകരപ്രവർത്തനത്തെ ഇല്ലാതാക്കാൻ കഴിഞ്ഞിട്ടില്ല. ഈ ഒടുവിലത്തെ സൈനികനീക്കംകൊണ്ടും ഭീകരപ്രവർത്തനം അവസാനിക്കുമെന്ന് യാതൊരുറപ്പുമില്ലെന്നും നമുക്കറിയാം. രണ്ടു രാജ്യങ്ങളിലെയും നിക്ഷിപ്തതാല്പര്യമുള്ള ഭരണവർഗ്ഗത്തിന് സംഘർഷവും യുദ്ധഭീതിയും നിലനില്ക്കണമെന്ന ആഗ്രഹമാണുള്ളത്. എന്നാൽ അതിന്റെ ഫലമനുഭവിക്കുന്ന സാധാരണ ജനങ്ങൾ അങ്ങനെയല്ല കരുതുന്നത്. ഭീകരവാദത്തിനും യുദ്ധ സന്നാഹങ്ങൾക്കുമെതിരെ രണ്ടു രാജ്യത്തെയും സാധാരണ ജനങ്ങൾ പ്രക്ഷോഭരംഗത്തിറങ്ങണമെന്ന് ഞങ്ങൾ ആഹ്വാനം ചെയ്യുന്നു. ■

# സിപിഐ(മാവോയിസ്റ്റ്) ജനറൽ സെക്രട്ടറിയെയും 26 ആദിവാസികളെയും കൊലപ്പെടുത്തിയതിനെ എസ്‌യുസിഐ(സി) ശക്തമായി അപലപിക്കുന്നു

മെയ് 22ന് എസ്‌യുസിഐ(സി) ജനറൽ സെക്രട്ടറി പ്രൊവാഷ് ഘോഷ് പുറപ്പെടുവിച്ച പ്രസ്താവന

**ഛ**ത്തീസ്ഗഡിൽ 'ഏറ്റുമുട്ടൽ' എന്ന പേരിൽ സിപിഐ(മാവോയിസ്റ്റ്) ജനറൽ സെക്രട്ടറിയെയും 26 ആദിവാസികളെയും നിയമവ്യവസ്ഥയ്ക്കു പുറത്ത് ക്രൂരമായി കൊലപ്പെടുത്തിയതിനെ ഞങ്ങൾ ശക്തമായി അപലപിക്കുന്നു.

സിപിഐ(മാവോയിസ്റ്റ്)ന്റെ രാഷ്ട്രീയവുമായി ഞങ്ങൾക്കു വിയോജിപ്പുകളുണ്ടെങ്കിലും ജനാധിപത്യ മനസ്സുള്ള ഒരാൾക്കും സ്വീകരിക്കാൻ കഴിയാത്ത ഈ ഭീകരഹത്യ അപലപനീയമാണ്. പുരോഗമന വിശ്വാസികളായ എല്ലാവരും ഈ ബീഭത്സസംഭവത്തിനെതിരെ ശബ്ദമുയർത്തണമെന്നും സത്യം പുറത്തു കൊണ്ടുവരാൻ നിഷ്പക്ഷമായ ഒരു ജുഡീഷ്യൽ അന്വേഷണം നടത്തണമെന്ന് ആവശ്യപ്പെടുകയും ചെയ്യുന്നു. ■

# എഐഡിഎസ്ഒ ദ്വിദിന പഠനക്യാമ്പ്

**ആ**ൾ ഇന്ത്യ ഡെമോക്രാറ്റിക് സ്റ്റുഡന്റ്സ് ഓർഗനൈസേഷൻ സംസ്ഥാന കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ രണ്ട് ദിവസത്തെ പഠന ക്യാമ്പ് ആലപ്പുഴ മുട്ടം നേതാജി സാമൂഹിക-സാസ്കാരിക പഠന കേന്ദ്രത്തിൽ വെച്ച് മെയ് 23,24 തീയതികളിൽ സംഘടിപ്പിച്ചു. എഐഡിഎസ്ഒ അഖിലേന്ത്യ പ്രസിഡന്റ് സൗരവ് ഘോഷ് ക്യാമ്പ് ഉദ്ഘാടനം ചെയ്തു. ദേശീയ ജനറൽ സെക്രട്ടറി ശിബാശിഷ് പ്രഹരാജ് മുഖ്യ പ്രഭാഷണം നടത്തി.



എഐഡിഎസ്ഒ സംഘടിപ്പിച്ച ദ്വിദിന പഠനക്യാമ്പിൽ ദേശീയ ജനറൽ സെക്രട്ടറി ശിബാശിഷ് പ്രഹരാജ് മുഖ്യപ്രഭാഷണം നടത്തുന്നു

എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) സംസ്ഥാന സെക്രട്ടറി ജയ്സൺ ജോസഫ് സമാപന സമ്മേളനം ഉദ്ഘാടനം ചെയ്തു. വിദ്യാഭ്യാസ മേഖലയും വിദ്യാർത്ഥിസമൂഹവും നേരിടുന്ന വെല്ലുവിളികൾക്ക് പരിഹാരം കാണുവാൻ സംഘാടകർ പ്രതിജ്ഞാബദ്ധരായി മുന്നോട്ടുവരണമെന്ന് അദ്ദേഹം അഭ്യർത്ഥിച്ചു.

'നമ്മുടെ വിദ്യാഭ്യാസ-സാംസ്കാരിക പ്രശ്നങ്ങളോടുള്ള ശാസ്ത്രീയസമീപനം' എന്ന സഖാവ് ശിബ്ദാസ് ഘോഷിന്റെ കൃതി, 'വിദ്യാർത്ഥി മുന്നേറ്റത്തിന്റെയും സംഘടനയുടെയും ചില വശങ്ങൾ' എന്ന സഖാവ് നിഹാർ മുഖർജിയുടെ കൃതി, 'വിദ്യാർത്ഥികൾ രാഷ്ട്രീയത്തിൽ ഇടപെടേണ്ടത് എന്തുകൊണ്ട്?' എന്ന സഖാവ് പ്രൊവാഷ് ഘോഷിന്റെ കൃതി എന്നിവ പഠനവിധേയമാക്കി. അഖിലേന്ത്യ വൈസ് പ്രസിഡന്റ് കെ.എസ്.അശ്വിനി, സംസ്ഥാന പ്രസിഡന്റ് എസ്.അലീന, സെക്രട്ടറി ആർ.അപർണ, വൈസ് പ്രസിഡന്റുമാരായ അകിൽ മുരളി, കെ.റഹീം, സംസ്ഥാന സെക്രട്ടേറിയറ്റ് അംഗങ്ങളായ സഖാക്കൾ ഗോവിന്ദ് ശശി, അജിത് മാത്യു, ആർ.ജതിൻ, ആർ.ശ്രുതി, ബി.എസ്.എമിൽ, വി.പി.വിദ്യ, ആർ.അജിത് തുടങ്ങിയവർ വിവിധ സെഷനുകളിൽ ചർച്ചകൾ നയിച്ചു. ■

# എഐഡിഎസ്ഒ പുതുച്ചേരി വിദ്യാർത്ഥി സമ്മേളനം

**ആ**ൾ ഇന്ത്യ ഡെമോക്രാറ്റിക് സ്റ്റുഡന്റ്സ് ഓർഗനൈസേഷൻ പുതുച്ചേരി കേന്ദ്രഭരണ പ്രദേശത്തെ ആദ്യ വിദ്യാർത്ഥി സമ്മേളനം പോണ്ടിച്ചേരിയിലെ വെങ്കടനഗറിൽ നടന്നു. എഐഡിഎസ്ഒ ദേശീയ പ്രസിഡന്റ് സൗരവ് ഘോഷ് സമ്മേളനം ഉദ്ഘാടനം ചെയ്തു. ജനറൽ സെക്രട്ടറി ശിബാശിഷ് പ്രഹരാജ് മുഖ്യപ്രഭാഷകനായിരുന്നു. ഭരണാധികാരികളുടെ വിദ്യാഭ്യാസ വിരുദ്ധ, വിദ്യാർത്ഥി വിരുദ്ധ നയങ്ങളിൽ നിന്ന് വിദ്യാഭ്യാസം, സംസ്കാരം, മാനവികത എന്നിവയെ രക്ഷിക്കാൻ പ്രതിഷേധത്തിന്റെ പാതയിൽ ഒന്നിക്കാൻ സമ്മേളനം വിദ്യാർത്ഥികളോട് ആഹ്വാനം ചെയ്തു.

എസ്.സാരഥി പ്രസിഡന്റായും എസ്.ആർ.രണദിവെ സെക്രട്ടറിയായും 21 അംഗ സംസ്ഥാന എക്സിക്യൂട്ടീവ് കമ്മിറ്റിയെയും 40 അംഗ സംസ്ഥാന കൗൺസിലിനെയും തിരഞ്ഞെടുത്തു. ■



എഐഡിഎസ്ഒ ദേശീയ ജോയിന്റ് സെക്രട്ടറി ആർ.അപർണ പുതുച്ചേരി വിദ്യാർത്ഥി സമ്മേളനത്തിൽ പ്രസംഗിക്കുന്നു.

Volume: 52 No:2 | Printed and published by Jaison Joseph on behalf of State Organising Committee, Socialist Unity Centre of India (Communist) and printed at Cochin Print Tech Pvt. Ltd., Udyogamandal, Eloor, Cochin-683501, and published at Trivandrum, TC 12/1242, Law College Jn, Kunnukuzhi, Vanchiyoor P.O, Thiruvananthapuram Dist, Kerala, Pin: 695035, Phone: 0471-3557684. Editor: Jaison Joseph.